● വാർഷിക വരിസംഖ്യ: ₹80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2021 ● മാർച്ച് - ഏപ്രിൽ ● പുസ്തകം: 04 ● ലക്കം: 02 ● RNI Regn No: KERMAL/2017/73545 ● Registered No: KL/CT/230/2019-2021






എഡിറ്റോറിയൽ
● പുസ്തകം: 4 ● ലക്കം: 2

# കുതിക്കുന്ന വില കിതക്കുന്ന ജനം

സ്വസ്ഥമായ ജീവിത ചുറ്റുപാടുകൾ സ്വപ്നം കാണുന്നത് പോലും അത്യാഗ്രഹമായി മാറിയിരിക്കുന്നു എന്ന അവസ്ഥയിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. പൊതുനന്മ ലക്ഷ്യമാക്കി സദ്ഭരണം ആഗ്രഹിച്ചു രാജ്യം ഭരണത്തിലേറ്റിയവർ പൊതുനന്മക്കായി പരിശ്രമിക്കുമ്പോൾ ജനനന്മയും ജനഹിതവും അവഗണിക്കപ്പെടുന്നുവോ? ഇന്ന് സംഭവിക്കുന്നതൊക്ക മുൻ ഭരണസംവിധാനങ്ങളുടെ പിഴവാണെന്നു പറഞ്ഞു രക്ഷപെടാൻ ശ്രമിക്കുമ്പോൾ എന്നെങ്കിലും സംഭവിച്ച പിഴവുകളെ തിരുത്താൻ ഇന്നത്തെ സംവിധാനങ്ങൾക്ക് കടമയില്ല എന്ന് പ്രഖ്യാപിക്കുകയാണോ?

മുമ്പെങ്ങും ഇല്ലാത്ത വിധം ഇന്ധന വില അനുദിനം വർധിച്ചു കൊണ്ടിരിക്കുകയാണ്. 2010-ലെ വിലയുടെ ഇരട്ടിയിലേക്ക് പെട്രോൾ-ഡീസൽ-പാചകവാതക വില കുതിക്കുകയാണ്. രാജ്യത്തെ കാർഷികമേഖലയെയും വ്യവസായ സംരംഭങ്ങളെയും എല്ലാ വിഭാഗം ജനത്തെയും ബാധിക്കുകയാണ് ഇന്ധന വിലവർധന. എന്ത് കൊണ്ട് ഇങ്ങനെ വില വർദ്ധിക്കുന്നു എന്നതിന് അന്താരാഷ്ട്ര മാർക്കറ്റിലെ ക്രൂഡ് ഓയിൽ വിലവർധനവും ഇന്ത്യൻ കറൻസിയുടെ മൂല്യ ശോഷണവും മുൻ സർക്കാരുകളുടെ തെറ്റായ നടപടികളും എന്നൊക്കെ ന്യായീകരണങ്ങൾ പറയാൻ ഉണ്ടായേക്കാം. എന്നാൽ പൊതുജനം ഇതിലൊന്നും തൃപ്തരല്ല.

രാജ്യത്തെ ഉപഭോഗത്തിന്റെ 80% ഇന്ധനവും ഇറക്കുമതി ചെയ്യുന്ന, ഓയിൽ ഇറക്കുമതിയിൽ ലോകത്തിലെ മൂന്നാം സ്ഥാനക്കാരായ, ഇന്ധന നികുതിയിൽ ലോകത്ത് ഒന്നാം സ്ഥാനത്തു നിൽക്കുന്ന രാജ്യമാണ് നമ്മുടേത്. രാജ്യത്തിന്റെ നികുതി വരുമാനത്തിന്റെ നല്ലൊരു പങ്കും ഇന്ധന വിൽപനയിലൂടെയാണ് കണ്ടെത്തുന്നത് എന്നത് പകൽ വെളിച്ചം പോലെ തെളിമയാർന്ന സത്യമാണ്. എന്ന് കരുതി ഓരോ ദിനവും അനിയന്ത്രിതമായി വില വർധിക്കുന്ന രീതിക്ക് മാറ്റം വരേണ്ടതല്ലേ? ഈ വർധനവിനെ നിയന്ത്രിക്കാൻ ആയില്ലെങ്കിൽ അനുബന്ധമായി സംഭവിക്കാൻ പോകുന്ന വിലവർധനവുകൾ സാധാരണക്കാരുടെ ജീവിതം ദുരിതമയമാക്കും എന്നതിൽ സംശയമില്ല. കുതിക്കുന്ന ഇന്ധനവിലയിൽ കിതക്കുന്ന ജനത്തിന്റെ കണ്ണീരു കാണാതെ പോകരുത് ഇവിടുത്തെ ഭരണകൂടങ്ങൾ.

# ഉത്ഥിതന്റെ സാമീപ്യം തേടാം



ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

ഉത്ഥാന തിരുനാളിന്റെ സന്തോഷത്തിലേക്ക് ഒരിക്കൽ കൂടി ദൈവം നമ്മെ ക്ഷണിക്കുന്നു. മനുഷ്യന്റെ മരണഭയത്തിനുള്ള ദൈവത്തിന്റെ മറുപടിയാണ് തിരുവുത്ഥാനം. ഒറ്റപ്പെടലും ഒറ്റിക്കൊടുക്കപ്പെടലും അപമാനവും പരാജയവുമൊക്കെ അതിന്റെ പൂർണ്ണതയിൽ സ്വന്തമാക്കി മരണം സ്വീകരിച്ച ക്രിസ്തു ഉത്ഥാനമെന്ന മഹാകാര്യത്താൽ പ്രതീക്ഷകളുടെ പുതുലോകത്തേക്ക് മാനവരാശിയെ നയിക്കുന്നു. നിത്യജീവിതമെന്ന മനോഹര ലക്ഷ്യത്തിന്റെ വെളിച്ചത്തിൽ മനുഷ്യ ജീവിതത്തെ പുനർവായിക്കണമെന്ന പാഠം നൽകി സമാധാന രാജാവായ ക്രിസ്തു നമ്മെ ആശ്ലേഷിക്കുന്നു.

ദുഃഖാദരത്തോടെ കല്ലറ തേടിവന്നവർ ആഹ്ലാദത്തോടെ തിരികെ നടക്കുന്ന രംഗം ഈസ്റ്റർ ദിനത്തിൽ അതി മനോഹര കാഴ്ചയാണ്. 'ആഴ്ചയുടെ ആദ്യദിവസം സൂര്യനുദിച്ചപ്പോൾ തന്നെ അവർ ശവകുടീരത്തിങ്കലേക്ക് പോയി' (മർക്കോസ് 16-2) എന്ന തിരുവചനം, തിരുവുത്ഥാനത്തെ ആഘോഷമാക്കുന്ന നമുക്കുള്ള മാതൃകയാണ്.

പരാജിതനെന്നു മുദ്രകുത്തി കല്ലറയിൽ അടക്കം ചെയ്തവനെ തേടിപ്പോകാൻ മരണത്തിനപ്പുറം ജീവനെ പ്രണയിക്കുന്നവർക്ക് മാത്രമേ കഴിയൂ. 'ഉയിർത്തെഴുന്നേൽക്കും' എന്ന അവന്റെ വാക്കുകൾ അവർക്ക് വെറും വാക്കായിരുന്നില്ല. മറിച്ച് മനസിലുറച്ച സ്നേഹോഷ്മളമായ വാഗ്ദാനമായിരുന്നു. വാഗ്ദാനങ്ങളിൽ വിശ്വസ്തനായവന്റെ മുമ്പിലേക്ക് മരണത്തെ തോൽപ്പിക്കാൻ പര്യാപ്തമായ സ്നേഹാവേശത്തോടെ അവർ വിശ്വാസയാത്ര നടത്തി. നമുക്കും വർദ്ധിച്ച വിശ്വാസത്തോടെ ഉത്ഥിതനായവന്റെ സാമീപ്യം തേടി യാത്രയാകാം. കാത്തിരിക്കുന്ന ക്രിസ്തു ഉത്ഥാനത്തിന്റെ പ്രകാശവഴികളിലൂടെ നമ്മെ കൈപിടിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

'എന്നെ അയച്ചവന്റെ ഇഷ്ടം പൂർത്തിയാക്കുകയാണ് എന്റെ ഭക്ഷണം' എന്ന ഗുരുവചനം നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം. എങ്കിൽ അവനേപ്പോലെ ജീവിക്കാൻ മാത്രമല്ല അവനേപ്പോലെ ജീവിതം പൂർത്തിയാക്കാനും നമുക്ക് സാധിക്കും. അവനോടൊത്തുള്ള നിത്യജീവിതത്തിന്റെ പ്രകാശദിനങ്ങളിലേക്കുള്ള അനുഗ്രഹമാണ് നമ്മുടെ ക്രൈസ്തവ ജീവിതത്തിന്റെ കാതൽ. ദൈവരാജ്യത്തിലെ നിത്യജീവൻ എന്ന ലക്ഷ്യം നിത്യജീവിതത്തിന്റെ പ്രതിസന്ധികളിൽ തളർന്നുപോകാതെ ക്രിസ്തുവെന്ന ഏക ലക്ഷ്യം നമ്മുടെ വഴികളെ പ്രകാശിപ്പിക്കണം. വെറോനിക്കാമാരും ശിമയോന്മാരുമൊക്കെ സഹനവഴികളിലെ അപൂർവ്വ കാഴ്ചകളാണ്. ക്രിസ്തുവിന്റെ വഴികളിൽ ഭൗതിക നേട്ടങ്ങളെ പറ്റിയുള്ള ചിന്തകളൊന്നും പ്രതിബന്ധമായില്ല. ആഘോഷങ്ങളും ആരവങ്ങളും വന്നു ചേർന്നപ്പോഴൊക്കെ പിൻവാങ്ങാനും, ദരിദ്രന്റെയും പാപികളുടെയും സമൂഹത്തിൽ അവഗണിക്കപ്പെട്ടവരെയും അതിജീവനവഴികളിൽ അമരക്കാരാക്കാനും അവനുണ്ടായിരുന്നു.

ദൈവരാജ്യമെന്ന സുന്ദര സ്വപ്നം ഹൃദയത്തിൽ സ്വീകരിച്ചവൻ ലോകമോഹങ്ങളിൽ അഭിരമിക്കരുത് എന്ന മുന്നറിയിപ്പാണ് ക്രിസ്തുവിന്റെ ജീവിതം.

പിശാചിന്റെ അട്ടഹാസം കേൾക്കുന്ന ദിനങ്ങൾക്കപ്പുറം ദൈവിക വിജയത്തിന്റെ മനോഹര നിമിഷങ്ങളുമായി ഉയിർപ്പുതിരുന്നാൾ നമ്മെ കാത്തിരിക്കുന്നു. ലോകം മുഴുവൻ മഹാമാരിയുടെ ആശങ്കയിൽ അലയുമ്പോഴും ഉത്ഥിതനായ ക്രിസ്തുവിന്റെ സമാശ്വാസം നമ്മെ തേടിയെത്തുന്നു. ഉത്ഥിതന്റെ ആദ്യവചനങ്ങൾ, നമ്മെ തേടിയെത്തുന്ന സമാശ്വാസമാണ്. "എന്തിനാണ് നീ കരയുന്നത്." (യോഹന്നാൻ 20-15) നമ്മുടെ സഹനവഴികളറിയുന്ന ഉത്ഥിതൻ കൂടെയുണ്ട്. കണ്ണീർ തുടച്ച് തിരുവുത്ഥാനത്തിന്റെ പുലരിയെ നോക്കി നമുക്കും ചിരിച്ചു തുടങ്ങാം.

# ചിതറിയ അരിമണികളും താഴെവീണ കനിയും



അകം പുറം

കെ. എഫ്. ജോർജ്

കോഴിക്കോട്ടങ്ങാടിയിൽ വലിയ ധാന്യക്കടകളുടെ പരിസരത്ത് ചാക്കുകളിൽ നിന്നു ചോർന്നു പോകുന്ന അരിമണികൾ അടിച്ചു വാരുന്ന സ്ത്രീകളെ കാണാം.

ലോറിയിൽ നിന്നു കടയിലേക്ക് ഇറക്കുമ്പോഴും പിന്നീട് വാഹനത്തിൽ കയറ്റുമ്പോഴുമെല്ലാം അരി ചോരും. ഇത് അടിച്ചുവാരി ശേഖരിച്ച് കിട്ടുന്നതുകൊണ്ടാണ് ആ പാവപ്പെട്ട സ്ത്രീകൾ ഉപജീവനം കഴിക്കുന്നത്. ഇവർക്കും കിട്ടാതെ പോകുന്ന അരിമണികൾ കഴിച്ചു ജീവിക്കുന്ന പ്രാവുകളുടെ കൂട്ടംതന്നെ അങ്ങാടിയിൽ അഭയം തേടിയിരിക്കുന്നതും കാണാം.

ധനവാനായ ബോവാസിന്റെ വയലിൽ കൊയ്ത്തുകാർ പണി കഴിഞ്ഞു പോകുമ്പോൾ പാടത്ത് വീണു കിടക്കുന്ന കതിരുകൾ ശേഖരിക്കാൻ വരുന്ന റൂത്തിനെ ബൈബിളിൽ വായിക്കുന്നു. ഭർത്താവിന്റെ മരണശേഷം അമ്മായിഅമ്മ നവോമിയ്ക്കൊപ്പം കാലാ പെറുക്കാൻ വന്ന റൂത്തിൽ അലിവു തോന്നി കറ്റകളിൽ നിന്നു കുറേശ്ശെ വലിച്ചൂരി അവൾക്കു പെറുക്കാൻ ഇട്ടുകൊടുക്കണമെന്ന് ബോവാസ് ജോലിക്കാർക്ക് നിർദ്ദേശം നൽകുന്നുണ്ട്.

റൂത്ത് പിന്നീട് ബോവാസിന്റെ ഭാര്യയാകുകയും ആ ബന്ധത്തിൽ ദാവീദിന്റെ മുത്തച്ഛനായ ഓബദ് പിറക്കുകയും ചെയ്യുന്നു. പാവപ്പെട്ട റൂത്തിനെ പരിഗണിക്കാൻ കനിവു കാണിച്ച ബോവാസിന് യേശുവിന്റെ വംശപരമ്പരയിൽ ഇടം കിട്ടുന്നു.

ചെറിയവരെ പരിഗണിക്കണമെന്നതാണ് നോമ്പിന്റെ മുഖ്യസന്ദേശം. ഉണ്ണാനില്ലാതെ വിശന്നിരിക്കുന്നവന്റെ വയറുകാളൽ അൽപ്പമെങ്കിലും അനുഭവിക്കണമെങ്കിൽ ഉപവസിക്കണം. വളരെ ഇഷ്ടമുള്ളത് വേണ്ടെന്നു വയ്ക്കുമ്പോഴാണ് ഒരു ഇഷ്ടവും സാധിക്കാതെ പോകുന്ന നിസ്വന്റെ നിസ്സഹായത അൽപ്പനേരത്തേക്കെങ്കിലും ബോധ്യമാവുകയുള്ളൂ.

പക്ഷിമൃഗാദികൾ തങ്ങളെക്കാൾ ചെറിയവരെ പരിഗണിക്കുന്നു. കിളികൾ പഴങ്ങളിൽ കൊത്തുമ്പോൾ ചിലപ്പോൾ അവ താഴെ വീഴും. കിളികൾ താഴെ വന്ന് ആ കനി തിന്നാറില്ല. അത് മണ്ണിൽ കഴിയുന്ന പുഴുക്കൾക്കും ഉറുമ്പുകൾക്കുമുള്ള വിഹിതമായി അവർ കണക്കാക്കുന്നു. തങ്ങൾക്ക് മരത്തിലുള്ള അടുത്ത പഴം തിന്നാൻ ശേഷിയുണ്ടല്ലോ എന്ന ബോധ്യം കിളികൾക്കുണ്ട്.

ഓടിച്ചു പിടിച്ച ഇരയെ വിശപ്പു മാറുന്നതുവരെ മാത്രമേ കാട്ടുമൃഗങ്ങൾ ഭക്ഷിക്കാറുള്ളൂ. ബാക്കി അവിടെ ഉപേക്ഷിച്ച് സ്ഥലം വിടും. തങ്ങളെക്കാൾ ശേഷി കുറഞ്ഞ മൃഗങ്ങൾക്കുള്ള ഭക്ഷണമായി അവർ അതിനെ കണക്കാക്കുന്നു.

മനുഷ്യനാണെങ്കിൽ ബാക്കി പിൽക്കാല ആവശ്യത്തിനായി ഉണക്കി സൂക്ഷിക്കും. പഴം വിളയുന്ന മരങ്ങളെ വല മൂടിയിട്ട് സംരക്ഷിക്കും. 'ബുദ്ധി'യുള്ളതിനാൽ മനുഷ്യൻ മറ്റു ജീവജാലങ്ങൾക്കോ സസ്യങ്ങൾക്കോ പരിഗണന നൽകുന്നില്ല.

ചെറിയ സ്ഥാപനങ്ങളെ വലുത് വിഴുങ്ങുന്ന കാലമാണിത്. ബാങ്കുകൾ ലയിച്ച് തടിയന്മാരാകുന്നു. ചെറുകിടക്കാരെ വിപണിയിൽ ശ്വാസം മുട്ടിച്ച് വൻകിടക്കാർ ശതകോടീശ്വരന്മാരാകുന്നു. അഷ്ടിക്കു വകയില്ലാത്തവന്റെ കൊച്ചുകീശ ചോർത്തിയാണ് കോടികളിൽ അക്കം കൂട്ടുന്നത്.

ചെറുതിനെ കാണാൻ കണ്ണുണ്ടാകുക എന്നാൽ ദുർബലനെ പരിഗണിക്കാൻ മനസുണ്ടാകുക എന്നതാണ്. അതുകൊണ്ടാണ് നോമ്പിന്റെയും ഉപവാസത്തിന്റെയും അനുഷ്ഠാന അഭ്യാസങ്ങളിൽ ചില ചിട്ടവട്ടങ്ങൾ ചേർത്തിരിക്കുന്നത്.

ചെറുത്, വലുത് എന്ന വകഭേദം പോലും അപ്രസക്തമാണ്. സോപ്പുകുമിളയിൽ തകരുന്ന ഒരു അണു കോവിഡ് എന്ന പേരിൽ ലോകത്തെ വിറപ്പിക്കുമ്പോൾ ഇത് കൂടുതൽ ബോധ്യമാകുന്നു.

ദൈവത്തിന്റെ കണക്കിൽ ചെറുത്, വലുത് ഭേദമില്ല. ഒരു കുട്ടിയുടെ കൈയ്യിലുള്ള അഞ്ച് ബാർലി അപ്പവും രണ്ട് മീനും അയ്യായിരം പേർക്കുള്ള ഭക്ഷണമായി പെരുകുന്നു. വിധവയുടെ രണ്ട് നാണയത്തിന് ധനവാന്റെ നാണയക്കൂമ്പാരത്തേക്കാൾ മൂല്യം വർധിക്കുന്നു.

ആരും വലിയ പ്രാധാന്യം കൊടുക്കാത്ത ആകാശപ്പറവകളും കൊച്ചുകുരുവികളും വയലിലെ പുല്ലുകളും യേശുവിന്റെ വാഴ്ത്തലിന് പാത്രീഭൂതമാകുന്നു. ഇസ്രയേൽക്കാർ മഹാജ്ഞാനിയെന്ന് പുകഴ്ത്തിയിരുന്ന സോളമൻ പോലും ഇവയെപ്പോലെ അലംകൃതനായിരുന്നില്ലെന്നുകൂടി പറയുമ്പോൾ അത് ആരെയും ഒന്നിനെയും നിസ്സാരമെന്നു തള്ളിക്കളയരുതെന്ന പ്രമാണം കൂടിയാകുന്നു.

യേശുവിനെ കാണാൻ സിക്കമൂർ മരത്തിൽ കയറിയ കുള്ളനായ സക്കേവൂസിന് മുന്തിയ പരിഗണന കിട്ടുന്നു.

പുറമ്പോക്കിലേക്കു തള്ളിയ പലതരം രോഗികളേയും പാപികളേയും ചുങ്കക്കാരെയുമെല്ലാം യേശു ചേർത്തു പിടിക്കുമ്പോൾ ദുർബലർ കൂടുതൽ പരിഗണന അർഹിക്കുന്നവെന്നു ദൈവം കാട്ടിത്തരുന്നു.

വളരെ ചെറിയ ധാന്യത്തെ തൊട്ടുകൊണ്ട് സ്വർഗരാജ്യത്തിന്റെ ഉപമ ഉണരുന്നു. കടുകുമണി വളരെ ചെറുതാണെങ്കിലും വളർന്ന് വലിയ മരമാകുമ്പോൾ വിളവു നൽകുക മാത്രമല്ല, ആകാശപ്പറവകൾക്ക് കൂടൊരുക്കാനുള്ള താവളം കൂടിയായിത്തീരുന്നു. സ്വർഗത്തിന്റെ വളരെ വിശാലവും ദീപ്തവുമായ അർത്ഥം ഇവിടെ വിടർന്നു വരുന്നു. നിസ്സാരമെന്നു തോന്നുന്ന ഇത്തിരി പുളിമാവ് അപ്പോൾ ഏറെ അപ്പമുണ്ടാക്കാൻ പാകത്തിൽ മാവിനെ മൊത്തം പുളിപ്പിക്കുന്നു.

ഒരു മഴത്തുള്ളി എന്നുകേൾക്കുമ്പോൾ എത്ര നിസ്സാരമെന്നു തോന്നാം. പക്ഷേ അനേകം മഴത്തുള്ളികളിൽക്കൂടി പ്രകാശം കടന്നു പോകുമ്പോഴാണ് ചക്രവാളത്തെ തൊട്ടുകൊണ്ട് മനോഹരമായ മഴവില്ല് വിരിയുന്നത്.

● കവർ പേജ് - ആശയം & ആവിഷ്ക്കാരം: ബിബിൻ ആന്റണി മരോട്ടിക്കൽ

# പുണ്യങ്ങൾ പൂക്കുന്ന കാലം നോമ്പ്



ഡോ. ജോസഫ് മാർ തോമസ്
(ബത്തേരി രൂപതാദ്ധ്യക്ഷൻ & കെ.സി.ബി.സി സെക്രട്ടറി ജനറൽ)

ഞാൻ ഒരിക്കൽ ഒരു വീട്ടിൽ ചെന്ന് കോളിങ് ബെൽ അടിച്ചപ്പോൾ കുറെ താമസിച്ചാണ് വാതിൽ തുറന്നത്. ഗൃഹനാഥൻ കതക് തുറന്നിട്ട് പറഞ്ഞു, ‘അച്ചാ വാതിൽ തുറക്കാൻ താമസിച്ചതിൽ ക്ഷമിക്കണം. ഞാൻ പറമ്പിലെ ജോലി കഴിഞ്ഞു ശരീരത്തിലും മുഖത്തും അഴുക്ക് പുരണ്ട് മുഷിഞ്ഞ വസ്ത്രവുമായി നിൽക്കുമ്പോഴാണ് ബെല്ലടി കേട്ടത്. വസ്ത്രം മാറി കണ്ണാടിയിൽ നോക്കി മുഖം ഭംഗിയാക്കാൻ അല്പം സമയം എടുത്തു.’ ദൈവവചനമാകുന്ന കണ്ണാടിയിൽ നോക്കി നമ്മെ ശുദ്ധീകരിക്കാനും, പാപത്തിന്റെയും വഞ്ചനയുടെയും കാപട്യത്തിന്റെയും ശാരീരിക ദുരാശകളുടെയും മുഷിഞ്ഞ വസ്ത്രങ്ങൾ മാറ്റി പ്രായശ്ചിത്തത്തിന്റെയും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും വിശുദ്ധ വസ്ത്രമണിഞ്ഞ് വിശുദ്ധി പ്രാപിക്കാനുള്ള പുണ്യകാലം ആണ് നോമ്പ്. പാപത്തിന്റെയും തിന്മകളുടെയും അടിമത്തത്തിൽ നിന്ന് മോചനം പ്രാപിച്ച് രക്ഷയുടെ അനുഭവം സ്വന്തമാക്കുവാൻ ദൈവം തന്ന മുഖ്യ ആയുധങ്ങളിൽ ഒന്നാണ് വലിയനോമ്പ്.

വിശുദ്ധ പൗലോസ് എഫേസോസിലെ സഭയോട് പറയുന്നു, ‘അതിനാൽ സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു തോൽപ്പിക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ.’ (എഫേ 6:11). വീണ്ടും ശ്ലീഹാ പറയുന്നു, ‘ആകയാൽ അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ അണിയാം.’ (റോമാ 13: 12). നോമ്പിന്റെ ആയുധമായി നാം പശ്ചാത്താപം (Repentance), അനുരഞ്ജനം (Reconciliation), പുനർനിർമ്മിതി (Restoration) എന്നീ ആയുധങ്ങൾ അണിയുന്നു. യേശുക്രിസ്തുവിന്റെ സുവിശേഷത്തിലെ കാതൽ ഇതായിരുന്നു, ‘ദൈവരാജ്യം സമീപിച്ചിരിക്കുന്നു പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ.’ (മാർക്കോ 1: 15). നോമ്പിന്റെ ചൈതന്യം സൃഷ്ടിച്ചെടുക്കേണ്ടത് പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ദാനധർമ്മങ്ങളിലൂടെയുമാണ്.

## പ്രാർത്ഥന

പ്രാർത്ഥന എന്നത് യേശുവും വിശ്വാസിയും തമ്മിൽ പങ്കിടുന്ന അനശ്വര നിമിഷങ്ങളാണ്. ഈശോ 40 രാവും പകലും ദൈവത്തോട് കൂടെയായിരുന്നു. വലിയ നോമ്പിന്റെ 50 ദിവസങ്ങൾ നാമും ദൈവവും തമ്മിലുള്ള ബന്ധം ബലപ്പെടുത്താനുള്ള സമയമാണ്. നാം വ്യക്തിപരമായ പ്രാർത്ഥനയിലും, കുടുംബ പ്രാർത്ഥനയിലും, സഭയുടെ പ്രാർത്ഥനയിലും ശക്തി പ്രാപിക്കാനുള്ള സന്ദർഭമാണിത്. പ്രാർത്ഥനയിൽ മടുപ്പ് തോന്നരുത് (പ്രഭാ 7 :10). സങ്കീർത്തകൻ പറയുന്നു: “ദൈവമേ എന്റെ പ്രാർത്ഥന അങ്ങയുടെ സന്നിധിയിലെ ധൂപാർച്ചനയായും ഞാൻ കൈകൾ ഉയർത്തുന്നത് സായാഹ്ന ബലിയായും സ്വീകരിക്കേണമേ” (സങ്കീ 141:2). നോമ്പ് പ്രാർത്ഥനയുടെ ദൈവികാനുഭവത്തിലേക്ക് നമ്മെ നയിക്കണം.

## ഉപവാസം

സുറിയാനി ഭാഷയിൽ നോമ്പിന് ഉപയോഗിക്കുന്ന പദം ‘സൗമോ’ എന്നാണ്. അതിന്റെ അർത്ഥം ഉപവാസം അഥവാ ഭക്ഷണം ഉപേക്ഷിച്ച് ദൈവത്തോട് കൂടിയായിരിക്കുക എന്നതാണ്. എന്നിലുള്ള തിന്മയുടെ വാസനകളെ എതിർത്ത് തോൽപ്പിക്കാനുള്ള ആയുധമാണ് ഉപവാസം. പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ സാത്താന്റെ ശക്തിയെ ജയിക്കാൻ നമുക്ക് സാധിക്കുകയില്ല എന്ന് യേശു പഠിപ്പിച്ചിട്ടുണ്ട്. ഒരു കൈയിൽ പ്രാർത്ഥനയാകുന്ന വിളക്കും മറുകയ്യിൽ ഉപവാസം ആകുന്ന പരിചയും ഹൃദയത്തിൽ സ്നേഹവും അനുകമ്പയും കാത്തു സൂക്ഷിക്കുന്നവർക്ക് നോമ്പ് നന്നായി ആചരിക്കാൻ പറ്റും. നാം നമ്മോട് തന്നെ യുദ്ധം ചെയ്ത് ശരീരത്തിന്റെയും മനസ്സിന്റെയും ചിന്തയുടെയും ബലഹീനതകളെ ജയിക്കുന്നതാണ് നോമ്പ്. ഉപവാസം നമ്മോടുതന്നെയുള്ള പോരാട്ടമാണ്. നമ്മുടെ ചില ഇഷ്ടങ്ങളോടുള്ള പരിത്യാഗമാണ്. ഫോണിന്റെ അടിമത്തം, മദ്യാസക്തി, ശരീരത്തിന്റെ ദുരാഗ്രഹം, പണത്തോടുള്ള ആർത്തി തുടങ്ങിയ തിന്മകളോടുള്ള വെറുപ്പ്. ‘ഉപവാസം കൊണ്ട് ഞാൻ എന്നെ തന്നെ വിനീതനാക്കി’ (സങ്കീ 69:10). ഉപവാസത്തിലൂടെ പുണ്യം പൂക്കുന്ന കാലമാണ് നോമ്പ്.

## ദാനധർമ്മം

എന്റേതെന്ന് കരുതുന്നവ ഞാൻ മറ്റുള്ളവരുമായി പങ്കു വയ്ക്കുന്നതാണ് ദാനധർമ്മം. സഹോദര സ്നേഹമാണ് ദാനധർമം കൊണ്ട് അർത്ഥമാക്കുന്നത്. ‘ദരിദ്രരോട് ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്. അവിടുന്ന് ആ കടം വീട്ടും’ (സുഭാ 19:17). എന്റെ ഏറ്റവും എളിയ ഈ സഹോദരന് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത് (മത്താ 25:40). യാചകന് ദാനം താമസിപ്പിക്കരുത് (പ്രഭാ 4:3). പ്രാർത്ഥന വഴി ഒരാൾ ദൈവത്തോട് കൂടുതൽ അടുക്കുന്നു; ഉപവാസം വഴി ദൈവകൃപയിൽ നിറയുന്നു; ദാനധർമ്മം വഴി ദൈവത്തിന്റെ കരുണയും അനുകമ്പയും പങ്കുവയ്ക്കുന്നു. ദൈവം നമുക്ക് പ്രാർത്ഥനയ്ക്കും ഉപവാസത്തിനും പശ്ചാത്താപത്തിനും മാനസാന്തരത്തിനും ധർമ്മദാനത്തിനും ഒരു സമയം വീണ്ടും തരുന്നു. അതിനെ ഫലപ്രദമായി നാം ഉപയോഗിക്കണം.

## നോമ്പാചരണം കുടുംബങ്ങളിൽ

നോമ്പിന്റെ ആചരണവും അനുഷ്ഠാനവും നല്ല പാരമ്പര്യങ്ങളും കാത്തുസൂക്ഷിക്കുന്നത് നമ്മുടെ കുടുംബങ്ങളാണ്. ഞാൻ എന്റെ കുട്ടിക്കാലത്തെ അനുസ്മരിക്കാൻ ആഗ്രഹിക്കുകയാണ്. എന്റെ മാതാപിതാക്കൾ തികഞ്ഞ ഭക്തരും, സഭാസ്നേഹികളും, ഉദാരമനസ്കരും ആയിരുന്നു. അതിൽ എന്റെ അപ്പനെ പറ്റിയുള്ള ഏറ്റവും വലിയ ഓർമ്മ, അദ്ദേഹം പള്ളിയിൽ പോകാത്ത ഒരു ദിവസവും മക്കളുടെ ഓർമ്മയിൽ ഇല്ല എന്നതാണ്. എട്ടു മക്കളും മാതാപിതാക്കളും അടങ്ങിയ എന്റെ ഭവനം എല്ലാ അർത്ഥത്തിലും ഒരു കൊച്ചുദൈവാലയം ആയിരുന്നു. വലിയ നോമ്പ് ആരംഭിച്ചാൽ സഭ നിഷ്കർഷിക്കുന്ന എല്ലാ പ്രാർത്ഥനകളും, പ്രായശ്ചിത്തവും, ഉപവാസവും, ദാനധർമ്മങ്ങളും കാർക്കശ്യത്തോടെ പാലിച്ചിരുന്നു. നോമ്പ് കാലത്ത് ഉപവാസം, കുരിശിന്റെ വഴി ഇവയെല്ലാം കുടുംബാംഗങ്ങൾ കൃത്യമായി പാലിക്കുമായിരുന്നു. നോമ്പ് ആരംഭിച്ചാൽ അതിന്റെ ഒരു ചൈതന്യം കുടുംബത്തിൽ നിറഞ്ഞുനിന്നിരുന്നു. ഇന്ന് പല കുടുംബങ്ങളും ഈ നല്ല പാരമ്പര്യങ്ങൾ വിട്ടുകളയുകയോ ശ്രദ്ധയില്ലാതെ നടത്തുകയോ, ബോധപൂർവം അവഗണിക്കുകയോ ചെയ്യുന്നു. കുടുംബങ്ങളിൽ നിറഞ്ഞുനിന്നിരുന്ന ഒരു ആത്മീയ സംസ്കാരം (Spiritual culture) നഷ്ടപ്പെടുകയും ഭൗതിക സംസ്കാരത്തിന് (Material culture) വഴിമാറുകയും ചെയ്തു. ഒന്നോ രണ്ടോ മക്കളുള്ള അണുകുടുംബങ്ങളിൽ നോമ്പിന്റെ ഒന്നിച്ചുള്ള പ്രാർത്ഥന, ഉപവാസം, വർജ്ജനം, കാരുണ്യപ്രവൃത്തികൾ എല്ലാം കൈമോശം വന്നു.

വിശുദ്ധ ഗ്രന്ഥത്തിൽ മൂന്നു തരത്തിലുള്ള കുടുംബങ്ങളെ കാണാം. എപ്പോഴും ദൈവത്തിനു മഹത്വം കൊടുക്കുന്ന ഗ്ലോറിയ കുടുംബങ്ങൾ (Gloria family), ഭൗതികതയ്ക്ക് അമിതപ്രാധാന്യം കൊടുക്കുന്ന സോഫിയ കുടുംബങ്ങൾ (Sofia family), എല്ലാ തിന്മകളുടെയും ഉറവിടമായ മാഫിയ കുടുംബങ്ങൾ (Mafia family). മുൻകാലങ്ങളിൽ നമ്മുടെ കുടുംബങ്ങൾ ഭൂരിഭാഗവും ഗ്ലോറിയ കുടുംബങ്ങളായിരുന്നു. ഇന്ന് സോഫിയ കുടുംബങ്ങളും മാഫിയ കുടുംബങ്ങളും പെരുകുന്നു. അതിന്റെ ഫലമായി കുടുംബങ്ങളിൽ മദ്യപാനം, ലഹരി മരുന്നിന്റെ ഉപയോഗം, വിവിധതരത്തിലുള്ള ആസക്തികൾ, വിവാഹമോചനം, ഗർഭച്ഛിദ്രം, ലൗജിഹാദ് തുടങ്ങിയ തിന്മകൾ വർദ്ധിക്കുന്നു. ഇവയെ തോൽപ്പിച്ച് നമ്മുടെ കുടുംബങ്ങളിൽ ദൈവകൃപ നിറഞ്ഞു നിൽക്കാൻ നോമ്പ് നമ്മെ സഹായിക്കുന്നു.

## ദൈവ കൃപയുടെ ആയുധങ്ങൾ

പ്രാർത്ഥന, പരിത്യാഗം, പ്രായശ്ചിത്തം, സഹനം, കുരിശ് എന്നിവ ദൈവകൃപയുടെ അഥവാ രക്ഷയുടെ ആയുധങ്ങളാണ്. ഈ ആയുധങ്ങൾ നമ്മെ പവിത്രീകരിക്കുന്നു. നോമ്പ് ഒരു ‘ഉലയാണ്’ (Furnace). ഉലയിൽ മാലിന്യങ്ങൾ ഇല്ലാതാകുന്നു. ഉലയിൽ ശുദ്ധീകരിച്ച സ്വർണം നല്ല മാറ്റുള്ള ആഭരണങ്ങളായിത്തീരുന്നു. സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കാൻ യേശു ഉപയോഗിച്ച ഉപകരണമാണ് പ്രാർത്ഥനയും, ഉപവാസവും. മരുഭൂമിയിൽ നാൽപ്പതു ദിവസം ഉപവസിച്ച്, പ്രാർത്ഥിച്ച് യേശു സാത്താന്റെ എല്ലാ പ്രലോഭനങ്ങളെയും തകർത്തു ദൈവകൃപയിൽ നിറഞ്ഞതു പോലെ നമ്മുടെ കുടുംബങ്ങളെ പ്രാർത്ഥന, ഉപവാസം, പ്രായശ്ചിത്തം, ദാനധർമ്മങ്ങൾ എന്നീ ആയുധങ്ങൾ കൊണ്ട് ഗ്ലോറിയ കുടുംബങ്ങളായി പുന:പ്രതിഷ്ഠിക്കണം.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഈ നോമ്പിന് നാം അനുഷ്ഠിക്കേണ്ട ഉപവാസത്തെപ്പറ്റി ഇപ്രകാരം പറയുന്നു, “മറ്റുള്ളവർക്ക് വേദന ഉണ്ടാകുന്ന വാക്കുകൾ പറയാതിരിക്കുക; ആർദ്രമായി സംസാരിക്കുക; ഹൃദയത്തിൽനിന്ന് ദുഃഖങ്ങൾ മാറ്റി കൃതജ്ഞത കൊണ്ട് നിറയുക; കോപത്തിൽ നിന്നു മാറി ക്ഷമ കൊണ്ട് നിറയുക; നിഷേധാത്മക നിലപാടുകൾ ഉപേക്ഷിച്ച് പ്രത്യാശ കൊണ്ട് നിറയുക; അസ്വസ്ഥതകളിൽ നിന്ന് ഓടിയകന്ന് ദൈവത്തിൽ ആശ്രയം വയ്ക്കുക; പരാതി പറയുന്നതിൽ നിന്ന് മാറി ലാളിത്യം അഭ്യസിക്കുക; ദുഃഖസ്വാധീനങ്ങളിൽ നിന്ന് മാറി (Pressure) പ്രാർത്ഥനയിൽ നിറയുക; അരിശത്തിൽ നിന്ന് മാറി ഹൃദയം സന്തോഷംകൊണ്ട് നിറയ്ക്കുക; സ്വാർത്ഥതയിൽ നിന്ന് അകന്നു അനുകമ്പ ശീലിക്കുക; കടുംപിടുത്തങ്ങളിൽ നിന്ന് മാറി രക്ഷപ്പെടുക; അതിഭാഷണത്തിൽ നിന്ന് അകന്ന് നിശബ്ദരാവുക; മറ്റുള്ളവരെ ശ്രവിക്കുക.”

## കൃപ നിറയ്ക്കുന്ന നോമ്പ്

യേശുക്രിസ്തുവിന്റെ പീഡാനുഭവം, കുരിശുമരണം, ഉത്ഥാനം തുടങ്ങിയ രക്ഷാകരമായ സംഭവങ്ങൾ ചേർത്തുവെച്ച് പ്രാർത്ഥനയുടെയും അനുതാപത്തിന്റെയും അരൂപിയിലാണ് നാം നോമ്പനുഷ്ഠിക്കുന്നത്. നോമ്പ് തിന്മയിൽ നിന്ന് മോചനം നേടാനും പുണ്യത്തിൽ വളരാനും നമ്മെ സഹായിക്കുന്നു. ത്യാഗവും സഹനവും വഴി നമ്മെ വിശുദ്ധീകരിക്കാനും സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കാനും നോമ്പ് നമ്മെ ആത്മീയമായി ബലപ്പെടുത്തുന്നു. നോമ്പാചരണത്തിൽ ഏറ്റവും പ്രധാനം മാനസാന്തരപ്പെടലാണ്; ആത്മ നവീകരണമാണ്; ജീവിതത്തെ ദൈവകൃപ കൊണ്ട് നിറയ്ക്കലാണ്. ഈശോ പറഞ്ഞു, ‘മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങളും നശിക്കും.’ (ലൂക്കാ 13:3). നോമ്പിന്റെ അടിസ്ഥാനം മാനസാന്തരത്തിന്റെ പ്രവൃത്തികളാണ്. മാനസാന്തരം എന്ന് പറയുന്നത് ആത്മാവിന്റെ ദുഃഖവും ഇനി പാപം ചെയ്യുകയില്ലെന്ന പ്രതിജ്ഞയുമാണ്. മാനസാന്തരപ്പെടുന്ന പാപി ദൈവ ഭവനത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്നു. മഗ്ദലന മറിയവും, പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയും, നിക്കൊദേമോസും, നല്ല കള്ളനുമെല്ലാം മാനസാന്തരപ്പെട്ട് കൃപ കൊണ്ട് നിറഞ്ഞു ദൈവഭവനത്തിൽ സ്വീകരിക്കപ്പെട്ടവരാണ്.

പേജ് നാലിൽ തുടരും ▸

# സ്വാർത്ഥ ജീവിതത്തെ അതിജീവിക്കാൻ സഹനജീവിതം

▸ പേജ് മൂന്നിൽ നിന്നു തുടർച്ച

യഥാർത്ഥത്തിൽ നോമ്പ് ആചരിക്കുന്നത് വ്യക്തികളല്ല പരിശുദ്ധ സഭയാണ്. പരിശുദ്ധ മാർപാപ്പ പറയുന്നത് ക്രിസ്തുവിന്റെ സഭയിൽ അനേകം പേർ മുറിവേറ്റ് കിടക്കുന്നു എന്നാണ്. പാപത്താൽ മുറിപ്പെട്ട്, സാമ്പത്തിക തകർച്ചയിൽ മുറിപ്പെട്ട്, തിരസ്കാരത്തിന്റെ മുറിവേറ്റ്, ഒറ്റപ്പെടലിന്റെ മുറിവേറ്റ്, ആന്തരിക സംഘർഷത്തിന്റെ മുറിവേറ്റ് കിടക്കുന്ന അനേകം വിശ്വാസികളുള്ള ഒരു ആശുപത്രിയാണ് സഭ. എന്നാൽ ഇപ്പോൾ ക്രിസ്തു തന്റെ മരണം വഴി സ്വന്തം ഭൗതിക ശരീരത്തിൽ നിങ്ങളെ അനുരഞ്ജിപ്പിച്ചിരിക്കുന്നു എന്ന് വിശുദ്ധ പൗലോസ് കൊളോസോസുകാർക്ക് എഴുതിയ ലേഖനത്തിൽ ഓർമ്മിക്കുന്നു. അതായത് ക്രിസ്തുവിൽ സഭ ഒരു ശരീരമാണ്. ഈ ശരീരമാണ് നോമ്പ് എടുക്കുന്നതും പവിത്രീകരിക്കപ്പെടുന്നതും. നോമ്പിന്റെ പ്രായശ്ചിത്തവും, ഉപവാസവും, ദാനധർമ്മങ്ങളും നാം അനുഷ്ഠിക്കുമ്പോൾ അതുവഴി വ്യക്തികളും കുടുംബങ്ങളും ദേവാലയങ്ങളും ദൈവകൃപകൊണ്ട് നിറയുന്നു. തിരുസഭയാകുന്ന ശരീരത്തിന്റെ നോമ്പ് അനുഷ്ഠാനത്തിലും പ്രായശ്ചിത്ത പ്രവൃത്തികളിലും നാം പങ്കാളികളാകുമ്പോൾ സഭയാകുന്ന ശരീരത്തിലെ ഏതാനും അവയവങ്ങൾ (വ്യക്തികൾ) മാത്രമല്ല സഭ മുഴുവൻ വിശുദ്ധ പരിമളംകൊണ്ട് നിറയുന്നു.

അതിനാൽ നോമ്പ് ആചരിക്കുമ്പോൾ എല്ലാ അവയവങ്ങളും അതിൽ ഭാഗമാകണം. സഭ നോമ്പ് ആചരിക്കുമ്പോൾ അതിന്റെ പവിത്രതയും ദൈവകൃപയും എല്ലാ വിശ്വാസികൾക്കും ലഭിക്കുന്നു.

തിരുസഭയിൽ ആത്മീയ സമ്പത്ത് എന്ന ഒരു വലിയ നിക്ഷേപമുണ്ട്. ഇത് സഭയുടെ ആത്മീയ നന്മകളുടെ നിക്ഷേപമാണ്. കർത്താവായ യേശുവിന്റെ കുരിശിലെ മരണം വഴി നേടിയ രക്ഷയുടെ അനന്തവും അക്ഷയവുമായ മൂല്യമാണിത്. ഈ നിക്ഷേപത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെയും സകലവിശുദ്ധരുടെയും പ്രാർത്ഥനയും നന്മകളും ചേർന്നിരിക്കുന്നു. അതായത് ഒരാളുടെ വിശുദ്ധിയിൽ നിന്ന് മറ്റുള്ളവർക്ക് പങ്ക് ലഭിക്കുന്നു. സഭയോട് ചേർന്ന് വിശുദ്ധരുടെയും രക്തസാക്ഷികളുടെയും കൂട്ടായ്മയിൽ നാം നോമ്പ്, പരിത്യാഗ പ്രവൃത്തികൾ എന്നിവ ചെയ്യുമ്പോൾ സഭ മുഴുവൻ കൃപ കൊണ്ട് നിറയുന്നു. ആ ചൈതന്യം എല്ലാവരിലും വ്യാപിക്കുന്നു, വിപുലപ്പെടുന്നു. അതിനാൽ സഭയോടൊത്തു നല്ല ഒരുക്കത്തോടെ നോമ്പ് ആചരിക്കാം.

## നഷ്ടമാകുന്ന വിശ്വാസ പാരമ്പര്യങ്ങൾ

നോമ്പുകൾ വളരെ നിഷ്ഠയോടെ അനുഷ്ഠിച്ചിരുന്നവരായിരുന്നു നമ്മുടെ പൂർവികർ. നമ്മുടെ പാരമ്പര്യം പരിശോധിച്ചു നോക്കുമ്പോൾ പ്രധാനപ്പെട്ട എല്ലാ തിരുനാളുകൾക്കും ഒരുക്കമായി നോമ്പ് അനുഷ്ഠിച്ചിരുന്നതായി കാണാം. കഠിനമായ ഉപവാസവും, ദീർഘമായ പ്രാർത്ഥനയും, ഗൗരവമായ ചിട്ടകളും പാലിച്ചിരുന്നു. ഒരു നേരം മാത്രം ഭക്ഷണം കഴിക്കുക, മത്സ്യവും മാംസവും ഉപേക്ഷിക്കുക, കൂടുതൽ സമയം മൗനത്തിലും പ്രാർത്ഥനയിലും കഴിയുക, കൂടെ കൂടെ ദൈവാലയത്തിൽ പോയി പ്രാർത്ഥിക്കുക, തിരുവചന ധ്യാനത്തിൽ കൂടുക, കുരിശിന്റെ വഴി സന്ധ്യാസമയത്ത് ഭവനങ്ങളിലും ഇടവകയിലും നടത്തുക, പീഡാനുഭവ ഗാനങ്ങൾ ആലപിക്കുക, ഈശോയുടെ തിരുമുറിവുകളെ ധ്യാനിക്കുക, ഈശോയുടെ തിരുരക്തത്തോടുള്ള ഭക്തി പുലർത്തുക, കരുണയുടെ ജപമാല ചൊല്ലുക തുടങ്ങിയ നിരവധി ഭക്താഭ്യാസങ്ങൾ നോമ്പുകാലത്ത് നാം നടത്താറുണ്ട്.

നമ്മുടെ ജീവിതത്തിൽ സംതൃപ്തിയോടും ശാന്തതയോടും ജീവിക്കാൻ സഹായിക്കുന്ന ആത്മീയ ആയുധങ്ങളാണ് ഭക്താഭ്യാസങ്ങൾ. രക്ഷാകര അനുഭവത്തിലേക്ക് ഒരു വിശ്വാസി യേശുവിനോടൊപ്പം യാത്ര ചെയ്യുന്ന അനുഭവമാണ് ഭക്തകൃത്യങ്ങളിൽ നിന്ന് ലഭിക്കുന്നത്.

വിശ്വാസത്തിന്റെ നല്ല പാരമ്പര്യങ്ങൾ അനുഷ്ഠിച്ച പിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും അനുഭവങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മോശ നാല്പതു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചപ്പോൾ ദൈവം അവനു സീനായ് മലയിൽവച്ച് പത്തുകല്പനകൾ അടങ്ങിയ കൽപലകകൾ നൽകി. ഏലിയ ദീർഘദർശി നോമ്പിന്റെ ത്യാഗങ്ങൾ അനുഷ്ഠിച്ച് അഗ്നിത്തേരിൽ സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടു. യൗനാൻ പ്രവാചകന്റെ പ്രസംഗം കേട്ട് നിനവെ നഗരം അനുതപിച്ചു. ദാനിയേൽ, ഹനനിയ, മിഷായേൽ, അസിറിയ എന്നിവർ നോമ്പ് മൂലം തീച്ചൂളയിൽ നിന്ന് രക്ഷപ്പെട്ടു. ദാനിയേലിന്റെ നോമ്പ് വഴി അവൻ സിംഹത്തിന്റെ വായിൽ നിന്ന് രക്ഷപ്പെട്ടു. യാക്കോബ് ദൈവത്തോട് മൽപ്പിടുത്തം നടത്തി സ്വർഗ്ഗത്തിലേക്ക് കയറിപ്പോകാൻ ഗോവണി ദർശിച്ചു.

നോമ്പുകാലത്ത് നല്ല പാരമ്പര്യങ്ങൾ അനുഷ്ഠിക്കുന്നത് നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും ഉള്ളവ നഷ്ടപ്പെടുത്താതിരിക്കാനും തിന്മകൾ, പ്രലോഭനങ്ങൾ എന്നിവയെ ജയിക്കാനുമാണ്. ദുഷ്ടനെ ജയിക്കുന്ന വിജയത്തിന്റെ പതാകയാണ് നല്ല അനുഷ്ഠാനങ്ങൾ. നോമ്പിനെ ക്രിസ്തീയ കുടുംബങ്ങളുടെയും സഭയുടെയും വാർഷികധ്യാനമായിട്ടാണ് പിതാക്കന്മാർ കണ്ടിരുന്നത്.

ആത്മീയ നവീകരണം പ്രാപിക്കുന്ന അവസരമായതുകൊണ്ട് കാർക്കശ്യമുള്ള ചിട്ടകൾ നാം പാലിക്കണം. എന്നാൽ നമ്മുടെ കുടുംബങ്ങളിലും സഭാജീവിതത്തിലും വിശ്വാസ ജീവിതത്തിന്റെ നല്ല പാരമ്പര്യങ്ങൾ കുറഞ്ഞു വരുകയും സാമൂഹിക തിന്മകൾ വർദ്ധിച്ചു വളരുകയും ചെയ്യുന്നത് നാം കാണാതെ പോകരുത്.

## ഓശാന മുതൽ ഉയിർപ്പ് വരെ

ഒരു വിശ്വാസിയെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള സന്ദർഭമാണ് വലിയ നോമ്പിന്റെ അവസാനത്തെ പത്ത് ദിനങ്ങൾ. ഒരു വിശ്വാസിയുടെ ആരാധനാജീവിതം സ്വർഗീയ അനുഭവമാകുന്ന കാലയളവാണ് ഓശാന മുതൽ ഉയിർപ്പ് വരെയുള്ള സമയം. രക്ഷയുടെ ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങൾ നടക്കുന്നത് പീഡാസഹന ആഴ്ചയിലാണ്.

## ഓശാന

യേശുവിന്റെ ജീവിതത്തിലേക്കുള്ള രാജകീയ പ്രവേശനം ആണ് ഓശാന. ഓശാന പെരുന്നാളിലൂടെ യേശു ഏതാനും കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

ഒന്ന്, സഹനത്തെ ഒരു രാജാവിനെപോലെ സ്വീകരിക്കുക. രണ്ട്, യേശുവിന്റെ ജീവിതത്തിന്റെ നിർമ്മലത അനുകരിക്കുക. മൂന്ന്, ഓരോ ജീവിതവും ദൈവിക പദ്ധതിയുടെ ഭാഗമാണെന്ന് കരുതുക. നാല്, ദൈവത്തിന്റെ കരുണയിൽ എപ്പോഴും ആശ്രയിക്കുക. അഞ്ച്, എളിമയുടെ തെളിവുള്ള ജീവിതം യേശുവിനെപ്പോലെ നാം നയിക്കണം.



## പെസഹാ

വിശ്വാസത്തിന്റെ അടിസ്ഥാനമായ വിശുദ്ധ കുർബാനയും പൗരോഹിത്യവും സ്ഥാപിച്ച ദിനമാണിത്. പെസഹാ തിരുനാൾ എന്ന് പറഞ്ഞാൽ കടന്നു പോക്ക് എന്നാണ് അർത്ഥം. ദൈവജനം ഫറവോയുടെ അടിമത്തത്തിൽനിന്ന് കാനാൻ ദേശത്തേക്ക് കടന്നു പോയതിന്റെ ഓർമ്മ. സംഹാര ദൂതൻ ഇസ്രായേൽ ഭവനങ്ങളെ സംരക്ഷിച്ച് കടന്നു പോയതിന്റെ അനുസ്മരണം. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക് കടന്നതിന്റെ അനുസ്മരണം. പഴയ ബലി മാറ്റി പുതിയത് സ്ഥാപിച്ചതിന്റെ ഓർമ്മ.

ലോകത്തെ ഗ്രസിച്ച മഹാമാരിയായ കൊറോണയിൽ നിന്ന് മനുഷ്യകുലം ഒരു വീണ്ടെടുപ്പിന് വേണ്ടിയുള്ള കാത്തിരിപ്പ് കാലത്താണ് നോമ്പ് ആചരിക്കുന്നത്. പുത്തൻ പ്രതീക്ഷകളും പുതിയ ആകാശവും പുതിയ ഭൂമിയും സ്വപ്നംകണ്ടു പുതിയ ഒരു കടന്നു പോക്കിന്റെ പെസഹാ ആചരിക്കാൻ ദൈവം കൃപ തരും എന്ന് പ്രത്യാശിക്കാം.

തന്റെ ശരീരരക്തങ്ങൾ നൽകി യേശു പുതിയ ഉടമ്പടി മനുഷ്യകുലത്തിന് നൽകിയ (മത്തായി 26: 26–28) അന്ത്യത്താഴം അന്ത്യമില്ലാത്ത അത്താഴവും അനുഗ്രഹവുമായി ഇന്നും നമ്മിൽ തുടരുന്നു. യേശു പറഞ്ഞു ഞാൻ ജീവന്റെ അപ്പമാണ്. നിങ്ങൾക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും ആണ് ഞാൻ വന്നിരിക്കുന്നത്. കൊറോണ അനേകരുടെ ജീവൻ ഒരു മുന്നറിയിപ്പും കൂടാതെ അപഹരിക്കുന്ന ഈ കാലയളവിൽ നിത്യ ജീവന്റെ അച്ചാരവും സ്വർഗ്ഗീയ യാത്രയ്ക്കുള്ള വഴിയാഹാരവുമായ യേശുവിന്റെ ശരീരരക്തങ്ങൾ നമുക്ക് വലിയ പ്രത്യാശ പകരുന്നു.

## ദുഃഖവെള്ളി

മനുഷ്യകുലത്തിന് ദുഃഖവെള്ളി നല്ല വെള്ളിയാണ്. വെള്ളിയാഴ്ച പലതിനും നല്ല ദിനമല്ല എന്നാണ് നമ്മുടെ ചിന്ത, അത് ശരിയല്ല. കാരണം മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതും രക്ഷിക്കപ്പെട്ടതും വെള്ളിയാഴ്ചയാണ്. അത് ഏറ്റവും അനുഗ്രഹ സമ്പന്നമായ ദിനമാണ്. യേശു ദുഃഖവെള്ളിയാഴ്ച സഹനമാകുന്ന പാനപാത്രം കുടിച്ച് മനുഷ്യ രക്ഷ നേടിത്തന്നു. ദുഃഖവെള്ളിയാഴ്ചയുടെ സന്ദേശം കുരിശിന്റെ വഴിയിലൂടെ ഈ നോമ്പുകാലത്ത് നാം പങ്കുവയ്ക്കുന്നു. രക്ഷയുടെ പാതയിലെ ഈ യാത്ര നമുക്ക് സ്വർഗ്ഗീയ പ്രത്യാശ പകരുന്നതാണ്. സഹനം ഇല്ലാത്ത ക്രൈസ്തവജീവിതം ക്രിസ്തുവിന്റെ മനസ്സിനിണങ്ങിയതല്ല.സഹനജീവിതം സ്വാർത്ഥ ജീവിതത്തെ അതിജീവിക്കാനുള്ള അവസരമാണ്.

## ഉത്ഥാനം

യേശുവിന്റെ ഉത്ഥാനം ലോകത്തിന് മുഴുവൻ പ്രത്യാശയും സന്തോഷം പകരുന്നു. അതുവഴി ഒരു പുതിയ യുഗത്തിന് ആരംഭം കുറിച്ചു. പ്രത്യാശയുടെ സംസ്കാരം പിറന്നുവീണു. ഉപഭോഗ സംസ്കാരത്തിനും തീറ്റ സംസ്കാരത്തിനും അടിമപ്പെട്ട അവസരവാദികളും അരാജകത്വ വാദികളുമായി ജീവിക്കുന്നവർക്ക് ഈസ്റ്റർ കടുത്ത വെല്ലുവിളിയാണ്.

മരണത്തോടുകൂടി ജീവിതത്തിന്റെ അന്ത്യം കാണുന്നവർക്കും, നിരീശ്വരവാദികൾക്കും ഈസ്റ്റർ വെല്ലുവിളിയാണ്. ആദിമ ക്രിസ്ത്യാനികളെ ഉത്ഥാനത്തിന്റെ മക്കൾ എന്നാണ് വിളിച്ചിരുന്നത്. അവരെല്ലാം പീഡാനുഭവങ്ങളിലും പ്രതിസന്ധികളിലും കർത്താവ് വേഗം വരുമെന്ന് പ്രത്യാശിച്ച് (മാറാനീത്താ) ജീവിച്ചു. ജീവന്റെ ക്ഷണിക ചൈതന്യമാണ് ഉത്ഥാനത്തെ ദീപ്തമാക്കുന്നത്. ഭൂമിയിലെ ഒരു വിപ്ലവത്തിനും നായകത്വം വഹിക്കാതെ എല്ലാ വിപ്ലവങ്ങൾക്കും നായകത്വമായി മാറുന്നു യേശുവിന്റെ ഉത്ഥാനം.

ഇനിയും നാം ദൈവത്തിൽ ആശ്രയിക്കേണ്ടത് പുതിയ ഭാഷയിലാണ്; ഉത്ഥാനത്തിന്റെ ഭാഷയിൽ. ഈ ഭാഷ ന്യൂജൻസിന് (New gens) അന്യമാണ്. പുതിയ ലോകസൃഷ്ടിയുടെ ഭാഷ ന്യൂജൻസിന് അഭ്യസിക്കാനുള്ള കാലയളവാണ് നോമ്പ്. ലോകത്ത് ഏറ്റവും വലിയ ഫോബിയ അനുഭവിക്കുന്നത് ന്യൂ ജെൻസ് ആണ്. അവരിൽ നിരാശയുടെയും അരാജകത്വത്തിന്റെയും അവ്യക്തതയുടെയും മരണ സംസ്കാരത്തിന്റെയും ഫോബിയ ഉണ്ട്. യേശുവിന്റെ ഉത്ഥാനം, ഈ ഫോബിയ തച്ചുടച്ചു. യേശു പറഞ്ഞു 'ഞാൻ പുനരുത്ഥാനവും ജീവനുമാണ്. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.' മരണത്തിനപ്പുറമുള്ള പ്രത്യാശയിലേക്ക് ന്യൂ ജെൻസിന് സമർപ്പണം നടത്താൻ നോമ്പ് സഹായിക്കണം.

ലോക സഞ്ചാരിയായ കൊളംബസ് തന്റെ ലോക പര്യടനത്തിനു മുൻപ് കടൽത്തീരത്ത് എഴുതിവച്ചു 'ഈ കടലിനപ്പുറം' ലോകമില്ല. യാത്ര കഴിഞ്ഞ് മടങ്ങിയ കൊളംബസ് ബോർഡ് മാറ്റിയെഴുതി 'ഈ കടലിനപ്പുറത്ത് മനോഹരമായ ഭൂപ്രദേശങ്ങൾ ഉണ്ട്.' നശ്വരമായ ഈ ലോകത്തിനപ്പുറം അനശ്വരമായ സ്വർഗം ഉണ്ടെന്ന് ഉറപ്പു നൽകുന്ന ചരിത്രസംഭവമാണ് ഈസ്റ്റർ. യേശു മരിച്ച് 36 മണിക്കൂർ കഴിഞ്ഞപ്പോൾ ഉയിർത്തെഴുന്നേറ്റു. സത്യത്തിനും സാഹോദര്യത്തിനും സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി യേശു നാമത്തിൽ പോരാടി മരിക്കുന്ന രക്തസാക്ഷികൾക്ക് 36 മണിക്കൂർ മരണമേയുള്ളൂ എന്നു ഉത്ഥാനം പ്രഘോഷിക്കുന്നു. മരണത്തിനും മരണമുണ്ടെന്ന് ലോകം തിരിച്ചറിഞ്ഞ ദിനമാണ് ഉത്ഥാനം. ഉത്ഥാനത്തിന്റെ മക്കളായി പ്രത്യാശയോടെ നമുക്ക് ജീവിക്കാം.

# ജനാലകളിൽ ഒരുക്കാം പച്ചപ്പ്



വീട്ടുകൃഷി
ജോസ് കെ. വയലിൽ

ജനാലകൾ വായുവും വെളിച്ചവും കയറാൻ മാത്രമല്ല, ചെറിയൊരു പച്ചപ്പിനും ഉപയോഗിക്കാം. പൂന്തോട്ടമുണ്ടാക്കാൻ സ്ഥലമില്ലെന്നോർത്ത് നിരാശ വേണ്ട. മുറ്റമില്ലെങ്കിലെന്താ നല്ല ജനാലകളുണ്ടെങ്കിൽ സ്വീകരണമുറിയിൽ വരെ തുളസിയും കറിവേപ്പിലയുമെല്ലാം വളർത്താം.

ജനാലയിൽ തുളസിയും കറിവേപ്പിലയും പനിക്കൂർക്കയുമെല്ലാം നട്ടുവളർത്തുന്ന 'വിൻഡോ ഗാർഡൻ' തരംഗമാകുന്നു. വെർട്ടിക്കൽ ശൈലിയിലുള്ള പൂന്തോട്ടം സ്വീകരണമുറിയെ ഹരിതാഭമാക്കുന്നതിനൊപ്പം മുറിയിൽ ഊർജം നിറഞ്ഞ പരിസ്ഥിതി സൗഹൃദ അന്തരീക്ഷം ഉറപ്പാക്കാനും സഹായകമാണ്. ഫ്ളാറ്റിലും വില്ലകളിലും ചെറിയ സൗകര്യത്തിൽ താമസിക്കുന്നവർക്ക് വിൻഡോ ഗാർഡൻ വീട്ടിനുള്ളിൽ പച്ചപ്പും മനസ്സിന് ഉന്മേഷവും നൽകും.



ജനാലയുടെ രണ്ടു വശങ്ങളിലും ഉറപ്പിക്കാവുന്ന ചെറിയ പാത്രങ്ങളിലാണ് വിൻഡോ ഗാർഡൻ ഒരുക്കേണ്ടത്. ചെറിയ രീതിയിൽ ലൈറ്റിങ് കൂടി കൊടുത്താൽ രാത്രികളിൽ സ്വീകരണമുറിയുടെ സൗന്ദര്യമേറും. തുളസി, പനിക്കൂർക്ക, കറ്റാർവാഴ, പുതിന, മല്ലിയില എന്നിവയെല്ലാം ഇവയിൽ നടാം.

ചകിരിച്ചോറും മണ്ണും 1:1 എന്ന അനുപാതത്തിൽ തയാറാക്കി വേണം ചെടികൾ നടാൻ. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം വെള്ളം സ്പ്രേ ചെയ്തു കൊടുത്താൽ മതി. ചെറിയ ട്രേയിലാക്കി ചെടിച്ചട്ടികൾ വയ്ക്കുമ്പോൾ അധികമുള്ള വെള്ളം ട്രേയിൽ വീഴും. ട്രേ വൃത്തിയാക്കിയാൽ മാത്രം മതി.

## ചില്ലുകൂട്ടിലെ ഉദ്യാനഭംഗി

ഒരു ചില്ലുപാത്രത്തിലേക്ക് ഒരു ചെടിയോ പല ചെടികളോ വിവിധ തട്ടിലാക്കി ഒരുക്കുന്ന വിദ്യയാണ് ടെറേറിയം. പ്രകൃതിയുടെ പച്ചപ്പും പാത്രത്തിന്റെ ഭംഗിയും അതിനുള്ളിലെ അടുക്കലും വ്യത്യസ്ത നിറവിന്യാസവുമൊക്കെയാണ് ടെറേറിയത്തിന്റെ ഭംഗി കൂട്ടുന്നത്. യൂറോപ്യൻ രാജ്യങ്ങളിൽനിന്നാണ് ഈ വിദ്യ പടർന്നത്.

ചില്ലുഭരണിയിൽ അടച്ചുവച്ചു സംരക്ഷിക്കുന്ന രീതിയിലും പാതി തുറന്ന പാത്രത്തിൽ ഒരുക്കുന്ന വിധത്തിലും ടെറേറിയം നിർമിക്കാം. പൂർണമായി അടച്ചുവയ്ക്കാവുന്ന ടെറേറിയത്തിൽ ചൂടും ഈർപ്പവും കൂടും. അതിനാൽ പരിപാലനം അൽപം ബുദ്ധിമുട്ടാണ്. പാതി തുറന്നവയിൽ അധികം ഈർപ്പം തങ്ങില്ല. ചൂടും അധികമുണ്ടാകില്ല.

ഈർപ്പം ആവശ്യമുള്ള അക്കേറിയം ഇനങ്ങൾക്ക് ചികിരിച്ചോറ് അധികം ചേർത്തുണ്ടാക്കിയ മിശ്രിതം വേണം ഉപയോഗിക്കാൻ.കുറച്ച് ഈർപ്പം ആവശ്യമുള്ള സക്കുലന്റ്, കള്ളിച്ചെടി ഇനങ്ങൾക്കു വെള്ളം വാർന്നുപോകുന്ന മിശ്രിതം വേണം.

ആശ്രയ സി.എം.ഐ
ഹോളിസ്റ്റിക് കൗൺസിലിംഗ് സെന്റർ



ജീവിതത്തിന്റെ ഓജസ്സും തേജസ്സും ഉന്മേഷവും നിങ്ങൾക്കു നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ കാരണങ്ങൾ എന്തുമാകട്ടെ അത് തിരിച്ചെടുക്കാനുള്ള സുവർണ്ണാവസരം ആശ്രയ നിങ്ങൾക്ക് നൽകുന്നു.

● സി.എം.ഐ സഭയുടെ സാമൂഹിക സേവനവിഭാഗമായ സ്റ്റാർസിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ച് ഇപ്പോൾ നവീകൃതവും സുസജ്ജവുമായിരിക്കുന്ന പ്രഫഷണൽ കൗൺസിലിംഗ് സെന്ററാണ് ആശ്രയ സി. എം. ഐ ഹോളിസ്റ്റിക് കൗൺസിലിംഗ് സെന്റർ.

● മാനസിക-വൈകാരിക ആരോഗ്യം മെച്ചപ്പെടുത്തി, ജീവിതാനന്ദം ഏവർക്കും അനുഭവവേദ്യമാക്കിത്തീർക്കുക എന്നതാണ് ആശ്രയയുടെ ലക്ഷ്യം.

● കൗൺസിലിംഗ്, സൈക്കോ തെറാപ്പി എന്നിവയിലൂടെ വ്യക്തിപരമായ കാഴ്ചപ്പാടുകൾ മാറ്റിയെടുത്ത്, ഓരോ വ്യക്തിക്കും അവർ അനുഭവിക്കുന്ന ജീവിത പ്രശ്നങ്ങളെ നേരിടാൻ സാധിക്കും എന്ന ലളിതസത്യം കൂടുതൽ പേരിൽ എത്തിക്കാൻ ആശ്രയ ശ്രമിക്കുന്നു.

സവിശേഷതകൾ

● പ്രഫഷണൽ കൗൺസലിംഗ്
● ഫാമിലി കൗൺസലിംഗ്
● സൈക്കോ തെറാപ്പി
● ഗ്രൂപ്പ് തെറാപ്പി
● ലൈഫ് കോച്ചിംഗ്
● ബോധവത്ക്കരണ ക്ലാസുകൾ

എല്ലാ ബുധനാഴ്ചകളിലും അമലാപുരി, ചാവറ കൾച്ചറൽ സെന്ററിലും

വ്യക്തികൾ, ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ, കൗമാരക്കാർ, ദമ്പതികൾ, വയോധികർ തുടങ്ങി ഏത് പ്രായക്കാർക്കും ആശ്രയ ആശ്രയമാകുന്നു.

For Booking: Mob:8086441346, 7736948195 Tel: 0495-2491199
Working Hours: 10 am - 4 pm. (Monday-Saturday)

ASHRAYA CMI HOLISTIC COUNSELLING CENTRE
Kalleri, Peruvayal, Kozhikode-673 024, Kerala
E-mail:ashrayacmi24@gmail.com

Calicut → Medical College → Poovattuparamba → Kalleri ← Peruvayal ← Mavoor

OUR CENTRES: THALIPARAMBA | KALPETTA | AMALAPURI | KALLERI

MOTHER TERESA
IELTS & OET
TRAINING CENTRE

Our Highlight : Excelent Results
ADMISSION STARTED




● IELTS/OET/CBT Coaching
● Reasonable Fee Structure
● Communicative English Coaching
● Direct & Online Classes
● Experienced & Qualified Faculty
● Excellent Results
● Hostel Facility
● Providing Overseas Placement Through LDS Thamarassery

Mother Teresa
IELTS and OET Training Centre
Near Govt. Higher Secondary School Puthuppady, Calicut
Mob: +91 9072308050, 9447886341
Email: contactmotherteresa@gmail.com

A Venture of
Diocese of Thamarassery

# കുതിച്ചുയർന്ന് ഇന്ധന വില; നിർദ്ദയം നികുതിക്കൊള്ള

**ഇന്ധനങ്ങളുടെ വിൽപ്പന നികുതി മിക്കവാറും സംസ്ഥാനങ്ങളുടെ സ്വന്തം നികുതി വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. നികുതി നിശ്ചയിക്കുന്നതിന്റെ അധികാരം വേണ്ടെന്ന് വെച്ച് ജിഎസ്ടിയിലേക്ക് മാറാൻ സംസ്ഥാനങ്ങൾ വിസമ്മതിക്കുന്നതിന്റെ കാരണമിതാണ്. ഇതിലെ വരുമാനം ഇല്ലാതായാൽ സംസ്ഥാനങ്ങളുടെ സ്ഥിതി പരിതാപകരമാകും**



ബാബു കദളിക്കാട്
(മാധ്യമ പ്രവർത്തകൻ)




കൊച്ചി മെട്രോയിൽ കളമശേരി കുസാറ്റ് സ്റേറഷനിൽ നിന്നു കയറി എറണാകുളം ഭാഗത്തേക്കു യാത്ര ചെയ്യവേ രണ്ടു വിദ്യാസമ്പന്നരുടെ ചൂടു പിടിച്ച സംസാര വിഷയം: ഇന്ധന വില വർദ്ധന. പുരുഷ കേസരികളിൽ താരതമ്യേന ഉയർന്ന സ്വരമുള്ളയാൾ വീറോടെ പറഞ്ഞു, ഇത് ഇന്ധനക്കൊള്ള തന്നെ. 'തേരട്ടയുടെ പണിയാണു മോദി സർക്കാരിന്റേതെ'ന്ന കടുത്ത ഭാഷയാണ് എതിർ സീറ്റിലിരുന്ന് മാസ്ക് തടവിക്കൊണ്ട് മൃദുഭാഷിയെന്നു തോന്നിച്ച സഹയാത്രികനിൽ നിന്നുണ്ടായത്.

ഇങ്ങനെ കടുപ്പിച്ചു വിമർശിച്ചാൽ കേസിൽ കുടുങ്ങാനുള്ള സാധ്യതയിലേക്കു സംസാരം കടന്നപ്പോൾ ഒരു സീറ്റിനപ്പുറം ചർച്ച സശ്രദ്ധം കേട്ടുകൊണ്ടിരുന്ന മിടുക്കിയായ യുവതി മെല്ലെ ഇടപെട്ടു. ഇല്ല സർ, പാർലമെന്റിൽ കഴിഞ്ഞ ദിവസം മോദിജി പാവം കർഷകരെ വിളിച്ചത് 'പാരസൈറ്റ്സ്' എന്നാണ്. ആന്തോളൻ ജീവി, വിഷം വമിക്കുന്ന സൂക്ഷ്മ ജീവി എന്നുമെല്ലാം മോദിക്കു വിളിക്കാമെങ്കിൽ തേരട്ട എന്നു പറയുന്നതിൽ തെറ്റില്ലെന്ന യുവതിയുടെ തീർപ്പ് രണ്ടുപേരും ശരിവച്ചു.

എന്തായാലും, അന്താരാഷ്ട്ര വിപണിയിലെ ക്രൂഡ് ഓയിൽ വിലവർധനയാണ് പെട്രോൾ, ഡീസൽ വില വർധിക്കാൻ പ്രധാന കാരണമെന്ന വാദം പൂർണമായി ശരിയല്ലെന്ന കാര്യത്തിൽ മൂവരും ഏകാഭിപ്രായത്തിലെത്തി കലൂരിൽ മെട്രോ ട്രെയിൻ നിർത്തുമ്പോഴേക്കും. വിപണിയിലെ വില വർധനവിന് അതു മാത്രമാണു കാരണമെങ്കിൽ രാജ്യാന്തര വിപണിയിലെ നിരക്ക് കുറയുന്നതനുസരിച്ച് രാജ്യത്തെ വില കുറയേണ്ടതായിരുന്നു. മറ്റ് ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ എന്തുകൊണ്ട് ഇത്രയും വില ഇല്ലെന്ന ചോദ്യവും ഉയർന്നു. ചില സമയങ്ങളിൽ വില ഉയരാതിരിക്കുകയും പിന്നീട് വില ഉയരുകയും ചെയ്യുന്നതിനു പിന്നിൽ രാഷ്ട്രീയ കാരണങ്ങളും എണ്ണക്കമ്പനികളുടേതടക്കം ചില കേന്ദ്രങ്ങളുടെ സാമ്പത്തിക അജണ്ടകളും ചൂണ്ടിക്കാണിക്കപ്പെട്ടു. 'വലിച്ചു നീട്ടുകയാണ് ഇന്ധന വില; വിട്ടാൽ അത് പൂർവസ്ഥിതി പ്രാപിക്കുകയുമില്ല'- മൃദു ഭാഷി ഈണത്തിൽ മൊഴിഞ്ഞ ശേഷം യാത്ര പറയാതെ കലൂരിൽ ഇറങ്ങി.

പാചകവാതക സിലിണ്ടറിന് വില അടിക്കടി കൂട്ടുന്നതും നാടെങ്ങും ചർച്ചാവിഷയമാണ്. ഗാർഹിക ഉപഭോക്താക്കൾക്കുള്ള എൽപിജി സിലിണ്ടറിന് 200 രൂപയാണ് 3 മാസത്തിനിടെ വർധിപ്പിച്ചിരിക്കുന്നത്. ഏറെ മാസങ്ങളായി മുടങ്ങിക്കിടക്കുന്ന സബ്സിഡി പുനഃസ്ഥാപിക്കുന്ന കാര്യം അനിശ്ചിതത്വത്തിൽ തുടരുകയുമാണ്. ഇന്ധനങ്ങളുടെ വിൽപ്പനയിൽ വിവിധ നികുതിയിനങ്ങളിൽ നിന്നായി 4.13 ലക്ഷം കോടി രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കുന്ന കാര്യം രഹസ്യമല്ല. ഇതിൽ എക്സൈസ്, കസ്റ്റംസ് നികുതികളാണ് ഏറ്റവുമധികം വരുമാനം നേടിക്കൊടുക്കുന്നത്. അത് ഏകദേശം 49% വരും. രണ്ടാം സ്ഥാനം സംസ്ഥാനങ്ങൾ പിരിക്കുന്ന വിൽപ്പന നികുതിയാണ്. ഏകദേശം 39%. വിൽപ്പന നികുതിയില്ലാത്ത നാഫ്ത പോലുള്ള ഇന്ധനങ്ങൾക്കു നിലവിൽ ജി എസ് ടിയാണ് ബാധകം. ഇതിൽ വെറും 2 ശതമാനമേ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നുള്ളൂ എന്നതുൾപ്പെടെയുള്ള വിവരങ്ങൾ സാധാരണ ജനങ്ങൾക്കറിയാമിപ്പോൾ.

ജി എസ് ടിയുടെ ഏറ്റവും കൂടിയ സ്ലാബ് 28 ശതമാനമാണെന്നിരിക്കെ ജി എസ് ടിയിൽ പെടുത്തിയാൽ ഇന്ധനവില അറുപതിനും എഴുപതിനുമിടയിൽ പിടിച്ചു നിർത്താനായേക്കുമെന്നത് വെറും ഊഹമല്ല. എന്നാൽ ജി എസ് ടിയിൽ ഉൾപ്പെടുത്താൻ സമ്മതമാണെന്ന് അടിക്കടി പറയുകയല്ലാതെ കേന്ദ്രം അതിനുള്ള നടപടികൾ സ്വീകരിക്കുകയോ സംസ്ഥാനങ്ങൾ സമ്മർദം ചെലുത്തുകയോ ചെയ്യുന്നില്ല. ജി എസ് ടിയിൽ ഉൾപ്പെടുത്തുന്നതിന് ഇരു വിഭാഗത്തിനും യഥാർത്ഥത്തിൽ താത്പര്യമില്ലെന്നതാണ് വസ്തുത.

ഇന്ധനങ്ങളുടെ വിൽപ്പന നികുതി മിക്കവാറും സംസ്ഥാനങ്ങളുടെ സ്വന്തം നികുതി വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. നികുതി നിശ്ചയിക്കുന്നതിന്റെ അധികാരം വേണ്ടെന്ന് വെച്ച് ജി എസ് ടിയിലേക്ക് മാറാൻ സംസ്ഥാനങ്ങൾ വിസമ്മതിക്കുന്നതിന്റെ കാരണമിതാണ്. ഇതിലെ വരുമാനം ഇല്ലാതായാൽ സംസ്ഥാനങ്ങളുടെ സ്ഥിതി പരിതാപകരമാകും. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുതിച്ചുകയറുന്നതിൽ കാര്യമായ നേട്ടം കേന്ദ്ര സർക്കാരിനാണ് ലഭിക്കുന്നതെന്നു സാരം. സാധാരണക്കാരെ നിയമപരമായി ഊറ്റിയെടുത്ത് കൊള്ള ലാഭം നേടുന്ന തന്ത്രമെന്നു പറഞ്ഞാൽ അതിശയോക്തിയാകില്ല. ആ കൊള്ളമുതലിന്റെ ചെറിയ വിഹിതം കൊണ്ട് തൃപ്തിയടയേണ്ടി വരുന്നു സംസ്ഥാനങ്ങൾക്ക്.

അതേസമയം, പെട്രോളിയം ഉത്പന്നങ്ങളെ ജി.എസ്.ടി പരിധിയിലേക്ക് കൊണ്ടു വരുന്നതിൽ കേന്ദ്ര സർക്കാരിന് എതിർപ്പില്ലെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞത് യാഥാർത്ഥ്യമാകുമെന്ന വിശ്വാസം തൽക്കാലം സാമ്പത്തിക വിദഗ്ധർക്കില്ല. ജി എസ് ടി യിലേക്കു വന്നാൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ഈയിനത്തിൽ വലിയ വരുമാനക്കുറവുണ്ടാകുമെന്നതു തന്നെ കാരണം. ഇന്ധന വില വർദ്ധനവ് ഉണ്ടാകുന്നത് 'മഹാസങ്കടകരമായ കാര്യമാണ്' എന്നും ഇന്ധന വില നിശ്ചയിക്കുന്നത് എണ്ണക്കമ്പനികളാണെന്നുമൊക്കെയായിരുന്നു നിർമ്മല സീതാരാമന്റെ എണ്ണിപ്പറച്ചിൽ.

ഇന്ധനവില ജി എസ് ടിയിൽ ഉൾപ്പെടുത്തുന്നതിന് നിയമഭേദഗതി ആവശ്യമില്ല. വില വർദ്ധന പിടിച്ചുനിർത്താനായി കേന്ദ്ര സർക്കാരും സംസ്ഥാനങ്ങളും യോജിച്ച് നികുതി കുറയ്ക്കാൻ തയ്യാറാകണമെന്നു മാത്രം. ഇന്ധനവില ജി എസ് ടി പരിധിയിൽ കൊണ്ടുവരുന്നതിന് സംസ്ഥാനങ്ങൾ തമ്മിൽ സമവായം ഉണ്ടാകണം. ജി എസ് ടി പരിധിയിൽ വന്നാൽ രാജ്യമാകെ ഒറ്റ വിലയാകും. ഇതുവഴി കേന്ദ്രവും സംസ്ഥാനങ്ങളും വെവ്വേറെ നികുതി പിരിക്കുന്നത് ഒഴിവാക്കാനാകുമെന്നും നിർമ്മല ചൂണ്ടിക്കാട്ടി.

ലോക്ഡൗൺ പ്രഖ്യാപിച്ച മാർച്ച് 16 ന് പെട്രോളിന്റെ ഡൽഹിയിലെ വില 69.59 രൂപയായിരുന്നു. ലോക്ഡൗൺ കാലയളവിൽ നികുതി വർധിപ്പിച്ച 13 സംസ്ഥാനങ്ങളിലൊഴികെ മറ്റെല്ലായിടത്തും ലോക്ഡൗൺ മാറ്റിയ ജൂൺ എട്ട് വരെ വില വ്യത്യാസം കൂടാതെ തുടർന്നു. എന്നാൽ പിന്നീടു തുടർച്ചയായി ജൂൺ 26 വരെ വില വർധിച്ചുകൊണ്ടിരുന്നു. ഈ കാലയളവിൽ ക്രൂഡ് ഓയിലിന്റെ വിലയും ഉയരുന്നുണ്ടായിരുന്നു. എന്നാൽ അന്തരാഷ്ട്ര വിപണിയിൽ വില കുറഞ്ഞ ജൂൺ 26 മുതൽ ഓഗസ്റ്റ് 15 വരെ ആഭ്യന്തര വില മാറിയതേയില്ല.

ഇന്ത്യയിലെത്തിച്ച ക്രൂഡ് ഓയിലിന്റെ ശരാശരി വില ഈ കാലയളവിൽ 42.72 ഡോളർ ആയിരുന്നു. തുടർന്ന് ഓഗസ്റ്റിൽ 44.19 ഡോളറായ ശേഷം സെപ്റ്റംബറിൽ 41.35 ഡോളറായും ഒക്ടോബറിൽ 39.9 ഡോളറായും വില കുറഞ്ഞു. എന്നാൽ സെപ്റ്റംബർ 22 മുതൽ നവംബർ 19 വരെ ബീഹാർ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് റീട്ടെയ്ൽ വില മാറ്റമില്ലാതെ നിന്നു. അതിനു ശേഷമാണ് സ്ഥിരമായി കൂട്ടിത്തുടങ്ങിയത്. അന്താരാഷ്ട്ര വില വർധനവിനപ്പുറമായി രാഷ്ട്രീയം ഉൾപ്പെടെയുള്ള ആഭ്യന്തര കാരണങ്ങളും കൂടിച്ചേർന്നാണ് ഇന്ത്യയിൽ ഇന്ധന വില കൂട്ടുന്നതും കുറയ്ക്കുന്നതുമെന്നു സാരം.അതേസമയം, ഇപ്പോൾ കേരളവും ബംഗാളും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നിയമസഭാതെരഞ്ഞെടുപ്പു വരുമ്പോഴും ഇന്ധന വില തുടർച്ചയായി ഉയരുമ്പോൾ ബി ജെ പിയുടെ സംസ്ഥാന ഘടകങ്ങൾ വല്ലാതെ പ്രതിരോധത്തിലാവുകയാണ്.

വിസ്കോസിറ്റി, സാന്ദ്രത, ഭാരം, ദ്രാവകത എന്നിവയിലെ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ 160 ഓളം വ്യത്യസ്തതരം അസംസ്കൃത എണ്ണകളാണ് ആഗോളതലത്തിൽ വ്യാപാരം ചെയ്യുന്നത്. ഇതിൽ ബ്രെന്റ്, ഒമാൻ, ദുബായ് വേരിയന്റുകളുടെ നിശ്ചിത അനുപാതത്തിലെ സമന്വയം കണക്കാക്കി ഇന്ത്യൻ ബാസ്കറ്റ് നിശ്ചയിക്കുന്നു. അതിനനുസൃതമായി ചില്ലറ അടിസ്ഥാന വില നിർണയിക്കുന്നു. ഇന്ത്യയിൽ പെട്രോളിയം ഉത്പന്നങ്ങളുടെ ചില്ലറ വില നിർണയം മൂന്നു ഘട്ടങ്ങളിലായിട്ടാണെന്നാണു വയ്പ്. ഒന്നാം ഘട്ടത്തിൽ ഓയിൽ മാർക്കറ്റിങ് കമ്പനികൾ അന്താരാഷ്ട്ര മാർക്കറ്റിൽ നിന്ന് ക്രൂഡ് ഓയിൽ ഡോളറിൽ വാങ്ങുന്നു.അതിനോടൊപ്പം വിദേശത്ത് നിന്നുള്ള കടത്തു കൂലിയും കസ്റ്റംസ് ഡ്യൂട്ടിയും ചേർത്ത് അന്നത്തെ എക്സ്ചേഞ്ച് നിരക്കിൽ ഇന്ത്യൻ രൂപയിൽ ആക്കുന്നു. അതിനൊപ്പം റിഫൈനറി ചാർജുകൾ, ന്യായ ലാഭം, രാജ്യത്തിനകത്തെ കടത്തു കൂലി എന്നിവ ചേർത്ത് വില നിശ്ചയിക്കുന്നു. കേന്ദ്രത്തിന്റെ നികുതി ചേർക്കൽ രണ്ടാം ഘട്ടത്തിലാണ്. മൂന്ന് ഘടകങ്ങൾ ആണ് കേന്ദ്ര നികുതിയിൽ.എക്സൈസ് ഡ്യൂട്ടി, സ്പെഷ്യൽ അഡിഷണൽ എക്സൈസ് ഡ്യൂട്ടി, റോഡ് & ഇൻഫ്രാസ്ട്രക്ച്ചർ സെസ്സ് എന്നിവ.

പേജ് 15-ൽ തുടരും ▸

# തൊഴിലല്ല രാഷ്ട്രീയം

**രാഷ്ട്രീയം ഒരു ഉപജീവനമാർഗ്ഗമായി മാറ്റാതെ രാഷ്ട്ര സേവനത്തിനും നാടിന്റെ നന്മയ്ക്കും ഉതകുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഇച്ഛാശക്തിയുള്ള ആർക്കും ധൈര്യമായി രാഷ്ട്രീയത്തിലേക്ക് കടന്നു വരാവുന്നതാണ്**



അലക്സ് തോമസ്
(പ്രസിഡന്റ്,
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്)

ഒരിക്കൽ ഒരു സ്കൂൾ സന്ദർശിച്ച് അവിടുത്തെ വിദ്യാർത്ഥികളുമായി സംസാരിക്കവേ മുൻ രാഷ്ട്രപതി ഡോ. എ. പി. ജെ അബ്ദുൽ കലാം പറഞ്ഞു: 'To achieve results and to be successful in life we must master and understand three mighty forces Desire, Belief and Expectation.' അദ്ദേഹം ഇതിൽ പറഞ്ഞ 'ആഗ്രഹം, വിശ്വാസം, പ്രതീക്ഷ' എന്നീ മൂന്ന് ഘടകങ്ങളാണ് അടിസ്ഥാനപരമായി ഒരു വ്യക്തിക്ക് അല്ലെങ്കിൽ ഒരു രാഷ്ട്രീയക്കാരന് അവരുടെ പ്രവർത്തന മേഖലയിൽ വിജയത്തിന് ആവശ്യമായി ഉണ്ടാവേണ്ടത്.

ആരോഗ്യകരമായ രാഷ്ട്രീയ പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ മാത്രമേ സുശക്തമായ രാഷ്ട്രം ജനാധിപത്യരീതിയിൽ രൂപപ്പെടുകയും നിലനിൽക്കുകയും ചെയ്യുകയുള്ളൂ. അവർക്ക് വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടും ജനക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവും അനിവാര്യമാണ്. രാജ്യത്തെ തീറ്റിപ്പോറ്റുന്ന കർഷകരും രാജ്യത്തിന്റെ അതിർത്തികൾ കാത്തുസൂക്ഷിക്കുന്ന സൈനികരും പോലെ തന്നെ പ്രാധാന്യം അർഹിക്കുന്നവരാണ് രാജ്യഭരണം നിയന്ത്രിക്കുന്ന രാഷ്ട്രബോധമുള്ള രാഷ്ട്രീയ പ്രവർത്തകരും. എന്നാൽ വിവരസാങ്കേതികവിദ്യ ഇത്രയേറെ വളർന്ന ഈ കാലഘട്ടത്തിൽ വിദ്യാസമ്പന്നരായ നേതാക്കന്മാർ വളർന്നു വരേണ്ടത് അത്യന്താപേക്ഷിതമാണ്.

## പ്രതീക്ഷ നൽകി പുതുതലമുറ

കാലം മാറുന്നതിനനുസരിച്ച് പ്രവർത്തനരീതിയും വികസന കാഴ്ചപ്പാടുകളും മാറേണ്ടതുണ്ട്. കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് അവയെ വേണ്ട വിധം ഉൾക്കൊള്ളാൻ പല മുതിർന്ന നേതാക്കന്മാർക്കും കഴിയാറില്ല. അഭ്യസ്തവിദ്യരായ പുതുതലമുറ കൃത്യമായ ഇടവേളകളിൽ രാഷ്ട്രീയപ്രവേശനം നടത്തിയാൽ, ഏത് പാർട്ടിയും ആയിക്കൊള്ളട്ടെ– അവ ക്രിയാത്മകമായ മാറ്റങ്ങൾക്ക് വേദിയാകുമെന്നതിൽ സംശയമില്ല. ഇന്ന് കാലഘട്ടം മാറി വരുന്നുണ്ട് എന്നത് ഒരു ശുഭസൂചനയാണ്. വിദ്യാസമ്പന്നരും ചെറുപ്പക്കാരുമായ ഒരുപിടി നേതാക്കൾ മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് കടന്നു വരുന്നത് പുതുതലമുറയ്ക്ക് ഒത്തിരി പ്രതീക്ഷകൾ നൽകുന്നതാണ്.

## അപമാനം കോർപ്പറേറ്റ് രാഷ്ട്രീയം

പരമ്പരാഗത രീതിയിൽ നിന്നും മാറി ചിന്തിക്കേണ്ട കാലഘട്ടം അതിക്രമിച്ചു. താൻ വിശ്വസിക്കുന്ന പ്രസ്ഥാനത്തെയും ആശയസംഹിതയേയും ഒറ്റദിവസംകൊണ്ട് വലിച്ചെറിഞ്ഞ്, താൽക്കാലിക സ്ഥാനമാനങ്ങൾക്കും സമ്പത്തിനും വേണ്ടി തനിക്ക് വോട്ട് ചെയ്ത ജനങ്ങളെയും പ്രസ്ഥാനത്തെയും ഒറ്റു കൊടുക്കുന്ന കപട രാഷ്ട്രീയക്കാരുടെ നാടകങ്ങൾ നമ്മൾ നിത്യേനയെന്നോണം കണ്ടുകൊണ്ടിരിക്കുകയാണ്. ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭൂരിപക്ഷ പാർട്ടിയിലെ ജനപ്രതിനിധികളെ പേടിപ്പിച്ചും പീഡിപ്പിച്ചും മോഹന വാഗ്ദാനങ്ങൾ നൽകിയും കാലുവാരി ഭരണം പിടിച്ചെടുക്കുന്ന അഭിനവ കോർപ്പറേറ്റ് രാഷ്ട്രീയവും നമുക്കു പരിചിതമാണ്. നമ്മുടെ രാജ്യത്തെ കോർപ്പറേറ്റ് ഭീമന്മാർക്ക് വേണ്ടി ജനവഞ്ചന നടത്തി രാജ്യത്തെ ഒറ്റുകൊടുക്കുന്ന ഇത്തരം രാഷ്ട്രീയക്കാർ അപമാനം തന്നെയാണ്. കണക്കില്ലാതെ ലഭിക്കുന്ന പണത്തിന് പുറകെ പായുന്ന ഇത്തരം കപട രാഷ്ട്രീയക്കാരാണ് യഥാർത്ഥത്തിൽ നല്ലവരായ രാഷ്ട്രീയക്കാരുടെ ജനസേവനത്തിന്റെ മുഖം വികൃതമാക്കുന്നത്. അഴിമതിയും സ്വജന പക്ഷപാതവും നടത്തി സ്വന്തക്കാരെ തിരുകിക്കയറ്റുന്ന നിരവധിയായ വാർത്തകളാണ് ഓരോ ദിവസവും ആനുകാലിക പത്രമാധ്യമങ്ങളിലൂടെ നാം വായിച്ചറിയുന്നത്.

## അറിയണം ജനഹിതം

പ്രകടനപത്രിക തയ്യാറാക്കുമ്പോൾ ജനങ്ങളുടെ മനസ്സറിഞ്ഞ് തയ്യാറാക്കുകയും പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ ജനങ്ങൾക്ക് വേണ്ടി ചെയ്യുവാനുമുള്ള ഓജസും ഇച്ഛാശക്തിയും പുതുതലമുറ രാഷ്ട്രീയക്കാർക്ക് ഉണ്ടാവേണ്ടത് അത്യന്താപേക്ഷിതമാണ്.

നമ്മുടെ സമൂഹത്തിലെ മികച്ച വിദ്യാസമ്പന്നരായ പ്രൊഫഷണൽ രംഗത്ത് പ്രവർത്തിക്കുന്ന യുവതീ–യുവാക്കൾ നമ്മുടെ നാടിന്റെ സക്രിയമായ രാഷ്ട്രീയ വിഷയങ്ങളിൽ മടികൂടാതെ ഇടപെടേണ്ടതും സംവദിക്കേണ്ടതും നാടിന്റെ പുരോഗതിക്കായി ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടുകൾ രൂപപ്പെടുത്തി രാഷ്ട്രീയ വ്യത്യാസമില്ലാതെ ഇടപെടലുകൾ നടത്തുകയും വേണം.

## ഇച്ഛാശക്തി മുഖ്യം

രാഷ്ട്രീയപ്രവർത്തനം എന്നത് ഒട്ടും മോശമായ ഒരു കാര്യമായോ, വിദ്യാസമ്പന്നർക്ക് പറ്റാത്ത പണി ആയോ ആരെങ്കിലും കരുതിയിട്ടുണ്ടെങ്കിൽ അത് തിരുത്തേണ്ട കാലം അതിക്രമിച്ചു. രാഷ്ട്രീയം ഒരു ഉപജീവനമാർഗ്ഗമായി മാറ്റാതെ രാഷ്ട്ര സേവനത്തിനും നാടിന്റെ നന്മയ്ക്കും ഉതകുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഇച്ഛാശക്തിയുള്ള ആർക്കും ധൈര്യമായി രാഷ്ട്രീയത്തിലേക്ക് കടന്നു വരാവുന്നതാണ്. പ്രതിബന്ധങ്ങൾ തീർച്ചയായും നമ്മുടെ മുന്നിലുണ്ടാകും. ആ സമയങ്ങളിലെല്ലാം 'ഇതും കടന്നു പോകും' എന്ന് ഉറച്ച് വിശ്വസിച്ച് ആത്മവിശ്വാസത്തോടുകൂടി മുന്നോട്ടു നീങ്ങിയാൽ അധിക കാലമൊന്നും അവഗണിക്കാൻ ഇന്നത്തെ രാഷ്ട്രീയത്തിൽ ആർക്കും സാധ്യമല്ല.

## പ്രൊഫഷണൽരംഗത്തു നിന്ന് രാഷ്ട്രീയത്തിലേക്ക്

വ്യക്തിപരമായി പറഞ്ഞാൽ എന്റെ രാഷ്ട്രീയപ്രവേശനം ഒരു നിയോഗം പോലെയാണ്. വിദ്യാർത്ഥി രാഷ്ട്രീയ കാലഘട്ടത്തിൽ മതേതരത്വ ജനാധിപത്യ കാഴ്ചപ്പാടുകൾ ഊട്ടിയുറപ്പിച്ച് വിദ്യാർത്ഥി പ്രസ്ഥാനത്തിൽ നിന്നുകൊണ്ട് രണ്ടുവട്ടം കോളേജ് യൂണിയൻ ചെയർമാനും സംഘടനാ ചുമതലകളും നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് കുടുംബത്തിലെ പ്രാരാബ്ധങ്ങളും ഉത്തരവാദിത്തങ്ങളും എന്നെ ഒരു മുഴുവൻസമയ രാഷ്ട്രീയക്കാരൻ ആകുന്നതിൽ നിന്നും വിലക്കി നിർത്തിയത്. പ്രൊഫഷണൽ രംഗത്ത് വിവിധ എൻ.ജി.ഒ. കളിലും കേന്ദ്ര–സംസ്ഥാന പദ്ധതികളിലും ജോലി ചെയ്യുന്ന അവസരങ്ങളിലും ഇന്ത്യൻ ജനാധിപത്യത്തെ പരിപോഷിപ്പിക്കുന്ന വിധത്തിൽ നമ്മുടെ നാട്ടിലെ യുവജന വിദ്യാർത്ഥി രാഷ്ട്രീയ സംവിധാനങ്ങളോട് ഇടപഴകി ഒരു പാർട്ട് ടൈം രാഷ്ട്രീയക്കാരനായി തുടരുകയായിരുന്നു.

മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ നല്ല രീതിയിൽ കുടുംബം നോക്കുന്ന ഒരുവനേ ഒരു സമൂഹത്തെ നയിക്കാൻ കഴിയുകയുള്ളൂ; ഒരു സമൂഹത്തെ നേർവഴിക്കു നയിക്കാൻ കഴിയുന്നവനേ ഒരു രാഷ്ട്രത്തിന് ദിശാബോധം നൽകുവാനും പുരോഗതിയിലേക്ക് നയിക്കുവാനും വികസന സ്വപ്നങ്ങൾ കാണുവാനും സാധിക്കുകയുള്ളൂ എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അത്തരത്തിൽ എന്റെ പ്രാഥമിക ഉത്തരവാദിത്വങ്ങൾ എല്ലാം നിറവേറ്റി നിരവധി തവണ ആലോചിച്ചതിന്റെയും വിചിന്തനം ചെയ്തതിന്റെയും അടിസ്ഥാനത്തിലാണ് ഞാൻ ഒരു മുഴുവൻസമയ രാഷ്ട്രീയക്കാരനായി മാറുവാൻ തീരുമാനിച്ചത്.

കഴിഞ്ഞ കാല ജീവിതാനുഭവങ്ങളും വിവിധ സാമൂഹിക രാഷ്ട്രീയ മേഖലയിലെ അനുഭവസമ്പത്തും കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ പദ്ധതികളിൽ 13 വർഷം ജോലി ചെയ്തിരുന്നതിൽ നിന്നും എല്ലാം ലഭിച്ച അറിവും കോർത്തിണക്കി നമ്മുടെ നാടിന്റെ അടിസ്ഥാന പുരോഗതിക്ക് ഏറ്റവും നല്ല ഇടപെടൽ നടത്തുവാൻ സാധിക്കുക 'ജനാധിപത്യ 'സംവിധാനത്തിലൂടെ ആണ് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് എനിക്ക് ഇന്ന് ഒരു ജനപ്രതിനിധിയായി, ഗ്രാമപഞ്ചായത്തിനെ നയിക്കാൻ അവസരം ലഭിച്ചിരിക്കുന്നത്.

## പൊതുസംരംഭങ്ങൾ വളരണം

കാർഷിക ഉൽപന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി പരമാവധി ആളുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിദ്യാസമ്പന്നരായ യുവജനങ്ങളെ കോർത്തിണക്കി പൊതുസംരംഭങ്ങൾക്കു രൂപം നൽകിക്കൊണ്ട് നമ്മുടെ നാടിനെ ലോകമറിയുന്ന ഒരു 'സന്തുഷ്ട സമത്വസുന്ദര ഗ്രാമം' ആക്കി മാറ്റുക എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള ശ്രമത്തിലാണ്.


മലയോരമേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും തിരിച്ചറിഞ്ഞ് പരിഹരിക്കാനാവശ്യമായ പരിശ്രമത്തിലാണ് നിലവിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്.

'മാറ്റം എന്നിൽ നിന്ന് ആവട്ടെ' എന്ന ചിന്ത സ്വയം വരാതെ യഥാർത്ഥ രാഷ്ട്രബോധമുള്ള രാഷ്ട്രീയക്കാരനെ ജനത്തിന് ലഭിക്കുകയില്ല. നമ്മുടെ ചിന്തകൾ രൂപപ്പെട്ടുവരുന്ന പശ്ചാത്തലത്തിൽ നിന്നാണ് നമ്മുടെ പ്രവർത്തനങ്ങളുടെ ആരംഭം. നല്ല ചിന്തകൾ നല്ല ചുറ്റുപാടുകളിൽ നിന്നേ ഉടലെടുക്കൂ. നമുക്ക് ചുറ്റും ആരോഗ്യപരമായ അന്തരീക്ഷത്തെയും, ചിന്തകളെയും, ചിന്തിക്കുന്നവരെയും രൂപപ്പെടുത്തി എടുക്കുവാൻ അത്രയേറെ ബാധ്യത നമുക്കുണ്ട്.



# ഇവർ വിരമിക്കുന്നു







**വിരമിക്കുന്ന പ്രധാന അധ്യാപകർ:** സിസ്റ്റർ ആലീസ് മാത്യു (പടത്തുകടവ് ഹോളി ഫാമിലി എച്ച്എസ്എസ്), എം. എ. അബ്രഹാം (കട്ടിപ്പാറ ഹോളി ഫാമിലി എച്ച് എസ്), ഇ. ജെ. ആന്റണി (പരിയാപുരം ഫാത്തിമ യുപിഎസ്), കെ. യു. ജോർജ് (കണ്ണോത്ത് സെന്റ് ആന്റണീസ് യുപിഎസ്), എ. ഷേർലി ജോസഫ് (വിളക്കാംതോട് എംഎം എൽപിഎസ്)







ടി. ജെ. കുര്യാച്ചൻ (ചങ്ങരോത്ത് ഹോളി ഫാമിലി യുപിഎസ്), ജോസ് തോമസ് (കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് എൽപിഎസ്), ജോൺസൺ തോമസ് (വിളക്കാംതോട് എംഎം യുപിഎസ്), മേരി തോമസ് (തലയാട് എഎൽപിഎസ്), കെ. സി. തങ്കച്ചൻ (കോടഞ്ചേരി സെന്റ് ജോസഫ്സ് എൽപിഎസ്)



ആൻസമ്മ മാത്യു (സെന്റ് ജോസഫ്സ് എൽപിഎസ് മാലാപറമ്പ്)

**വിരമിക്കുന്ന അധ്യാപകർ:**
● റീത്താമ്മ വർഗ്ഗീസ്, സെന്റ് സെബാസ്റ്റ്യൻ എച്ച്എസ്എസ്, കൂടരഞ്ഞി ● പി. എം. ലിസ്സിക്കുട്ടി, ഹോളിഫാമിലി എച്ച്എസ്എസ്, പടത്തുകടവ് ● കെ. കെ. ജെയിംസ്, സെന്റ് സെബാസ്റ്റ്യൻ എച്ച് എസ്, കൂടരഞ്ഞി ● മോളി മാത്യു, സെന്റ് മേരീസ് എച്ച് എസ്, കല്ലാനോട് ● സജി ജോസഫ്, സെന്റ് തോമസ് എച്ച്എസ്, കൂരാച്ചുണ്ട് ● ലിസ്സി ജോർജ്ജ്, സെന്റ് ജോർജ്ജ് എച്ച്എസ്, കുളത്തുവയൽ ● മോളി ഫ്രാൻസിസ്, സെന്റ് തോമസ് എച്ച്എസ്, കൂരാച്ചുണ്ട് ● ജെസ്സി ജോസഫ്, പിടിസിഎം എച്ച് എസ്, കുണ്ടുതോട് ● ലിസ്സമ്മ ചെറിയാൻ, സെന്റ് ജോസഫ് എച്ച്എസ്, പുല്ലൂരാംപാറ ● മോളി മാത്യു, സേക്രട്ട് ഹാർട്ട് എച്ച്എസ്, തിരുവമ്പാടി ● ഷാജി അഗസ്റ്റിൻ, സേക്രട്ട് ഹാർട്ട് എച്ച്എസ്, തിരുവമ്പാടി ● മാത്യു ജോസഫ്, സെന്റ് ആന്റണീസ് എച്ച്എസ്, കണ്ണോത്ത് ● സിസ്റ്റർ ആഗ്നസ് ജോസഫ്, ഹോളി ഫാമിലി എച്ച്എസ്, കട്ടിപ്പാറ ● കെ. വി. മോളി, സെന്റ് ജോസഫ് എച്ച്എസ്, കോടഞ്ചരി ● എം. എൽ. സിസിലിക്കുട്ടി, സെന്റ് മേരീസ് എച്ച്എസ്, മരുതോങ്കര ● ബെന്നി മാത്യു, സെന്റ് ജോസഫ് എച്ച്എസ്, ചെമ്പനോട ● ആൻസി ജോസഫ്, സെന്റ് ജോർജ്ജ് എച്ച്എസ്, കുളത്തുവയൽ ● കെ. ടി. റോസ, സെന്റ് ആന്റണീസ് എച്ച്എസ്, കണ്ണോത്ത് ● സിസ്റ്റർ ടി. കെ. മോളി, സെന്റ് ജോർജ്ജ് എച്ച്എസ്, കൂളത്തുവയൽ ● ലീന തോമസ്, ഹോളി ഫാമിലി എച്ച്എസ്, കട്ടിപ്പാറ ● സണ്ണി ജോസഫ്, സെന്റ് മേരീസ് എച്ച്എസ്, കല്ലാനോട് ● മേരി ജോസഫ്, സെന്റ് ജോസഫ് എച്ച്എസ്, ചെമ്പനോട ● പ്രകാശൻ കല്ലറയ്ക്കൻ, സെന്റ് മേരീസ് എച്ച്എസ്, കല്ലാനോട് ● കെ. ഇസ്മായിൽ, സെന്റ് തോമസ് എച്ച്എസ്, കൂരാച്ചുണ്ട് ● അബ്ദുൾ നാസർ, സെന്റ് സെബാസ്റ്റ്യൻ എച്ച്എസ്, കൂടരഞ്ഞി ● മേഴ്സി ജോസഫ്, സെന്റ് തോമസ് എച്ച്എസ്, കൂരാച്ചുണ്ട് ● ആൻസി മാത്യു, ഹോളിഫാമിലി എച്ച്എസ്എസ്, പടത്തുകടവ് ● എം. സി. എൽസമ്മ, സെന്റ് മേരീസ് യുപിഎസ്, ആനക്കാംപൊയിൽ ● കെ. ജോളി, ഹോളി ഫാമിലി യുപിഎസ്, ചങ്ങരോത്ത് ● സിൽവി ജേക്കബ്, ഫാത്തിമ യുപിഎസ്, പരിയാപുരം ● മേരി തോമസ്, ഫാത്തിമ എയുപിഎസ്, പെരുവണ്ണാമൂഴി ● ആൻസി കെ. ജോസ്, സെന്റ് മേരീസ് എൽപിഎസ്, കല്ലാനോട് ● റീത്തമ്മ ജോർജ്ജ്, സെന്റ് തോമസ് എൽപിഎസ്, നീലേശ്വരം ● ത്രേസ്സമ്മ ജോസഫ്, സെന്റ് തോമസ് എൽപിഎസ്, നീലേശ്വരം ● ഹെലൻ ജോർജ്ജ്, ലിറ്റിൽ ഫ്ളവർ യുപിഎസ്, പുഷ്പഗിരി ● സി. എ. അയിഷ, ഹോളി ഫാമിലി യുപിഎസ്, വേനപ്പാറ ● അബ്ദുൾ മജീദ്, സേക്രട്ട് ഹാർട്ട് യുപിഎസ്, തിരുവമ്പാടി **അനധ്യാപകർ** ● ടി. ഡി. ജോൺസൺ സെന്റ് ജോസഫ് എച്ച്എസ്, കോടഞ്ചരി ● ഷേർളി ജോസഫ്, സെന്റ് മേരീസ് എച്ച്എസ്, കല്ലാനോട് ● സി. എ. ബേബി, വിമല യുപിഎസ് മഞ്ഞുവയൽ.

# ജീവസമൃദ്ധി 2020 ജോസഫ് പാലക്കീൽ ഒന്നാമത്

## മരിയൻ പ്രോ-ലൈഫ് അടുക്കളത്തോട്ട മത്സര വിജയികൾ



ജോസഫ് പാലക്കീൽ



ബേബി പുത്തൻവീട്ടിൽ



റെജി അരീത്തറ

**കോഴിക്കോട്:** മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് താമരശ്ശേരി രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ഇൻഫാമിന്റെയും ദീപിക ഫ്രണ്ട്സ് ക്ലബിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച ജീവസമൃദ്ധി അടുക്കളത്തോട്ട മത്സരത്തിൽ ജോസഫ് പാലക്കീൽ (വാലില്ലാപ്പുഴ) ഒന്നാം സ്ഥാനം നേടി. ബേബി പുത്തൻവീട്ടിൽ (കോടഞ്ചേരി), റെജി ജോസുകുട്ടി അരീത്തറ (തിരുവമ്പാടി) എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. 167 കുടുംബങ്ങൾ മത്സരത്തിൽ പങ്കെടുത്തു.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലാണ് വിജയികളെ പ്രഖ്യാപിച്ചത്. ജീവന്റെ സംരക്ഷണത്തിനും സമൃദ്ധിക്കും വേണ്ടി അക്ഷീണം പ്രയത്നിക്കുന്ന മരിയൻ പ്രോ-ലൈഫ് ഭാരവാഹികളെ ബിഷപ് അഭിനന്ദിച്ചു.

താമരശ്ശേരി രൂപതയിലെ കോൺവെന്റുകൾക്കായി നടത്തിയ മത്സരത്തിൽ കൂരാച്ചുണ്ട് എസ്എച്ച് കോൺവെന്റ്, കരിയാത്തുംപാറ എസ്എച്ച് കോൺവെന്റ്, പാറോപ്പടി എംഎസ്എംഐ പ്രൊവിൻഷ്യൽ ഹൗസ് എന്നീ കോൺവെന്റുകൾ യഥാക്രമം ആദ്യമൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കി.

ജീവന സംസ്കാരം രൂപപ്പെടുത്തുക ആരോഗ്യ ബോധവൽക്കരണം നടത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് മത്സരം സംഘടിപ്പിച്ചതെന്ന് പ്രോ-ലൈഫ് മൂവ്മെന്റ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ പറഞ്ഞു. ആദ്യ സ്ഥാനക്കാർക്ക് യഥാക്രമം 15000, 10000, 7500 രൂപാ ക്യാഷ് അവാർഡുകളാണ് സമ്മാനം. ഫൊറോനതലത്തിൽ വിജയികളായവർക്ക് സർട്ടിഫിക്കറ്റും ഫലകവും സമ്മാനിക്കും. സജീവ് പുരയിടത്തിൽ, തങ്കച്ചൻ പുരയിടത്തിൽ, ടി. ഡി. മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, വിനോദ് വെട്ടത്ത്, തോമാച്ചൻ പുത്തൻപുരയിൽ, ജോൺസൺ തെങ്ങുംതോട്ടത്തിൽ എന്നിവർ നേതൃത്വം നൽകി.

ഫൊറോനാതലത്തിൽ ഒന്നാം സ്ഥാനം നേടിയവർ:

താമരശ്ശേരി – ജിമ്മി പള്ളിത്താഴത്ത് (കൂടത്തായി), തിരുവമ്പാടി – റെജി ജോസുകുട്ടി അരീത്തറ (തിരുവമ്പാടി), തോട്ടുമുക്കം – ജോസഫ് പാലക്കീൽ (വാലില്ലാപ്പുഴ), മരുതോങ്കര – വി. ടി. മനോജ് വെട്ടിക്കൽ (പടത്തുകടവ്), കൂരാച്ചുണ്ട് – ദീപ ഷാജു കൊച്ചുവീട്ടിൽ (കാറ്റുള്ളമല), കോടഞ്ചേരി – ബേബി പുത്തൻവീട്ടിൽ (കോടഞ്ചേരി), പാറോപ്പടി – പി. വി. റെജി പിച്ചാപ്പള്ളിൽ (കുന്ദമംഗലം), മലപ്പുറം – കെ. ഡി. ജോൺസൺ കക്കുഴ (പന്തല്ലൂർ), പോൾസൺ ജോസ് ഈന്തനപ്രായിൽ (പെരിന്തൽമണ്ണ), വിലങ്ങാട് – സിനി ബാബു കുടിപ്പാറ (മഞ്ഞക്കുന്ന്), കരുവാരകുണ്ട് – സുനി ഷാജി ഈറ്റത്തോട്ടത്തിൽ (കാളികാവ്).

## എൻട്രൻസ് ക്രാഷ് കോഴ്സ്

**തിരുവമ്പാടി:** മെഡിക്കൽ, എൻജിനീയറിങ് പ്രവേശന പരീക്ഷകൾക്കുള്ള ക്രാഷ് കോഴ്സുകൾ ആൽഫ മരിയ അക്കാദമിയുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി ഏപ്രിൽ 5 മുതൽ ആരംഭിക്കും. KEAM, NEET, JEE Main തുടങ്ങിയ പരീക്ഷകൾക്കുള്ള പരിശീലനമാണ് നൽകുന്നത്. അഡ്മിഷൻ ആരംഭിച്ചു.

● സ്റ്റാഫ് നഴ്സ് പിഎസ്സി പരീക്ഷയുടെ പരിശീലനം ആൽഫാ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിച്ചു. വിവരങ്ങൾക്ക്: **0495 2962180, 7907028758.**

## കുടുംബ സുരക്ഷ ആരോഗ്യ ഇൻഷൂറൻസ്

**താമരശ്ശേരി:** രൂപതാ കുടുംബ സുരക്ഷ ആരോഗ്യ ഇൻഷൂറൻസ് അഞ്ചാം വർഷ പദ്ധതിക്ക് തുടക്കമായി. സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസ് കമ്പനിയുമായി ചേർന്ന് സിഒഡി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കുടുംബത്തിലെ ഭാര്യ, ഭർത്താവ്, 70 വയസ്സ് വരെയുള്ള മാതാപിതാക്കൾ കുട്ടികൾ എന്നിങ്ങനെ 6 പേർക്ക് പദ്ധതിയിൽ അംഗങ്ങളാകാം. 3000 രൂപ വാർഷിക പ്രീമിയത്തിൽ 1 ലക്ഷം വരെയാണ് ഇൻഷൂറൻസ് ലഭിക്കുന്നത്

വിവരങ്ങൾക്ക്: **9447929223, 0495 2223022**


പരസ്യങ്ങൾ നൽകാൻ
97 44 99 5552
97 44 99 5553

4–ാം ചരമ വാർഷികം
(25 - 03 - 2021)



വി.ഡി പൗലോസ്
വെള്ളപ്പാക്കൽ, വേനപ്പാറ
മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്ക് തമ്പുരാന്റെ
മനോഗുണത്താൽ മോക്ഷത്തിൽ ചേരുവാൻ ഇടയാക്കണമേ.
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

അനുഗ്രഹവർഷത്തിന് ഉപകാരസ്മരണ



ഒരു വിശ്വാസി, മഞ്ഞുവയൽ

9–ാം ചരമ വാർഷികം
(01 - 03 - 2021)



തോമസ് വർക്കി (കുഞ്ഞ്)

94–ാം ചരമദിനം
(01-03-2021)



ത്രേസ്യാമ്മ തോമസ്
മാടപ്പാട്ട്, പടത്തുകടവ് – പറമ്പൽ
പ്രാർത്ഥനയോടെ മക്കൾ, കുടുംബാംഗങ്ങൾ, ബന്ധുമിത്രാദികൾ

## നേട്ടം



● സെക്യുലറൈസേഷൻ ആന്റ് പോസ്റ്റ് സെക്കുലർ റിലീജിയൻ എന്ന വിഷയത്തിൽ ഗവേഷണം നടത്തി റോമിലെ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റി ഓഫ് അന്തോണിയാനമിൽ നിന്ന് പിഎച്ച്ഡി കരസ്ഥമാക്കിയ താമരശ്ശേരി രൂപതാ വൈദികൻ ഫാ. സാബു മഠത്തിക്കുന്നേൽ. പനംപ്ലാവ് ഇടവകാംഗമായ ഇദ്ദേഹം ഇപ്പോൾ ജർമ്മനിയിലെ ഓസ്നാബ്രൂക്ക് രൂപതയിൽ സേവനം ചെയ്യുന്നു.



● ന്യൂ ഡൽഹിയിലെ ഇന്ത്യൻ അഗ്രിക്കൾച്ചറൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അഗ്രിക്കൾച്ചർ എൻജിനീയറിങ്ങിൽ പിഎച്ച്ഡി നേടിയ ഹിമ ജോൺ. കല്ലാനോട് ഇടവക വെളിയംകുളം ജോൺ– ഡെയ്സി ദമ്പതികളുടെ മകളും ചക്കിട്ടപ്പാറ ഇടവക കൂനംതടത്തിൽ സുബിൻ മാത്യുവിന്റെ ഭാര്യയുമാണ്.



● CA യോഗ്യതനേടിയ നെൽസൺ ജോർജ്ജ് വാഴപ്ലാംകുടി. കാളികാവ് ഇടവക വാഴപ്ലാംകുടി വി. വി. ജോർജ്ജ് – മേരി ഗുരോത്തി ദമ്പതികളുടെ മകനാണ്.



● CA യോഗ്യത നേടിയ സ്റ്റെഫ്ന ജോർജ്ജ് തുണ്ടത്തിൽ. കാളികാവ് ഇടവക തുണ്ടത്തിൽ ജോർജ്ജ് –ബീന ജോർജ്ജ് ദമ്പതികളുടെ മകളാണ്.

## ലഹരി വിമോചന ക്യാംപെയ്ൻ

**താമരശ്ശേരി:** ലഹരിയിൽ നിന്ന് മോചനം ആഗ്രഹിക്കുന്നവരെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ താമരശ്ശേരി രൂപതാ കെസിബിസി മദ്യവിരുദ്ധ സമിതി 'ഞങ്ങളുണ്ട് കൂടെ' ക്യാംപെയ്ൻ ആരംഭിച്ചു.

ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസലിങ്, ചികിത്സ എന്നിവ ക്യാംപെയ്നിലൂടെ ലഭ്യമാക്കുമെന്ന് മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ ഫാ. ജേക്കബ് കപ്പലുമാക്കൽ അറിയിച്ചു. കൗൺസലിങ്ങിനായി വിളിക്കേണ്ട നമ്പർ: 7558987264, 9074354906

# കാരുണ്യത്തണൽ ഒരുക്കി താമരശ്ശേരി രൂപത

## വിലങ്ങാട് ഉരുൾപൊട്ടൽ ബാധിതർക്ക് നിർമ്മിച്ചു നൽകിയത് 11 വീടുകൾ

**വിലങ്ങാട്:** ദുർവിധിയിൽ തകർന്ന് തളരുന്നവർക്ക് താങ്ങായി രൂപത ഒപ്പമുണ്ട് എന്ന പ്രഖ്യാപനത്തോടെ വിലങ്ങാട് ഉരുൾപൊട്ടലിൽ വീടുകൾ നഷ്ടമായ കുടുംബങ്ങൾക്കായി 11 ഭവനങ്ങൾ പണിതു നൽകി സാമൂഹിക പ്രതിബദ്ധതയുടെ പുതിയൊരു അധ്യായം രചിക്കുകയാണ് താമരശ്ശേരി രൂപത.

2019 ഓഗസ്റ്റ് എട്ടിന് വിലങ്ങാടിനെ വിറങ്ങലിപ്പിച്ച ആലിമലയിലെ ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കും ഭാഗികമായി തകർന്നവർക്കും അപകടഭീഷണി മൂലം താമസിക്കാനാകാത്തവർക്കുമായി 11 വീടുകളാണ് വിലങ്ങാട് സെന്റ് ജോർജ്ജ് ഇടവകയുടെ നേതൃത്വത്തിൽ താമരശേരി രൂപത പടുത്തുയർത്തിയത്. ഒന്നരക്കോടി രൂപയോളം ചിലവിട്ടാണ് വിലങ്ങാട് മുണ്ടോംകണ്ടത്തിൽ രൂപതയുടെ കാരുണ്യ ഭവൻ വീടുകൾ പൂർത്തിയായത്.

വിലങ്ങാട് ടൗണിനടുത്ത് മുണ്ടോംകണ്ടത്തിൽ ഒരേക്കർ 16 സെന്റ് സ്ഥലം വിലയ്ക്കുവാങ്ങി ഓരോ വീടിനും 12 ലക്ഷം രൂപ വീതം ചിലവിട്ടാണ് പണി തീർത്തത്. ലൈബ്രറി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഒരു സാംസ്കാരിക നിലയവും നിർമ്മിച്ചിട്ടുണ്ട്. എല്ലാ വീടുകളിലേയ്ക്കും റോഡ് എത്തുന്ന വിധത്തിൽ സ്ഥലം ക്രമീകരിച്ചാണ് വീടുകളുടെ പ്ലാൻ ക്രമികരിച്ചത്. രണ്ട് കിടപ്പു മുറികൾ, ഹാൾ, അടുക്കള, ശുചിമുറി, സിറ്റൗട്ട് എന്നിങ്ങനെ 802 ചതുരശ്ര അടിയിലാണ് ഓരോ വീടും നിർമ്മിച്ചിരിക്കുന്നത്. വീട് വാസ യോഗ്യമല്ലാതാകുകയും അപകട ഭീഷണി മൂലം താമസിക്കാനാകാത്തവരുമായ മറ്റ് നാലു കുടുംബങ്ങൾക്ക് കൂടി വീട് നിർമ്മിക്കുന്നതിനാവശ്യമായ വസ്തുക്കൾ വാങ്ങി നൽകിയും സഹായമായിട്ടുണ്ട്. ഇടവക വികാരി ഫാ.മാത്യു തകിടിയേലിന്റെ നേതൃത്വത്തിൽ ട്രസ്റ്റിമാരായ ആന്റണി ഒറ്റപ്ലാക്കൽ, തോമസ് മാത്യു കാരികുന്നേൽ, പി.എ.ജോൺ പുതിയാമറ്റത്തിൽ, ജോഷി കൂനാനിക്കൽ എന്നിവരും പാരീഷ് കൗൺസിലും ചേർന്നാണ് വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത്.



താമരശ്ശേരി രൂപത വിലങ്ങാട്ട് നിർമ്മിച്ചു നൽകിയ വീടുകളുടെ താക്കോൽ ദാനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിക്കുന്നു. ഇ. കെ. വിജയൻ എംഎൽഎ, വികാരി ഫാ. മാത്യു തകിടിയേൽ എന്നിവർ സമീപം



താമരശ്ശേരി രൂപത വിലങ്ങാട്ട് നിർമ്മിച്ചു നൽകിയ കാരുണ്യ ഭവൻ വീടുകളിലൊന്ന്

ഇത് രൂപതാ കുടുംബം ഒരുമിച്ചു നിന്നതിന്റെ വിജയമാണെന്നും ഇനിയും കൂട്ടായ്മയിലൂടെ അനേകർക്ക് ആശ്വാസമാകാൻ നമ്മൾക്ക് സാധിക്കട്ടെയെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആശംസിച്ചു.

2012 ഓഗസ്റ്റ് ആറിന് ആനക്കാംപൊയിൽ, പുല്ലൂരാംപാറ പ്രദേശങ്ങളിൽ എട്ടുപേരുടെ ജീവൻ പൊലിഞ്ഞ ഉരുൾപൊട്ടൽ ദുരന്തങ്ങളിലും രൂപത സംവിധാനങ്ങൾ രക്ഷാ പ്രവർത്തനം മുതൽ ദുരന്തത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതുവരെ സജീവമായിരുന്നു. ആനക്കാംപൊയിലിൽ രൂപത സിഒഡിയുടെ നേതൃത്വത്തിൽ ഒരുക്കിയ 'സാന്ത്വനം നഗറിൽ' പതിനൊന്നും പൂല്ലൂരാപാറയിൽ രണ്ടും ഉൾപ്പെടെ 13 വീടുകളാണ് നിർമ്മിച്ചു നൽകിയത്.






# ആശ്വാസമാകുമോ ജെ. ബി. കോശി കമ്മീഷൻ?

**കേരളത്തിലെ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കണമെന്ന് സിനഡ് പിതാക്കന്മാരും ക്രൈസ്തവ സംഘടനാ നേതാക്കളും ആവശ്യപ്പെട്ടതിന്റെ ഫലമായാണ് കേരള സർക്കാർ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനെ നിയോഗിച്ചിരിക്കുന്നത്**



ഫാ. മാത്യു തുമുള്ളിൽ
(കോ- ഓർഡിനേറ്റർ, EWS സർവേ)

കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റിസ് ജെ. ബി. കോശി ചെയർമാനായും ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് ഐഎഎസ്, ജേക്കബ് പുന്നൂസ് ഐപിഎസ് എന്നിവർ അംഗങ്ങളായും ഒരു കമ്മീഷനെ 2020 നവംബറിൽ സംസ്ഥാന മന്ത്രിസഭായോഗം നിയോഗിച്ചു. ക്രൈസ്തവ സമൂഹത്തെ സംബന്ധിച്ച് ഏറെ പ്രതീക്ഷ നൽകുന്ന തീരുമാനമാണിത്.

കഴിഞ്ഞ കുറെ വർഷങ്ങളായി ക്രൈസ്തവ സമൂഹം വലിയ തകർച്ചകളും അവഗണനകളും നേരിടുകയാണ്. ന്യായമായും ലഭിക്കേണ്ട ന്യൂനപക്ഷ അവകാശങ്ങൾ പോലും ക്രൈസ്തവ സമൂഹത്തിന് നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉടലെടുക്കുകയും കൂടുതൽ രൂക്ഷമായ പിന്നാക്കാവസ്ഥയിലേയ്ക്ക് ക്രൈസ്തവർ നിപതിക്കുകയും ചെയ്തുവരുന്നു. സിനഡ് പിതാക്കന്മാരുടെ ശക്തമായ ഇടപെടൽ മൂലമാണ് കേരള സർക്കാർ ക്രൈസ്തവ പിന്നാക്കാവസ്ഥ പഠിക്കാനായി ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനെ നിയോഗിച്ചിരിക്കുന്നത്.

## കമ്മീഷൻ പരിഗണിക്കുന്ന വിഷയങ്ങൾ

**1. വിദ്യാഭ്യാസം**

- ന്യൂനപക്ഷം എന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുകയോ അനുഭവിക്കുകയോ ചെയ്യുന്ന പ്രശ്നങ്ങൾ എന്തൊക്കെ?
- മറ്റ് ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്നതോ സർക്കാർ നൽകുന്നതോ ആയ സഹായങ്ങളും ആനുകൂല്യങ്ങളും താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അവയെല്ലാം ന്യായമായ രീതിയിലും തോതിലും ലഭിക്കുന്നുണ്ടോ? ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമായ വിവേചനം അവർ നേരിടുന്നുണ്ടോ?
- ഉന്നതവിദ്യാഭ്യാസമേഖലയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ?

**2. സാമ്പത്തികം**

- ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തികമായ പിന്നോക്കാവസ്ഥ നേരിടുവരുണ്ടോ? അവർ ഏതൊക്കെ വിഭാഗത്തിൽ പെടുന്നവരാണ്? അവർ സാമൂഹിക പിന്നാക്കാവസ്ഥ നേരിടുന്നുണ്ടോ?
- ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്ക് കൂടുതൽ കരുതലുകൾ ആവശ്യമുണ്ടോ?
- സാമ്പത്തിക സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കാനായി വിവിധ ഏജൻസികൾക്കോ സർക്കാരിനോ എന്തെല്ലാം ചെയ്യാൻ കഴിയും? അടിയന്തരമായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്.

**3. ക്ഷേമം**

- ക്രിസ്തുമതത്തിൽപെട്ട മത്സ്യതൊഴിലാളികൾ, തീരദേശവാസികൾ, മലയോര കർഷകർ, വനാതിർത്തിക്ക് അടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് പോലുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ദളിതർ തുടങ്ങിയവർക്ക് പ്രത്യേകമായ ക്ഷേമപ്രവർത്തനങ്ങൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?
- ദളിത് വിഭാഗങ്ങളിൽ നിന്നും പിന്നാക്ക വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികളായവരുടെ അവസ്ഥ എന്താണ്? അവരുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കും?
- ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സർക്കാർ പൊതുമേഖല ഉദ്യോഗങ്ങളിൽ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ഉണ്ടോ? ഇല്ലെങ്കിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം?

## ക്രൈസ്തവ പിന്നാക്കാവസ്ഥ

സാമൂഹികവും, സാമ്പത്തികവും സാംസ്കാരികവുമായ എല്ലാ തലങ്ങളിലും മുൻപന്തിയിൽ നിന്ന ഒരു ചരിത്രം വിവിധ ക്രൈസ്തവ സമൂഹങ്ങൾക്കുണ്ടായിരുന്നു. ചില വിഭാഗങ്ങൾ അന്നും പിന്നിലായിരുന്നെങ്കിലും, സാമുദായികമായി ക്രൈസ്തവ സമൂഹത്തിനുണ്ടായിരുന്ന മേൽക്കോയ്മ സാമൂഹികമായി എല്ലാവർക്കും സഹായകമായിരുന്നു. ക്രൈസ്തവർ പൊതുവെ സമൂഹത്തിൽ ഉന്നതരായി കണക്കാക്കപ്പെട്ടിരുന്നു. രാഷ്ട്രീയ, സാംസ്കാരിക, കലാ സാഹിത്യ രംഗങ്ങളിലും ഉദ്യോഗസ്ഥ തലങ്ങളിലും ക്രൈസ്തവർക്ക് വ്യക്തമായ സ്ഥാനമുണ്ടായിരുന്നു. എന്നാൽ പല കാരണങ്ങൾകൊണ്ടും കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾക്കിടെ സാമുദായികമായി ക്രൈസ്തവ സമൂഹം വളരെ പിന്നാക്കമായി മാറിക്കൊണ്ടിരിക്കുകയാണ്. ക്രൈസ്തവർക്ക് ഇന്ന് പാരമ്പര്യത്തിന്റെ ആഢ്യത്തം മാത്രമേ ബാക്കിയുള്ളൂ.

തങ്ങൾ പിന്നോക്കമായി പോയിരിക്കുന്നു എന്ന സത്യം ക്രൈസ്തവർ തിരിച്ചറിയാൻ തുടങ്ങിയത് ഈ കാലഘട്ടത്തിൽ വലിയ തിരിച്ചടികൾ നേരിട്ടുതുടങ്ങിയപ്പോഴാണ്. ന്യൂനപക്ഷ അവകാശത്തിൽ തുല്യ പങ്കാളിത്തം ലഭിക്കേണ്ട ആനുകൂല്യങ്ങൾ മുഴുവൻ മറ്റുചിലർ കൈക്കലാക്കുന്നുവെന്നും, നിയമത്തെയും സർക്കാർ സംവിധാനങ്ങളെയും അതിന് തക്കവിധത്തിൽ മാറ്റിമറിച്ചിരിക്കുന്നുവെന്നുമുള്ള തിരിച്ചറിവ് ക്രൈസ്തവരെ രാഷ്ട്രീയമായി സംഘടിക്കുന്നതിനു പ്രേരിപ്പിക്കുന്ന സാഹചര്യവും ഉണ്ടായി.

80:20 അനുപാതത്തിലുള്ള ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ വിതരണം ക്രൈസ്തവരിൽ വലിയ അളവിൽ അതൃപ്തി വളർത്തിയ ഒന്നായിരുന്നു. സച്ചാർ കമ്മിറ്റിയുടെയും, പാലൊളി മുഹമ്മദ്കുട്ടി കമ്മീഷന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായും വിവിധ സർക്കാരുകളുടെ മുസ്‌ലിം പ്രീണന നയങ്ങൾകൊണ്ടും മുസ്‌ളീങ്ങൾക്ക് അധികമായ ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുമ്പോൾ, കടുത്ത പിന്നാക്കാവസ്ഥയിലേക്ക് നിപതിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവ സമൂഹത്തിന്റെ ജീവിത സാഹചര്യങ്ങളും സാമുദായികമായ അവസ്ഥകളും പരിഗണിക്കപ്പെടുന്നതേയുണ്ടായിരുന്നില്ല. ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലെയും, പദ്ധതികൾ നടപ്പാക്കപ്പെടുന്നതിലെയും അനീതികൾ പരിഹരിക്കപ്പെടണമെങ്കിൽ ക്രൈസ്തവസമൂഹത്തിന്റെ പിന്നാക്കാവസ്ഥയുടെ യഥാർത്ഥ ചിത്രം ശാസ്ത്രീയമായി പഠിച്ച് സർക്കാരിന് മുൻപിൽ റിപ്പോർട്ടായി സമർപ്പിക്കപ്പെടേണ്ടതുണ്ട്.

## സമഗ്രപഠനം ആവശ്യം

സാമുദായിക ഉന്നമനം ലക്ഷ്യംവച്ചുകൊണ്ടുള്ള സമഗ്രവും വിശാലവുമായ പഠനമാണ് ഇവിടെ ആവശ്യം. വിവിധ ക്രൈസ്തവസഭകൾക്കിടയിൽ ഒരു ഏകോപനം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. ക്രൈസ്തവർക്കു പിന്നാക്കാവസ്ഥയില്ല എന്ന് ചിന്തിക്കുന്ന നിരവധി ആളുകൾ പൊതുസമൂഹത്തിലുണ്ട്. അതിനു കാരണം ക്രൈസ്തവർ ഒരു സമൂഹമെന്ന നിലയിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും, ആതുരാലയങ്ങളുടെയും, വിവിധ സ്ഥാപനങ്ങളുടെയും ഉടമസ്ഥരാണ് എന്നുള്ളതും ക്രൈസ്തവർ അത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു എന്നുള്ളതും കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ ചില ക്രൈസ്തവ വിഭാഗങ്ങളുമുണ്ട് എന്നുള്ളതുമാണ്. എന്നാൽ കേരളത്തിൽ ആളോഹരിക്കടം ഏറ്റവും കൂടുതൽ ഉള്ള സമൂഹം ക്രൈസ്തവ സമൂഹമാണ്. ജനസംഖ്യാനുപാതത്തിൽ ക്രൈസ്തവർ മൂന്നാം സ്ഥാനത്തായിട്ടും ഗവണ്മെന്റ് ജോലി ലഭിക്കുന്ന ക്രൈസ്തവരുടെ എണ്ണം തുലോം ശുഷ്ക്കമാണ്. കൂടാതെ കാർഷിക മേഖലയിലെ തകർച്ച ക്രൈസ്തവരെ വീണ്ടും പിറകോട്ടേക്ക് വലിക്കുന്നു. അതായത് ന്യൂനപക്ഷത്തിലെ ന്യൂനപക്ഷമായ ക്രൈസ്തവർ ഇന്ന് പിന്നാക്കക്കാരായിരിക്കുന്നു.

കേരള ക്രൈസ്തവ സമൂഹം നേരിടുന്ന പിന്നാക്കാവസ്ഥയുടെ ഒരു നീണ്ട നിരതന്നെയുണ്ട്. അവയിൽ പ്രധാനപ്പെട്ട ചില വിഷയങ്ങൾ കൃത്യമായി പഠിച്ച് കമ്മീഷനെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

**1. സ്ഥാപനങ്ങൾ:** കത്തോലിക്കാ സ്ഥാപനങ്ങളിൽ ജോലി നേടിയിട്ടുള്ള സ്വസമുദായ അംഗങ്ങളുടെ എണ്ണം ശതമാനക്കണക്കിലും ആനുപാതികമായും വളരെ കുറവാണ്.

**2. ഭൂസ്വത്ത്:** നഗര പ്രദേശങ്ങളിലെ ഭൂമിയുടെ മൂല്യവും ഗ്രാമപ്രദേശങ്ങളിലെ ഭൂവിലയും താരതമ്യം ചെയ്യാൻ കഴിയാത്തതായതിനാൽ ഭൂമിയുടെ വിപണി മൂല്യവും, അതിൽനിന്നുള്ള വരുമാനവും പരിഗണിച്ചുകൊണ്ടുള്ള സ്ഥിതിവിവരക്കണക്കുകൾ തയാറാക്കുക.

**3. ഉപജീവന മാർഗ്ഗം:** കൃഷി, കാർഷികാനുബന്ധ മേഖലകളിലുള്ള മറ്റ് തൊഴിലുകൾ, മൽസ്യബന്ധനം തുടങ്ങിയവ സ്വീകരിച്ചിരിക്കുന്ന കുടുംബങ്ങളുടെ പിന്നാക്കാവസ്ഥയെക്കുറിച്ചുള്ള വിശദമായ പഠനം.

**4. ബിസിനസ് രംഗം:** വിവിധ ബിസിനസ്, വ്യവസായ, നിർമ്മാണ രംഗങ്ങളിൽ കഴിഞ്ഞ പതിറ്റാണ്ടുകൾക്കിടയിൽ ക്രൈസ്തവർക്ക് സംഭവിച്ചിട്ടുള്ളത് എന്താണെന്ന് മനസിലാക്കി റിപ്പോർട്ട് സമർപ്പിക്കുക.

**5. കടബാധ്യത:** വിവിധ കാരണങ്ങൾകൊണ്ട് സാമ്പത്തികമായ പിന്നാക്കാവസ്ഥ നേരിടുകയും കടബാധ്യതയിൽ അകപ്പെടുകയും ചെയ്തിരിക്കുന്ന ക്രൈസ്തവ കുടുംബങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ വിശദമായി ശേഖരിക്കുക.

**6. ഉദ്യോഗരംഗം:** അഭ്യസ്തവിദ്യരിൽ തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ രൂക്ഷമായിരിക്കുന്നത് ക്രൈസ്തവ സമൂഹത്തിലാണ്. ഉയർന്ന കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുവരുടെയും, മികച്ച തസ്തികകളിൽ നിയമിതരാകുവരുടെയും എണ്ണം കുറയുന്നതും എൻട്രൻസ് പരീക്ഷകളിൽ പിന്നാക്കം പോകുന്നതും പ്രത്യേകം പഠനവിഷയമാക്കുക. സിവിൽ സർവീസ് പോലുള്ള ഉന്നത ഉദ്യോഗ മേഖലകൾ തിരഞ്ഞെടുക്കുന്നവരുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ പ്രത്യേകമായി ശേഖരിക്കുക.

**7. പ്രത്യേക പിന്നാക്ക വിഭാഗങ്ങൾ:** കേരളത്തിൽ ഏറ്റവും രൂക്ഷമായ പിന്നാക്കാവസ്ഥ നേരിട്ടുകൊണ്ടിരിക്കുന്ന ദളിത് ക്രൈസ്തവർ, നാടാർ, ആംഗ്ലോ ഇന്ത്യർ, മറ്റ് പിന്നാക്ക സമുദായക്കാർ തുടങ്ങിയവരുടെ ഇപ്പോഴത്തെ സാഹചര്യങ്ങൾ സൂക്ഷ്മമായി പഠിക്കുക.

**8. ആരോഗ്യം:** ക്രൈസ്തവ സമൂഹത്തിനിടയിൽ വർദ്ധിച്ചുവരുന്ന രോഗാവസ്ഥകൾ, മനസികാരോഗ്യസംബന്ധമായ അപര്യാപ്തതകൾ, അഡിക്ഷനുകൾ തുടങ്ങിയവ പഠനവിഷയമാകേണ്ടതുണ്ട്.

**9. ഭവന രഹിതർ:** ഭവനരഹിതരായ ക്രൈസ്തവരെക്കുറിച്ചുള്ള വിവരങ്ങൾ വ്യക്തതയോടെ ശേഖരിക്കുക; അപര്യാപ്തവും സുരക്ഷിതമല്ലാത്തതുമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവർ, ചേരിപ്രദേശങ്ങൾ പോലെ അനാരോഗ്യകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവർ, വീടുവയ്ക്കാൻ സ്ഥലം പോലുമില്ലാത്തവർ തുടങ്ങിയ വിവിധ വശങ്ങൾ പഠനവിധേയമാക്കണം.

**10. വിധവകൾ:** വിധവകളുടെ ജീവിത സാഹചര്യങ്ങൾ, ഉപജീവന മാർഗ്ഗങ്ങൾ, മക്കളുടെ വിവരങ്ങൾ, സുരക്ഷിതത്വം എന്നിവ പഠന വിധേയമാക്കുക.

**11. കുടിയേറ്റം:** വിദേശരാജ്യങ്ങളിലേക്ക് നടക്കുന്ന കുടിയേറ്റത്തിന്റെ പൂർണ്ണമായ ചിത്രം ലഭ്യമാകണം.

**12. കാർഷികമേഖല:** മലബാറിലെ ക്രൈസ്തവർ പരമ്പരാഗതമായി കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരാണ്. കാർഷിക മേഖല ഇന്ന് നേരിടുന്ന പ്രതിസന്ധികൾ ക്രൈസ്തവരുടെ സാമ്പത്തിക മേഖലയെ പാടെ തകർത്ത് കളഞ്ഞിട്ടുണ്ട്. കൃഷി ഭൂമിക്കു വന്നിരിക്കുന്ന മൂല്യത്തകർച്ച, കാർഷിക ഉൽപ്പന്നങ്ങളുടെ വിലയില്ലായ്മ, വന്യമൃഗ ശല്യം, വനത്തോട് ചേർന്ന് കിടക്കുന്ന കൃഷിഭൂമി ബഫർ സോണിൽ പെടുത്തിക്കൊണ്ടുള്ള നിയമ നിർമ്മാണങ്ങൾ തുടങ്ങിയവ അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്.

ഇവ കൂടാതെ ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്ന കടുത്ത വിവേചനം, EWS സംവരണം കൃത്യമായി നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വന്നിട്ടുള്ള വീഴ്ചകൾ തുടങ്ങിയ വിഷയങ്ങളും കമ്മീഷന്റെ ശ്രദ്ധയിൽ എത്തിക്കേണ്ടതുണ്ട്.

## കമ്മീഷനിൽ നിന്ന് പ്രതീക്ഷിക്കുന്നത്

2005 മാർച്ചിൽ മൻമോഹൻസിംഗ് സർക്കാർ, ഇന്ത്യയിലെ മുസ്ലീം പിന്നാക്കാവസ്ഥയെക്കുറിച്ചു പഠിക്കാൻ ജസ്റ്റിസ് സച്ചാർ കമ്മറ്റിയെ നിയോഗിച്ചതായിരുന്നു. സച്ചാർ കമ്മറ്റി റിപ്പോർട്ട് കേരളത്തിൽ എങ്ങനെ നടപ്പാക്കാം എന്ന് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ 2007 ൽ കേന്ദ്ര സർക്കാർ പാലൊളി മുഹമ്മദ് കുട്ടി കമ്മറ്റിയെ നിയോഗിച്ചു. 2008 ൽ അവർ നൽകിയ റിപ്പോർട്ടിൽ മുസ്ലിം ക്ഷേമത്തിനായി അനേകം ശിപാർശകൾ ഉണ്ടായിരുന്നു. അതിന്റെ ഫലമായാണ് ന്യൂനപക്ഷ ക്ഷേമപദ്ധതികളിലെ വിതരണത്തിലെ 80:20 അനുപാതവും അവരുടെ സാമൂഹികവും, വിദ്യാഭ്യാസപരവും, സാമ്പത്തികവും, മതപരവുമായ വളർച്ചക്കുതകുന്ന നിരവധി ക്ഷേമ പദ്ധതികളും സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നത്. അത്തരത്തിലുള്ള ഒരു സാഹചര്യമാണ് ഇന്ന് ക്രൈസ്തവർക്ക് വേണ്ടി ഒരുക്കപ്പെട്ടിരിക്കുന്നത്. നാം ഇന്ന് നേരിടുന്ന പ്രതിസന്ധികൾ വ്യക്തമായി കമ്മീഷന് ബോധ്യപ്പെടുകയും, അതനുസരിച്ചുള്ള റിപ്പോർട്ട് ഗവണ്മെന്റിന് സമർപ്പിക്കപ്പെടുകയും ചെയ്താൽ മാത്രമേ നാം അനുഭവിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരമായി നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുകയുള്ളൂ.

# ക്രൈസ്തവരില്ലാത്ത ഇറാഖ് ഇറാഖല്ല: ഇറാഖ് പ്രധാനമന്ത്രി

**ഫ്രാൻസിസ് മാർപാപ്പയുടെ ഇറാഖ് സന്ദർശനം മാർച്ച് അഞ്ചു മുതൽ എട്ട് വരെ**

● ക്രൈസ്തവരില്ലാത്ത ഇറാഖ് ഇറാഖല്ലെന്ന് തുറന്ന് പറഞ്ഞ് പ്രധാനമന്ത്രി മുസ്തഫ അൽ ഖാദിമി. രാജ്യത്തെ ക്രൈസ്തവ നേതാക്കളുടെ കൂട്ടായ്മയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇറാഖിലെ ക്രൈസ്തവസാന്നിധ്യം അപ്പസ്തോലന്മാരുടെ കാലത്തോളം പഴക്കമുള്ളതാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

"പുരാതന കാലം മുതൽ തന്നെ വിവിധ സംസ്ക്കാരങ്ങളെ സ്വീകരിക്കാനുള്ള മെസപ്പൊട്ടോമിയയുടെ (ഇറാഖ്) തുറവിക്ക് തെളിവാണിത്. സാംസ്കാരികവും മതപരവുമായ വിഭിന്നതകൾക്ക് ഇടയിലും ഇറാഖ് ജനത ശക്തരാണ്. മനോഹരമായ ഈ രാജ്യത്തെ തകർക്കാനുള്ള പദ്ധതികളിൽ പരാജയപ്പെട്ടവരുടെ കെണികൾക്ക് മുന്നിൽ ഞങ്ങൾ സഹവർത്തിത്വത്തിന്റെയും സഹിഷ്ണുതയുടെയും യഥാർത്ഥമായ പൗരത്വത്തിന്റെയും പ്രതീകമായി തുടരും" അദ്ദേഹം ചൂണ്ടിക്കാട്ടി.

വർഗീയമായ വിഭാഗീയതയിൽ നിന്ന് വിവിധ മതവിഭാഗങ്ങളെ സംരക്ഷിക്കുന്നതിലുള്ള പ്രതിജ്ഞാബദ്ധത അദ്ദേഹം ആവർത്തിച്ചു. മുൻ പത്രപ്രവർത്തകനും ഇറാഖിരഹസ്യാന്വേഷണ തലവനുമായ പ്രസിഡന്റ് അൽ ഖാദിമി 1980 ൽ ഗ്രേറ്റ് ബ്രിട്ടണിലേക്ക് നടുകടത്തപ്പെട്ട വ്യക്തിയാണ്. ബ്രിട്ടീഷ് പൗരത്വം സ്വീകരിച്ച അദ്ദേഹം യു എസിന്റെ സൈനിക ഇടപെടലിലൂടെ ഇറാഖിലെ ഭരണകൂടം തകർന്നതിനെ തുടർന്നാണ് മാതൃരാജ്യത്ത് മടങ്ങിയെത്തി സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ വീണ്ടും സജീവമായത്.




## പാപ്പയ്ക്ക് സ്വാഗതം

● ഇറാഖിൽ ഫ്രാൻസിസ് മാർപാപ്പ നടത്തുന്ന സന്ദർശനത്തിന് സ്വാഗതമോതി ഫാ. നയിം ഷൊഷാൻഡി. ക്രിസ്തു വിശ്വാസത്തെ പ്രതി ഐഎസ് തീവ്രവാദികളുടെ കൊലക്കത്തിക്കിരയായി സഹോദരനെ നഷ്ടപ്പെട്ട ഫാ. നയിം ഇപ്പോൾ സ്പെയിനിലാണ് ശുശ്രൂഷ ചെയ്യുന്നത്.

ഇറാഖി ജനതയെ വിശിഷ്യ ക്രൈസ്തവരെ വിവേചനത്തിൽ നിന്നും സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളിൽ നിന്നും മോചിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഈ ആഗമനം ഊർജ്ജമേകുമെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം വേദനിക്കുന്ന ഇറാഖി ജനതകളുടെ ഇടയിലേക്ക് പ്രതീക്ഷയുടെയും പ്രത്യാശയുടെയും അടയാളമായാണ് പാപ്പ കടന്നുവരുന്നതെന്നും പറഞ്ഞു. ഐഎസ് അതിക്രമങ്ങൾ രൂക്ഷമായതിനെ തുടർന്ന് ഫാ. നയിം അവിടെ നിന്ന് പലായനം ചെയ്യുകയായിരുന്നു. നഗരം വിട്ടശേഷം കുർദിസ്ഥാന്റെ തലസ്ഥാനമായ എർബിലിലെ അഭയാർത്ഥി ക്യാമ്പിലായിരുന്നു ഒരു വർഷം അദ്ദേഹത്തിന്റെ സേവനം.

## ഇവർ പൊന്തിഫിക്കൽ കൗൺസിലിലേക്ക്

● സഭാനിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായുള്ള പൊന്തിഫിക്കൽ കൗൺസിൽ ഫോർ ലെജിസ്ലേറ്റീവ് ടെക്സ്റ്റസ് എന്ന വത്തിക്കൻ സമിതിയിലേക്ക് സീറോ മലബാർ സഭയിലെ ഡോ. വർഗീസ് കോളുതറ സിഎംഐ, ഡോ. പോൾ പള്ളത്ത് എന്നീ വൈദികരെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. തൃശൂർ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉൾപ്പെടെ നിലവിൽ മൂന്ന് സീറോ മലബാർ സഭാംഗങ്ങളാണ് ഈ പൊന്തിഫിക്കൻ കൗൺസിലിൽ ഉള്ളത്. അഞ്ചു വർഷത്തേക്കാണ് നിയമനം.

ബംഗളൂരു ധർമ്മാരം വിദ്യക്ഷേത്രത്തിലെ കാനാൻ ലോ ഫാക്കൽറ്റി ഡയറക്ടറാണ് ഡോ. വർഗീസ് കോളുതറ സിഎംഐ. നിലവിൽ പൊന്തിഫിക്കൽ കൗൺസിൽ അംഗമായ ഡോ. കോളുതറയുടെ നിയമനം അഞ്ചുവർഷത്തേക്ക് കൂടി മാർപാപ്പ നീട്ടുകയാണ് ചെയ്തത്. വത്തിക്കാൻ വിശുദ്ധരുടെ നാമകരണത്തിന് വേണ്ടിയുള്ള കാര്യാലയത്തിലെ റിലേറ്ററും കാനൻ ലോ ഗ്രന്ഥങ്ങളുടെ നവീകരണത്തിനായുള്ള പൊന്തിഫിക്കൻ സമിതി അംഗവുംകൂടിയാണ് പാലാരൂപതാംഗമായ ഡോ. പോൾ പള്ളത്ത്. നിരവധി ഗ്രന്ഥങ്ങളുടെയും ലേഖനങ്ങളുടെയും രചയിതാക്കളാണ് ഇവർ.

## ലിബിയൻ രക്തസാക്ഷികൾ സകല ക്രൈസ്തവരുടെയും വിശുദ്ധർ: ഫ്രാൻസിസ് പാപ്പ

● ഐഎസ് തീവ്രവാദികൾ 2015 ൽ ലിബിയൻ തീരത്ത് കഴുത്തറത്ത് കൊലപ്പെടുത്തിയ 21 കോപ്റ്റിക്ക് രക്തസാക്ഷികൾ സഭാഭേദമെന്യേ സകല ക്രൈസ്തവസമൂഹത്തിന്റെയും വിശുദ്ധരാണെന്ന് ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിച്ചു.

രക്തസാക്ഷികളുടെ ആറാം ചരമവാർഷികത്തോടനുബന്ധിച്ച് ലണ്ടനിലെ കോപ്റ്റിക്ക് ഓർത്തഡോക്സ് അതിരൂപത സംഘടിപ്പിച്ച വെബിനാറിന് നൽകിയ വീഡിയോ സന്ദേശത്തിലാണ് പാപ്പ ഇപ്രകാരം പറഞ്ഞത്.

"ജലത്താലും പരിശുദ്ധാത്മാവിനാലും ക്രൈസ്തവരായി സ്നാനം സ്വീകരിച്ച ആ 21 പേർ മിശിഹായെപ്രതി രക്തം കൊണ്ടുള്ള സ്നാനം സ്വീകരിച്ചു. രക്തം കൊണ്ടുള്ള ആ സ്നാനപ്പെടലിനെ ഞാൻ എന്റെ ഹൃദയത്തോട് ചേർത്തുപിടിക്കുന്നു. അവരെല്ലാവരും നമ്മുടെ വിശുദ്ധരാണ്. എല്ലാ ക്രൈസ്തവരുടെയും വിശുദ്ധരാണ്. എല്ലാ പാരമ്പര്യങ്ങളിലും സഭാവിഭാഗങ്ങളിലുമുള്ള ക്രൈസ്തവരുടെയും വിശുദ്ധരാണ്." –പാപ്പ തന്റെ പ്രസ്താവനയിൽ പറഞ്ഞു.



രക്തസാക്ഷികളായ 21 പേരും സാധാരണക്കാരും കുടുംബം പോറ്റാൻ കഠിനാധ്വാനം ചെയ്യുന്നവരുമായിരുന്നു. വിശ്വാസത്തിൽ ഒരിക്കലും ഇടിവ് തട്ടാത്ത ക്രിസ്തു ശിഷ്യർക്ക് ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും വലിയ സമ്മാനമാണ് ആ 21 ധീര പുരുഷന്മാർക്ക് ലഭിച്ചതെന്ന് പാപ്പ ചൂണ്ടിക്കാട്ടി. അവരെ വിശ്വാസത്തിൽ ആഴപ്പെടുത്തിയ കുടുംബാംഗങ്ങളെയും സഭാനേതൃത്വത്തെയും പാപ്പ അഭിനന്ദിച്ചു.

തയ്യാറാക്കിയത്: **ഫാ. ജോസഫ് കളത്തിൽ**

ആസ്വദിക്കാം ജീവിത സായാഹ്നം ഒയേസിസിൽ...



● താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ മുതിർന്ന പൗരന്മാർക്കായി ഒരുക്കുന്ന പ്രൊജക്ട്
● എല്ലാ സൗകര്യങ്ങളും ഉൾപ്പെട്ട ഭവനസമുച്ചയങ്ങൾ
● സിംഗിൾ / ഡബിൾ ബെഡ്റൂം വില്ലകൾ നിങ്ങളുടെ ഇഷ്ടാനുസരണം തിരഞ്ഞെടുക്കാം
● പരിമിതമായ വില്ലകൾ മാത്രം



ഒയേസിസ്
സീനിയർ കെയർ ഹോം
താമരശ്ശേരി, കോഴിക്കോട്

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക
ഫാ. കുര്യൻ തലച്ചിറക്കുഴി ഫോൺ: 9447637168

# വിവാഹനിയമങ്ങളുടെ ലംഘനവും ലംഘിക്കുന്നവരുടെ കുടുംബങ്ങളും

**മിശ്രവിവാഹങ്ങളുടെയും മതാന്തരവിവാഹങ്ങളുടെയും പേരിൽ വിവാഹിതരുടെ കുടുംബാംഗങ്ങളെ ഒരു കാരണവശാലും കുറ്റപ്പെടുത്തുകയോ മാറ്റിനിർത്തുകയോ ചെയ്യാൻ പാടുള്ളതല്ല; അതു നിയമത്തിനും സഭാ ചൈതന്യത്തിനും എതിരാണ്**



റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ

? മിശ്രവിവാഹത്തെക്കുറിച്ചും മതാന്തരവിവാഹത്തെക്കുറിച്ചും ഈ പക്തിയിൽ വിശദീകരണങ്ങൾ നൽകിയിരുന്നല്ലോ. ഈ വിവാഹങ്ങൾ സഭാനിയമപ്രകാരം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ അനുസരിക്കാത്തവരും നൽകിയ വാഗ്ദാനം പിന്നീടു പാലിക്കാത്തവരുമുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഇവരുടെ കുടുംബാംഗങ്ങൾക്കെതിരെ സഭാപരമായ നടപടി സ്വീകരിക്കാമോ? ഇക്കാര്യത്തിലുള്ള സഭാനിയമം എന്താണു പറയുന്നത്?

– സണ്ണി വട്ടമറ്റം

മിശ്രവിവാഹങ്ങളും (കത്തോലിക്കരും അകത്തോലിക്കരും തമ്മിൽ) മതാന്തരവിവാഹങ്ങളും (കത്തോലിക്കരും മാമ്മോദീസ സ്വീകരിക്കാത്തവരും തമ്മിൽ) നടക്കുന്ന വിവാഹങ്ങളുടെ എണ്ണം താരതമ്യേന വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ വളരെ പ്രസക്തവും അജപാലന സാഹചര്യങ്ങളിൽ ഉയർന്നുവരുന്നതുമായ ഒരു ചോദ്യമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഇത്തരം വിവാഹങ്ങളെക്കുറിച്ചുള്ള സഭാനിയമം ഇതിനുമുമ്പു പ്രതിപാദിച്ചിട്ടുള്ളതിനാൽ അത് ആവർത്തിക്കുന്നില്ല.

മതാന്തരവിവാഹങ്ങളും മിശ്രവിവാഹങ്ങളും സാധാരണഗതിയിൽ നിയമത്താൽ നിരോധിക്കപ്പെട്ടവയാണെന്നും ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഇത്തരം വിവാഹം നടത്തണമെന്നുണ്ടെങ്കിൽ സഭാധികാരിയായ രൂപതാമെത്രാന്റെ അനുവാദം വാങ്ങിയിരിക്കണമെന്നും നിയമം നിഷ്കർഷിക്കുന്നു. സഭാനിയമത്തിൽ നൽകിയിട്ടുള്ള ഈ സാധ്യത ഉപയോഗിച്ചുകൊണ്ടു വിവാഹിതരാകാൻ ആഗ്രഹിക്കുന്നവർക്ക് ഈ വിവാഹതടസങ്ങളിൽ നിന്ന് (Impediments) ഒഴിവ് (Dispensation) രൂപതാദ്ധ്യക്ഷനിൽ നിന്നു ലഭിക്കണമെങ്കിൽ അപേക്ഷകർ നിയമം അനുശാസിക്കുന്ന താഴെപറയുന്ന കാര്യങ്ങൾ പാലിക്കുന്നതിനു സന്നദ്ധരായിരിക്കണം.

- കത്തോലിക്കാവ്യക്തി തന്റെ വിശ്വാസത്തെ സംരക്ഷിച്ച് ജീവിക്കുമെന്ന് ഉറപ്പു നൽകണം (CCEO c. 814 -1°; CIC c. 1125 -1°).
- പ്രസ്തുത വിവാഹത്തിൽ ഉണ്ടാകുന്ന മക്കളെ കത്തോലിക്കാസഭയിൽ മാമ്മോദീസയും ശിക്ഷണവും നൽകി വളർത്തുന്നതിനു തന്റെ കഴിവിനനുസരിച്ച് പരിശ്രമിക്കുമെന്ന് ആത്മാർത്ഥമായി വാഗ്ദാനം ചെയ്യണം (CCEO c. 814 -1°; CIC c. 1125 -1°).
- കത്തോലിക്കാവ്യക്തി ചെയ്യുന്ന ഈ വാഗ്ദാനങ്ങളെക്കുറിച്ച് അക്രൈസ്തവ വ്യക്തി യഥാസമയം അറിയുന്നുണ്ടെന്നും അതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടെന്നും ഉറപ്പുവരുത്തണം (CCEO c. 814 -2°; CIC c. 1125 -2°).
- വിവാഹത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങളെയും ഗുണങ്ങളെയും കുറിച്ചു രണ്ടു വ്യക്തികളും മനസ്സിലാക്കുകയും അതിനനുസരിച്ചു വിവാഹബന്ധത്തിലേർപ്പെടാൻ സമ്മതം അറിയിക്കുകയും വേണം (CCEO c. 814 -3°; CIC c. 1125 -3°).
- സഭാ നിയമം അനുശാസിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമമോ ഇത്തരം വിവാഹങ്ങൾക്കായി സഭ നിർദ്ദേശിച്ചിരിക്കുന്ന പ്രത്യേകക്രമമോ ഉപയോഗിച്ചായിരിക്കണം വിവാഹം നടത്തേണ്ടത് (CCEO c. 834 §1; CIC cc. 1117, 1127 §1).
- ദൈവാലയത്തിൽ വച്ചു നിയമാനുസൃതം സഭ നിശ്ചയിച്ചിരിക്കുന്ന ക്രമമനുസരിച്ചു വിവാഹം നടത്തുന്നതിനു മുൻപോ ശേഷമോ പങ്കാളിയുടെ മതാചാരമനുസരിച്ചു വിവാഹകർമ്മം ആവർത്തിക്കാൻ പാടില്ല (CCEO c. 839; CIC c. 1127§3).

മുകളിൽപ്പറഞ്ഞിരിക്കുന്ന വാഗ്ദാനങ്ങൾ ലംഘിക്കപ്പെടുന്ന സാഹചര്യമാണു ചോദ്യത്തിന്റെ പശ്ചാത്തലം. മതാന്തരവിവാഹമോ മിശ്രവിവാഹമോ ആവശ്യമായ അനുവാദമില്ലാതെ നടത്തുന്നതുവഴി നിയമം ലംഘിക്കുകയും അതുവഴി ഉതപ്പു നൽകുകയും ചെയ്യുന്നവർക്കെതിരെ നടപടിയെടുക്കണമെന്നു സീറോമലബാർസഭയുടെ പ്രത്യേക നിയമം Art 184 ൽ പറയുന്നുണ്ട്. കൃത്യമായ നിയമ നിർദേശമില്ലെങ്കിലും മതാന്തരവിവാഹത്തിലോ മിശ്രവിവാഹത്തിലോ നൽകുന്ന വാഗ്ദാനം പാലിക്കാത്ത കത്തോലിക്കാവിശ്വാസിക്കെതിരെ സഭാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കാമെന്നതാണു നിയമത്തിന്റെ അന്തഃസത്ത (Spirit of the law).



**മതാന്തരവിവാഹമോ മിശ്രവിവാഹമോ ആവശ്യമായ അനുവാദമില്ലാതെ നടത്തുന്നതുവഴി നിയമം ലംഘിക്കുകയും അതുവഴി ഉതപ്പു നൽകുകയും ചെയ്യുന്നവർക്കെതിരെ നടപടിയെടുക്കണമെന്നു സീറോമലബാർസഭയുടെ പ്രത്യേക നിയമം Art 184 ൽ പറയുന്നു. കൃത്യമായ നിയമ നിർദേശമില്ലെങ്കിലും മതാന്തരവിവാഹത്തിലോ മിശ്രവിവാഹത്തിലോ നൽകുന്ന വാഗ്ദാനം പാലിക്കാത്ത കത്തോലിക്കാവിശ്വാസിക്കെതിരെ സഭാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കാമെന്നതാണു നിയമത്തിന്റെ അന്തഃസത്ത**

ചോദ്യകർത്താവിന്റെ സംശയം ഇതിനുമപ്പുറമാണ്. സഭാനിയമം കണക്കിലെടുക്കാതെ അകത്തോലിക്കരും അക്രൈസ്തവരുമായി വിവാഹത്തിലേർപ്പെടുന്നവരുടെ കുടുംബാംഗങ്ങൾ സഭാപരമായ ശിക്ഷാനടപടികൾ നേരിടണമോ? അതുപോലെ തന്നെ മതാന്തരവിവാഹവും മിശ്രവിവാഹവും സഭാനിയമപ്രകാരം നടത്തുന്നതിനുവേണ്ടി നിയമം നിർദ്ദേശിക്കുന്ന വാഗ്ദാനങ്ങൾ പാലിക്കുമെന്ന് ഉറപ്പുനൽകി പള്ളിയിൽ വിവാഹിതരായശേഷം, ഈ വാഗ്ദാനങ്ങൾ പരസ്യമായി ലംഘിച്ചുകൊണ്ടു വിവാഹിതരായവർ ജീവിക്കുന്ന സാഹചര്യത്തിൽ അവരുടെ കുടുംബാംഗങ്ങളെ (മാതാപിതാക്കൾ, സഹോദരങ്ങൾ) ഏതെങ്കിലും രീതിയിൽ ശിക്ഷിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ?

കുടുംബാംഗങ്ങൾക്കു ശിക്ഷയുണ്ടോ എന്നതിന്റെ ഉത്തരം പറയുന്നിനു മുമ്പ് ഇപ്രകാരം വിവാഹിതരായവർക്കു അവർ സ്വയം നൽകുന്ന ശിക്ഷ എന്തെന്നു മനസ്സിലാക്കുന്നത് ഉചിതമാണ്. സഭയുടെ അനുവാദമില്ലാതെ അകത്തോലിക്കരും അക്രൈസ്തവരുമായ വ്യക്തികളുമായി വിവാഹം കഴിക്കുന്ന കത്തോലിക്കാവ്യക്തികൾക്കു കുമ്പാസാരമെന്ന കൂദാശ സ്വീകരിക്കുന്നതിനോ വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനോ സാധിക്കുകയില്ല. കാരണം, ക്രമപ്രകാരമല്ലാത്ത വിവാഹബന്ധം വഴി അവർ ഫലപ്രദമായ രീതിയിൽ കുമ്പസാരിക്കുന്നതിന് അയോഗ്യരായിത്തീരുന്നു. അതിനാൽ വിശുദ്ധ കുർബാന സ്വീകരണം സാധിക്കാതെ വരുന്നു. സഭയുടെ അനുവാദത്തോടെ വിവാഹം നടത്തുകയും വിവാഹത്തോടനുബന്ധിച്ചു നടത്തിയ വാഗ്ദാനം ലംഘിക്കുകയും ചെയ്തവർക്കു വിശുദ്ധ കുമ്പസാരവും വിശുദ്ധ കുർബാന സ്വീകരണവും നിഷേധിക്കേണ്ടതാണ് എന്നു ലേഖകൻ ചിന്തിക്കുന്നു. ഇക്കാര്യത്തിൽ സഭാനിയമം പ്രത്യേകിച്ച് ഒന്നും പറയുന്നില്ല. അതേസമയം, ഇത്തരം സാഹചര്യങ്ങളെ രണ്ടായി കാണേണ്ടതുണ്ട്. ഒന്ന്, ഇത്തരം വിവാഹങ്ങൾ സൃഷ്ടിക്കുന്ന സങ്കീർണ്ണമായ കുടുംബസാഹചര്യങ്ങളിൽ വിവാഹത്തിനുവേണ്ടി നല്കിയ വാഗ്ദാനങ്ങൾ പാലിക്കാൻ സാധിക്കാത്ത അവസ്ഥ. രണ്ട്, കുടുംബങ്ങളുടെ അഭിമാനം സംരക്ഷിക്കുന്നതിനുവേണ്ടി മാത്രം സഭാനിയമനുസരിച്ചു വിവാഹം പള്ളിയിൽ വച്ചു നടത്തുകയും അതിനു ശേഷം കത്തോലിക്കാവിശ്വാസത്തിനോ സഭാനിയമങ്ങൾക്കോ യാതൊരു വിലയും കൽപ്പിക്കാതെ പരസ്യമായി രണ്ടാമതു വിവാഹകർമ്മം ആവർത്തിക്കുകയും ജീവിത പങ്കാളിയുടെ മതാചാരമനുസരിച്ചു ജീവിക്കുകയും ചെയ്യുന്ന സാഹചര്യം. ഈ രണ്ടു സാഹചര്യങ്ങളെയും വ്യത്യസ്തമായ രീതിയിലാണു സമീപിക്കേണ്ടത്.

ഇനി ചോദ്യത്തിന്റെ ഉത്തരം. മേൽപ്പറഞ്ഞപ്രകാരം വിവാഹിതരാകുന്നവർ വിവാഹത്തിനുമുൻപോ ശേഷമോ സഭാനിയമങ്ങൾ ലംഘിച്ചാൽ അവരുടെ കുടുംബാംഗങ്ങൾ (മാതാപിതാക്കൾ സഹോദരങ്ങൾ) ഏതെങ്കിലും രീതിയിൽ കുറ്റക്കാരാണോ എന്ന ചോദ്യത്തിനു അല്ല എന്നതുതന്നെയാണ് ഉത്തരം. കാരണം പ്രായപൂർത്തിയായ (CCEO c. 909, CIC. c. 97) 18 വയസ് കഴിഞ്ഞ ഒരു വ്യക്തിക്കു തന്റെ അവകാശങ്ങളുടെ പൂർണ്ണമായ വിനിയോഗത്തിന് അർഹതയുണ്ട് (CCEO c. 910 § 1, CIC c. 98) എന്നു സഭാനിയമം പറയുന്നു. വിവാഹമെന്ന കൂദാശാസ്വീകരണത്തിന്റെ ഒരുക്കത്തിലും സ്വീകരണത്തിലും വിവാഹിതരാകുന്നവരുടെ മാതാപിതാക്കൾക്കോ കുടുംബാംഗങ്ങൾക്കോ സഭാനിയമപരമായ യാതൊരു ഉത്തരവാദിത്തവും ഇല്ല. പ്രായപൂർത്തിയായവരുടെ വിവാഹം നടത്തുന്നതിനു മാതാപിതാക്കളുടെ അനുവാദവും ആവശ്യമില്ല. അതിനാൽ സ്വന്തം ഉത്തരവാദിത്വത്തിലും ബോധ്യത്തിലും വിവാഹിതരാകുന്നവർ മാത്രമാണ് അതുവഴി ബന്ധപ്പെട്ട മറ്റു നടപടികൾക്കും വിധേയരാകേണ്ടത്.

അതിനാൽ, ഒരു കാരണവശാലും കുടുംബാംഗങ്ങൾ നിയമപ്രകാരം ഉത്തരവാദികളല്ല. അതിനാൽ മിശ്രവിവാഹങ്ങളുടെയും മതാന്തരവിവാഹങ്ങളുടെയും പേരിൽ വിവാഹിതരുടെ കുടുംബാംഗങ്ങളെ ഒരു കാരണവശാലും കുറ്റപ്പെടുത്തുകയോ മാറ്റിനിർത്തുകയോ ചെയ്യാൻ പാടുള്ളതല്ല; അതു നിയമത്തിനും സഭാ ചൈതന്യത്തിനും എതിരാണ്.

അതേസമയം, സഭാധികാരികളുടെ അനുവാദമില്ലാതെ അകത്തോലിക്കരുമായും അക്രൈസ്തവരുമായും വിവാഹത്തിലേർപ്പെടുന്നവരുടെയും വിവാഹം നടത്തുന്നതിനു വേണ്ടി മാത്രം വാഗ്ദാനം നൽകി പിന്നീട് അവ പരസ്യമായി ലംഘിക്കുകയും ചെയ്യുന്നവരുടെ കുടുംബാംഗങ്ങൾ ചെയ്യേണ്ട ഗൃഹപാഠമുണ്ട്. കുടുംബത്തിന്റെ അഭിമാനം സംരക്ഷിക്കുന്നതിനുവേണ്ടി മാത്രം പ്രവർത്തിക്കുമ്പോൾ തങ്ങൾ ഉൾപ്പെടുന്ന സഭയോടും ഇടവകയോടും വിശ്വാസകൂട്ടായ്മയോടുമുള്ള കടമയും പങ്കാളിത്തവും സൗകര്യപൂർവ്വം മാറ്റിവച്ചതിനെക്കുറിച്ച് ആത്മപരിശോധന ആത്മാർത്ഥമായി നടത്തണം. സ്വന്തം വിശ്വാസം കാത്തുസൂക്ഷിക്കാനുള്ള പ്രതിബദ്ധതയുടെ ഭാഗമാണു സഭാനിയമങ്ങൾ അനുസരിക്കുന്നതും മറ്റു താൽപ്പര്യങ്ങൾക്കുവേണ്ടി അവയെ അവഗണിക്കാതിരിക്കുന്നതും എന്നത് ഈ ആത്മപരിശോധനയുടെ മാനദണ്ഡമാകണം.

**സഭാ സംബന്ധമായ നിങ്ങളുടെ സംശയങ്ങൾക്ക് ഞങ്ങൾ മറുപടി നൽകാം.**

**ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് –12**

**വാട്സാപ്പ്: 97 44 99 5553**

# പുലിയച്ചനും കുറുക്കനും



കുട്ടീസ് കോർണർ

ജെയിംസ് വെങ്ങിണിക്കൽ



പുലിയച്ചൻ കാട്ടിലും നാട്ടിലും കുപ്രസിദ്ധനാണ്. കാട്ടിലാണെങ്കിൽ മറ്റുമൃഗങ്ങൾക്കൊന്നും സമാധാനമായിട്ട് നടക്കാൻ പറ്റില്ല. കാട്ടിലെ ഭീകരവാഴ്ചയ്ക്കിടെ നാട്ടിലും ഇറങ്ങും. വീടുകളിൽ വരെ കയറും. വളർത്തു മൃഗങ്ങളെയും മനുഷ്യരെയും വരെ ഉപദ്രവിക്കുവാൻ തുടങ്ങി. ജനങ്ങൾ വനപാലകരുടെ അടുക്കൽ പരാതി നൽകി കഴിയുകയാണ്.

ഏതായാലും ഒരു ദിവസം അവർ മയക്കുവെടിവച്ച് പുലിയച്ചനെ പിടിക്കാൻ തീരുമാനിച്ചു. ആദ്യമായി ഒരു കെണിവച്ചു, അവൻ വീണു. 'പലനാൾ കട്ടാൽ ഒരുനാൾ പിടിയിലാകും' എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. ഒരു ഇരുമ്പഴിക്കൂടായിരുന്നു കെണി. വനപാലകർക്ക് സമാധാനമായി. വനത്തിൽ ഒരു പ്രധാനസ്ഥലത്ത് തന്നെ എല്ലാവരും കാണത്തക്കവിധത്തിൽ പ്രദർശിപ്പിച്ചു. വീട്ടുമൃഗങ്ങളെ ശാപ്പിട്ട് പുലിയച്ചൻ കൊഴുത്തിരിക്കുകയായിരുന്നു. നാട്ടുകാർക്ക് വളരെ സന്തോഷമായി. പുലിയച്ചൻ വീണല്ലോ... അവനെ കാണാനും കഴിഞ്ഞു. പത്തു ചീത്തവാക്കുകൾ അവനോട് പറഞ്ഞപ്പോൾ അവരുടെ കലിപ്പ് കുറഞ്ഞു. പ്രദർശനവേദിയിൽ ആളുകൾ തീർന്നു. അവസാനം ഒരു പാവം കർഷകൻ അതിലേ പോയി അയാൾക്ക് അനുകമ്പ തോന്നി. പുലിയച്ചൻ അയാളോടു തന്നെ രക്ഷിക്കാമോയെന്നു ചോദിച്ചു. "ഞാൻ രക്ഷിക്കാം പക്ഷേ എന്നെയൊന്നും ചെയ്യല്ലേ.."

"തീർച്ചയായും ഉപദ്രവിക്കില്ല, ഞങ്ങളുടെ കുലമഹിമ നിനക്കറിഞ്ഞുകൂടെ?"

"അതറിയാം , അതുകൊണ്ടു കൂടിയാണ് ഒന്നു കൂടെ ചോദിക്കുന്നത്." കൃഷിക്കാരൻ കൂടുതുറന്നു. പക്ഷേ പുലിയച്ചൻ ഒന്നുമറിയാത്ത ഭാവത്തിൽ അയാളുടെ മേൽ ചാടിവീണു. അയാൾ കരഞ്ഞു പറഞ്ഞു "രക്ഷിക്കണേ.. രക്ഷിക്കണേ.."

പുലിയച്ചന്റെയും പാവം കൃഷിക്കാരന്റെയും സംഭാഷണം ഒരു കുറുക്കച്ചൻ കേൾക്കുന്നുണ്ടായിരുന്നു. അവൻ പുലിയെ ഓർമിപ്പിച്ചു "അമ്മാവാ, കുലമഹിമ മറക്കരുത്." അതുകേട്ട് പുലിയച്ചൻ പിന്മാറി.

കുറുക്കൻ ചോദിച്ചു: "അല്ല അമ്മാവാ, എനിക്കൊരു സംശയം. ഈ ഇരുമ്പു കൂടിന്റെ വാതിൽ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന ടെക്നിക്ക് അമ്മാവൻ എങ്ങനെ അറിഞ്ഞു?" പുലിയച്ചൻ പറഞ്ഞു: "നിനക്ക് കാണണോ? നീ കുറുക്കച്ചനാണെന്ന് പറഞ്ഞ് നടന്നിട്ടൊരു കാര്യവുമില്ല. നിനക്ക് ഒരു മണ്ണാങ്കട്ടയും അറിയില്ല. ദാ..നോക്ക് ഞാൻ ഇപ്പോൾ ഈ കൂട്ടിൽ കയറും. അതുപോലെ ഇറങ്ങുകയും ചെയ്യും." പുലിയമ്മാവൻ അഭിനയിച്ചു കാണിച്ചു. കുറുക്കച്ചൻ പുലിയച്ചനെ അഭിനന്ദിക്കുകയും ചെയ്തു. പക്ഷേ പുലി കൂട്ടിനകത്തായപ്പോൾ കുറുക്കൻ സൂത്രത്തിൽ വാതിൽ കുറ്റിയിട്ടു. പുലിയച്ചൻ പഠിച്ച പണി പതിനെട്ടും നോക്കിയിട്ട് ഇറങ്ങാൻ കഴിയുന്നില്ല.

കുറുക്കൻ പൊട്ടിച്ചിരിച്ചു. അമ്മാവോ വനപാലകർ വരട്ടെ. അപ്പോൾ നമുക്ക് വേണ്ടത് ചെയ്യാം. പുലിയച്ചൻ ഇളിഭ്യനായി നിന്നു! പൊട്ടിച്ചിരിച്ചുകൊണ്ട് കുറുക്കച്ചൻ കർഷകനോടു പറഞ്ഞു: "മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്നത് നല്ലതുതന്നെ. പക്ഷെ, സ്വന്തം തടികേടാകാതെ നോക്കണം."

## ക്വിസ് കോർണർ 2020 വിജയികൾ

2020 ജനുവരി മുതൽ ഡിസംബർ വരെ പ്രസിദ്ധീകരിച്ച ക്വിസ് കോർണർ മത്സരത്തിൽ എല്ലാ മാസവും ശരിയുത്തരം അയച്ചവർ:

- അച്ചാമ്മ കൊടക്കല്ലിൽ, നൂറാംതോട്
- റോസിലി മുണ്ടയ്ക്കൽ, നൂറാംതോട്
- ഗ്രേസി കൂട്ടുങ്കൽ, വേനപ്പാറ
- ജിസിയ ഓലിക്കൽ, വിലങ്ങാട്
- ലിസി കുറ്റിക്കാടൻ, അശോകപുരം
- റോസിലി പ്ലാക്കിയിൽ, കുണ്ടുതോട്
- മേരി ജോൺ ഇളപ്പുങ്കൽ, ചക്കിട്ടപാറ
- ആലീസ് നിരവത്ത്, പുല്ലൂരാംപാറ

**പ്രോത്സാഹന സമ്മാനാർഹർ:**

- തോമസ് ഇരുപ്പക്കാട്ട്, വിലങ്ങാട്.
- അമ്പിളി നരിക്കുഴിയിൽ, തിരുവമ്പാടി

**ഡിസംബർ ലക്കം വിജയികളായവർ:**

● ഒന്നാം സമ്മാനം, 1000 രൂപ

**അലീന മരിയ സാൻജോ**
തുണ്ടിയിൽ, മഞ്ഞുവയൽ

● രണ്ടാം സമ്മാനം, 500 രൂപ

**ആൻസി സ്മിജു**
എടവഴിക്കൽ, കുണ്ടായിത്തോട്

● മൂന്നാം സമ്മാനം, 250 രൂപ

**ലൂസി ആന്റണി**
മഞ്ഞക്കുന്നേൽ, മുക്കം

● പ്രോത്സാഹന സമ്മാനം

**ലയ വർഗീസ്**
പുതുപ്പള്ളിയിൽ, വാളൂക്ക്

**ഡിസംബർ ലക്കം ഉത്തരങ്ങൾ:**

1. മരണം 2. കൊറോണ എന്ന വിപത്ത് 3. കുടുംബ പ്രാർത്ഥന 4. Acepting, Judgement, Compromising 5. തഹസിൽദാർ 6. മരണാനന്തര ജീവിതത്തിൽ 7. ഇല്ല 8. മാതാപിതാക്കൾ 9. മക്കൾ 10. ദുരഭിമാനം

# ക്വിസ് കോർണർ 2021

*ജനുവരി – ഫെബ്രുവരി ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ

**ലിറ്റി ചാക്കോ**
കൊച്ചീലാത്ത്, കൂരോട്ടുപാറ

● രണ്ടാം സമ്മാനം, 500 രൂപ

**അനീറ്റ ജിനോയ്**
പ്ലാംപറമ്പിൽ, മാലാപറമ്പ്

● മൂന്നാം സമ്മാനം, 250 രൂപ

**ബെറ്റി ജോസ്**
വെളിയംകുളത്ത്, കക്കയം

● പ്രോത്സാഹന സമ്മാനം

**മറിയക്കുട്ടി ഡൊമിനിക്**
കുറ്റിവേലിൽ, നെന്മേനി

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ**
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2021 മാർച്ച് – ഏപ്രിൽ ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. മനുഷ്യന്റെ മരണത്തിനുള്ള ദൈവത്തിന്റെ മറുപടി എന്താണ്?
2. സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു തോൽപ്പിക്കാൻ ദൈവത്തിന്റെ എല്ലാ ആയുദ്ധങ്ങളു ധരിക്കുവിൻ. പുസ്തകം, അധ്യായം, വാക്യം ഏത്?
3. ഒരുവൻ ദൈവത്തിന്റെ കരുണയും അനുകമ്പയും പങ്കുവയ്ക്കുന്നത് എന്തിലൂടെയാണ്?
4. ദുഷ്ടനെ ജയിക്കുന്ന വിജയത്തിന്റെ പതാക ഏതാണ്?
5. ഏത് രാഷ്ട്രീയ പാർട്ടിയായാലും അവ ക്രിയാത്മകമായ മാറ്റങ്ങൾക്ക് വേദിയാകുന്നത് എപ്പോഴാണ്?
6. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ നിയമിതനായ കമ്മീഷന്റെ ചെയർമാർ?
7. മിശ്ര, മതാന്തര വിവാഹങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർ സഭാനിയമങ്ങൾ ലംഘിച്ചാൽ അവരുടെ കുടുംബാംഗങ്ങൾ ഏതെങ്കിലും രീതിയിൽ കുറ്റക്കാരാണോ?
8. ലോകത്തിനു മുന്നിൽ യേശു ശിഷ്യരായി ജീവിക്കാൻ നമ്മുക്കു ലഭിക്കുന്ന സുവിശേഷ ദിനങ്ങൾ ഏതാണ്?
9. ഇന്ത്യയിലെ പെട്രോൾ വിലയെ ശശിതരൂർ വിശേഷിപ്പിക്കുന്നത് എങ്ങനെയാണ്?
10. സുറിയാനി ഭാഷയിൽ നോമ്പിന് ഉപയോഗിക്കുന്ന പദം?

**ഉത്തരങ്ങൾ 2021 ഏപ്രിൽ 30ന് മുമ്പ് ലഭിക്കണം**

## ജനുവരി – ഫെബ്രുവരി ലക്കം ഉത്തരങ്ങൾ

1. നീതിമാൻ 2. മൂല്യശോഷണം 3. 1870 4. പ്രത്യാശയുടെ കഥകൾ 5. അവരെ പ്രബലർ ചവിട്ടികടന്നു പോകും 6. നിശ്ചയദാർഢ്യം 7. ഗ്വാഡലൂപ്പ മാതാവിന്റെ 8. വിശുദ്ധ അഗസ്റ്റിൻ 9. ആൻഡ്രജൻ 10. വിശുദ്ധ യാക്കോബ് സ്ലീഹ

## പൊതുനിർദ്ദേശങ്ങൾ

● മലബാർ വിഷൻ ക്വിസ് കോർണറിൽ പങ്കെടുക്കുന്നവർ ഈ പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● നിർദ്ദിഷ്ട കോളത്തിലല്ലാതെ പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല. ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5552

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..............................

വീട്ടുപേര്: ..............................

ഇടവക: ..............................

ഫോൺ: ..............................

# ഒരുക്കാം കരുണയുടെ തണലിടങ്ങൾ

**ലോകത്തിനു മുമ്പിൽ യേശുശിഷ്യരായി ജീവിക്കാൻ നമുക്ക് ലഭിക്കുന്ന സുവിശേഷ ദിനങ്ങളാണ് നോമ്പുകാലം. കാപട്യവും പൊങ്ങച്ചവും നമ്മുടെ ക്രിസ്തീയ ജീവിതത്തെ കളങ്കിതമാക്കാൻ അനുവദിക്കരുത്**




ചിന്തയും ചർച്ചയും
ആന്റണി ചടയംമുറി

അറുപതുകളിലാണ് എന്റെ ബാല്യം ചക്കിട്ടപ്പാറയിലും കുളത്തുവയലിലുമായി ഞാൻ ചിലവഴിച്ചത്. ഒന്നാം ക്ലാസ് മുതൽ ചക്കിട്ടപ്പാറ പള്ളിവക സ്കൂളിൽ, അഞ്ചിലെത്തിയപ്പോൾ കുളത്തുവയൽ സെന്റ് ജോർജ്ജ് സ്കൂളിലെത്തി. ചക്കിട്ടപ്പാറയിലെ പഴയകവലയ്ക്കടുത്താണ് എന്റെ കുടുംബം അന്ന് താമസിച്ചിരുന്നത്. ഒരു അംശം അധികാരിയുടെ ഏഴേക്കറിലധികം വരുന്ന പറമ്പിൽ ഒരു ഇടത്തരം വീട്. രണ്ട് ഫർലോംഗ് ഓടിയാൽ സ്കൂളിലെത്താം. അഞ്ച് വയസു തികയുന്നതിനു മുമ്പേ വീടിനു മുമ്പിൽ കൂടി നടന്നു പോകുന്ന ഒരു ടീച്ചറോടൊപ്പം ഞാനും ക്ലാസിൽ പോയിത്തുടങ്ങി. വീട്ടിൽ നിന്ന് ഒരു ചെമ്മൺ വഴി, വഴിക്കപ്പുറം കളിമണ്ണ് നിറഞ്ഞ ചെറിയ കുന്ന്, വഴിയിലേക്ക് കണ്ണീർച്ചാലൊരുക്കി ഒരു തോട്. പാലമൊന്നുമില്ല; തോട് നീന്തിക്കയറി ചെറിയ കുന്ന് ഓടിത്തീർന്ന് ഒരു വളവ് കഴിഞ്ഞാൽ ചക്കിട്ടപ്പാറ. വഴിയിൽ നിന്ന് അൽപ്പം അകലെയാണ് പള്ളിയും സ്കൂളും.

കുളത്തുവയൽ സ്കൂളിൽ പഠിക്കുമ്പോഴാണ് അരിക്കു ക്ഷാമമുണ്ടായത്. അന്ന് സമ്പന്നരും ഇടത്തരക്കാരുമായ ക്രൈസ്തവ ഭവനങ്ങൾ ഊട്ടുനേർച്ച വീടുകളിൽ നടത്താൻ സഭാധികൃതർ നിർദ്ദേശിച്ചു. നോമ്പുകാലമായതിനാൽ പപ്പടം, പഴം, പായസം ഉൾപ്പെട്ട പച്ചക്കറി സദ്യയാണ് അപ്പനും അമ്മയും ഒരു മകനും ഉൾപ്പെട്ട കുടുംബത്തിന് സൗജന്യമായി വിളമ്പുക. അന്ന് കുടുംബയൂണിറ്റുകളൊന്നുമായിട്ടില്ല. പക്ഷേ താമരശ്ശേരി രൂപതയിലെ (അന്ന് തലശ്ശേരി രൂപത) ഭവനങ്ങളിൽ നിന്ന് എനിക്കും എന്റെ കുടുംബത്തിനും ലഭിച്ച ഊട്ടുനേർച്ചയുടെ രുചി ഓരോ നോമ്പുകാലത്തും എന്റെ ഓർമ്മകളിലെത്തുന്നു. ഊട്ടുനേർച്ചയ്ക്ക് മൂന്നു പേർ മാത്രമേ പാടുള്ളൂ; തിരുക്കുടുംബത്തെ ഓർമിപ്പിക്കാനാണത്. എനിക്കു താഴെ ഒരു സഹോദരിയുണ്ട്. അവളെ അടുത്ത വീട്ടിൽ ഏൽപ്പിച്ചാണ് അപ്പനും അമ്മയും ഞാനുമടങ്ങുന്ന കുടുംബം രാത്രി നേർച്ച സദ്യക്കായി പോവുക.

കുടുംബക്കൂട്ടായ്മകളെ കുറിച്ച് എഴുതാനിക്കുമ്പോൾ നമുക്കു ചുറ്റുമായി ക്രൈസ്തവരായ നാം ഈ നോമ്പുനാളിൽ ഊട്ടി വളർത്തേണ്ട കരുണയുടെ തണലിടങ്ങളെ കുറിച്ച് ചിന്തിക്കാമെന്ന് തോന്നുന്നു. എങ്ങനെ മറ്റുള്ളവരോട് നാം കരുതലുള്ളവരായി മാറുന്നുവെന്ന ചോദ്യത്തിനാകട്ടെ ആദ്യം മറുപടി. എന്റെ സുഹൃത്തായ ഒരു വൈദികൻ ഡൽഹിയിലെ മയൂർ വിഹാർ ഫേസ് ഒന്നിലെ സെന്റ് മേരീസ് പള്ളിയിൽ വികാരിയായി കുറേക്കാലം സേവനമനുഷ്ഠിക്കുകയുണ്ടായി. എന്തിനും ഏതിനും ഒത്തൊരുമയോടെ വൈദികരോടു ചേർന്നു പ്രവർത്തിക്കുന്ന ഒരു ഇടവകാ സമൂഹമാണത്. ഒരു ക്രിസ്മസ് നോമ്പിനു മുന്നോടിയായി ചേർന്ന ഇടവകാ പ്രതിനിധി



" ആരും വ്യക്തിയെന്ന നിലയിലോ സ്വന്തം പ്രയത്നത്താലോ രക്ഷിക്കപ്പെടുന്നില്ല. വ്യക്തിബന്ധങ്ങളുടെ സങ്കീർണമായ ശൃംഖല കണക്കിലെടുത്തുകൊണ്ടാണ് ദൈവം നമ്മെ ആകർഷിക്കുന്നത്. മറ്റുള്ളവരെ ഒഴിവാക്കികൊണ്ടുള്ള പ്രമാണി വർഗ്ഗമല്ല സഭ. മറിച്ച്, ഏവരെയും സ്വീകരിക്കുകയും സ്നേഹിക്കുകയും ക്ഷമിക്കുകയും സുവിശേഷം ജീവിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കൂട്ടായ്മയാണ് അത് "

**– ഫ്രാൻസിസ് മാർപാപ്പ**

യോഗം ചർച്ച ചെയ്തത് കുടുംബങ്ങളിൽ നഷ്ടമാകുന്ന നോമ്പനുഷ്ഠാനം കൂടുതൽ തീവ്രതയോടെ കുടുംബങ്ങളിലേക്ക് എങ്ങനെ തിരികെ കൊണ്ടുവരാം എന്നതായിരുന്നു. ഉരുത്തിരിഞ്ഞ പലവിധ ആശയങ്ങളോടു ചേർത്ത് വികാരിയച്ചൻ മുന്നോട്ടുവച്ച നിർദ്ദേശം ഇപ്രകാരമായിരുന്നു: ഇഷ്ടമുള്ള ഭക്ഷണ പാനീയങ്ങൾ നോമ്പുകാലത്ത് ഉപേക്ഷിക്കുകയും, നോമ്പ് കഴിയുമ്പോൾ നഷ്ടമായ പഴയ ദിനങ്ങളുടെ കണക്ക് തീർത്ത് വാശിയോടെ തിന്നുകയും കുടിക്കുകയും ചെയ്യുന്നത് നോമ്പേയല്ല. നമ്മുടെ ഇഷ്ടങ്ങൾ ത്യാഗത്തോടെ ത്യജിക്കാനാകണം. ഇപ്രകാരം ത്യജിച്ച ഇഷ്ടങ്ങളിലൂടെ സ്വരുക്കൂട്ടുന്ന പണം ദരിദ്രർക്കായി ചിലവഴിക്കുന്നതാണ് യഥാർത്ഥ നോമ്പ്. ഈ നോമ്പ് കാലം മുതൽ നമുക്ക് ഒരു പുതിയ നോമ്പ് സംസ്കാരത്തിന് നാന്ദി കുറിയ്ക്കാം. ഏറെ താൽപ്പര്യത്തോടും ആവേശത്തോടും കൂടെയാണ് പ്രതിനിധി യോഗം ഈ നിർദ്ദേശത്തെ കൈക്കൊണ്ടത്.

മൂന്ന് വർഷമാണ് അച്ചൻ അവിടെയുണ്ടായിരുന്നത്. ആ മൂന്ന് വർഷവും നോമ്പനുഷ്ഠാനത്തിലൂടെ ആ ഇടവകയിൽ ശേഖരിക്കപ്പെട്ട കാരുണ്യനിധി അനേകർക്ക് ആശ്വാസമായി. പ്രധാനമായും നജഫ്ഗട്ടിലുള്ള എം എസ്ടി വൈദികർ നയിക്കുന്ന ദീപ്തി ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കായാണ് ഇപ്രകാരം ശേഖരിച്ച തുക സംഭാവന ചെയ്തത്. ത്യജിക്കുന്നതിൽ നിന്നും മിച്ചം പിടിക്കുന്നത് അപരനായി വ്യയം ചെയ്യുന്ന ശൈലി ഇന്നും അവർ തുടരുന്നു.

കോവിഡ് നാളുകളിൽ തൊഴിൽ നഷ്ടപ്പെട്ടവർ ഏറെയുണ്ട്. കടബാധ്യതകൾ ശ്വാസം മുട്ടിക്കുന്ന കുടുംബങ്ങളുണ്ട്. ഈ മഹാമാരി മൂലം വിവാഹം മുടങ്ങി പോയ യുവതികളുണ്ട്. ഉന്നത വിദ്യാഭ്യാസം പാതിവഴി നിലച്ചവരോ ഇനിയും ആരംഭിക്കാത്തവരോ ഉണ്ട്. സമ്പന്നകുടുംബങ്ങൾ ന്യൂനപക്ഷമാകാം. എങ്കിലും ചെറിയ സഹായങ്ങൾ, നമ്മുടെ ഇഷ്ടങ്ങൾ ബലികഴിച്ച് സ്വരുക്കൂട്ടുവാൻ നമുക്ക് കഴിയില്ലേ? കഴിയുമെന്ന് എന്റെ ബാല്യകാലത്തിലെ ഒരു സംഭവം കൂടി ഓർമിക്കവേ ഞാൻ തറപ്പിച്ചു പറയട്ടെ.

നേരത്തെ പറഞ്ഞല്ലോ അഞ്ചാം ക്ലാസിലെത്തിയപ്പോൾ ഞാൻ കുളത്തുവയൽ ഹൈസ്കൂളിലെത്തിയ കാര്യം. ചക്കിട്ടപ്പാറയിൽ നിന്ന് ഏതാനും മലകളുടെ നെറുകെ അടിച്ചു പരത്തിയ ഒരു കുറുക്കു വഴിയുണ്ട് കുളത്തുവയലിലേക്ക്. ആ വഴിയിലൂടെയാണ് കുട്ടികളുടെ സ്കൂളിലേക്കുള്ള യാത്ര. ഏകദേശം ഒന്നരമൈലുണ്ട്, നടന്നും ഓടിയും സ്കൂളിലെത്തും. എല്ലാവരും തൂക്കുപാത്രത്തിൽ ഉച്ചഭക്ഷണം കൊണ്ടുവരും. എനിക്ക് ഉച്ചഭക്ഷണം തന്നുവിടുവാൻ വീട്ടിലെ സ്ഥിതി അനുവദിച്ചിരുന്നില്ല. ഉച്ചയ്ക്ക് ബെല്ലടിച്ചാൽ ഞാൻ വീട്ടിൽപോയി ഭക്ഷണം കഴിക്കാനെന്ന മട്ടിൽ ക്ലാസിൽ നിന്നിറങ്ങി ഓടും. ആ കാട്ടുവഴിയിൽ കുറേ നെല്ലിമരങ്ങളുണ്ട്. ചെറിയ നെല്ലിക്കകളായിരുന്നു അധികവും. കുറേ നെല്ലിക്കയും പറിച്ചു തിന്ന് പച്ചവെള്ളവും കുടിച്ച് ഞാൻ വീട്ടിൽ പോയി ഊണ് കഴിച്ചുവെന്ന മട്ടിൽ ക്ലാസിലെത്തും.

ഒരു ദിവസം ക്ലാസിൽ ഞാൻ തലകറങ്ങി വീണു. അന്നത്തെ കണക്ക് ടീച്ചർ എന്നെ സ്റ്റാഫ് മുറിയിലേക്ക് വിളിച്ചുകൊണ്ടുപോയി. ഉച്ചയ്ക്കെന്തു കഴിച്ചുവെന്നു ടീച്ചർ ചോദിച്ചതും ഞാൻ വിതുമ്പി കരയാൻ തുടങ്ങി. പിന്നീട് ടീച്ചറൊന്നും ചോദിച്ചില്ല. ആ വീട്ടമ്മയായ ടീച്ചർക്ക് കൂടുതൽ വിശദീകരണം വേണ്ടിയിരുന്നില്ല. പിറ്റേന്ന് സ്കൂളിലെത്തിയ ഉടനെ ടീച്ചർ വീണ്ടും എന്നെ തേടിയെത്തി. അന്ന് സ്കൂൾ ഗ്രൗണ്ടിനപ്പുറത്ത് ഒരു മഹിളാസമാജം പ്രവർത്തിച്ചിരുന്നു. ഉച്ചയ്ക്ക് സമാജത്തിന്റെ ഓഫീസിൽ വരണമെന്ന് ടീച്ചർ പറഞ്ഞു. ഞാൻ ചെല്ലുമ്പോൾ ചൂടുചോറും പരിപ്പുകറിയും എന്നെ കാത്തിരിക്കുന്നു. ഒരു മാസം കഴിഞ്ഞപ്പോൾ ഉച്ചയൂണ് കഴിക്കാൻ ഞാനടക്കം നാല് കുട്ടികളായി. ഞങ്ങൾക്ക് ഭക്ഷണം തരുന്ന കാര്യം ടീച്ചർ ആരോടും പറഞ്ഞിരുന്നില്ല. ഒരർത്ഥത്തിൽ നമുക്കുചുറ്റുമുള്ള ദരിദ്രരെ കണ്ടെത്താനും അവരോട് കരുതലുള്ളവരാകാനും കഴിയുന്നതിന് അത് കൂടുതൽ പരസ്യപ്പെടുത്താതെ ചെയ്യുന്നതിന് ഈ സംഭവകഥ മാതൃകയാകുമെന്ന് തോന്നുന്നു.

ഈയിടെ ഒരു യുവാവിനെ പരിചയപ്പെട്ടു. ഗൾഫിലായിരുന്നു, കോവിഡ് കാലത്ത് ജോലി നഷ്ടമായി. വിദേശജോലിക്ക് പോകാൻ പണം നൽകി സഹായിച്ച സ്വകാര്യ ബാങ്കിപ്പോൾ അയാളെ ഭീഷണിപ്പെടുത്തുന്നു. രണ്ട് പെൺമക്കളുടെ ടെക്സ്റ്റൈയിൽ ഷോപ്പിലെ ജോലികൊണ്ട് ജീവിതം പുലർത്തിവന്ന മറ്റൊരു കുടുംബം. ഫോണിൽ അവർ ചോദിക്കുന്നു – മക്കളിൽ ഒരാൾക്ക് പാതി ശമ്പളം. മറ്റേയാൾക്ക് ജോലിയുമില്ല. ഞങ്ങൾ എന്തുചെയ്യും? ഓരോ കുടുംബങ്ങൾക്കു മുന്നിലും തൂങ്ങിക്കിടപ്പുണ്ട് ചോദ്യ ചിഹ്നങ്ങൾ. അതിനെല്ലാം മറുപടി നൽകാൻ ഈ നോമ്പ് കാലത്ത് നമ്മുടെ ഇടവകകളിൽ / കുടുംബക്കൂട്ടായ്മകളിൽ അപരനെ കരുതുന്ന ഒരു പുതിയ ജീവിതശൈലിക്ക് തുടക്കമിടേണ്ടേ നമുക്ക്?

കാപട്യവും പൊങ്ങച്ചവും നമ്മുടെ ക്രിസ്തീയ ജീവിതത്തെ കളങ്കിതമാക്കാൻ അനുവദിക്കരുത്. ലോകം മുഴുവൻ ഇന്ന് അനിശ്ചിതത്വത്തിന്റെ മുൾമുനയിലാണ്. ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാല സന്ദേശത്തിൽ വിശ്വാസവും പ്രത്യാശയും സ്നേഹവും നവീകരിക്കുന്നതിനുള്ള കാലമായി ഈ ഉപവാസ ദിനങ്ങളെ രൂപാന്തരപ്പെടുത്തണമെന്ന് ആഹ്വാനം ചെയ്തിട്ടുണ്ട്.

ലോകത്തിനു മുമ്പിൽ യേശുശിഷ്യരായി ജീവിക്കാൻ നമുക്ക് ലഭിക്കുന്ന സുവിശേഷ ദിനങ്ങളാണ് നോമ്പുകാലം. വിശ്വാസത്തിന്റെ ഏതോ ഇടവഴികളിൽ വ്യക്തിപരമായ ജീവിതവിശുദ്ധിയിലൂടെ വിശുദ്ധരാകമെന്ന തോന്നൽ നമ്മെ നയിച്ചേക്കാം. ഓരോ ഇടവകയിലും വിശ്വാസത്തിന്റെ വ്യാജമായ ആത്മീയ കളരികൾ രൂപപ്പെടാനും സാധ്യതയുണ്ട്. ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ കേൾക്കൂ – "ആരും വ്യക്തിയെന്ന നിലയിലോ സ്വന്തം പ്രയത്നത്താലോ രക്ഷിക്കപ്പെടുന്നില്ല. വ്യക്തിബന്ധങ്ങളുടെ സങ്കീർണമായ ശൃംഖല കണക്കിലെടുത്തുകൊണ്ടാണ് ദൈവം നമ്മെ ആകർഷിക്കുന്നത്. മറ്റുള്ളവരെ ഒഴിവാക്കിക്കൊണ്ടുള്ള പ്രമാണി വർഗ്ഗമല്ല സഭ, മറിച്ച് ഏവരെയും സ്വീകരിക്കുകയും സ്നേഹിക്കുകയും ക്ഷമിക്കുകയും സുവിശേഷം ജീവിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കൂട്ടായ്മയാണ്."

**സ്വർഗ്ഗത്തിൽ 7-ാം പിറന്നാൾ**

(10-03-2021)



**ജോസഫ് കുടിലിങ്കൽ**

**കുണ്ടായിത്തോട്, കോഴിക്കോട്**

**പ്രാർത്ഥനയോടെ... ഭാര്യ: പൗളിൻ ജോസ്**

**മക്കൾ: ആൽഫി മരിയ, ഫ്രാൻസി മരിയ**

**മരുമകൻ: ജെറി മാത്യു**

# ആരറിയുന്നു കർഷക നൊമ്പരം?

കർഷകരെച്ചൊല്ലിയുള്ള ആകുലത സദാ തുടിച്ചുനിൽക്കുകയാണ് തങ്ങളുടെ മനസിലെന്ന് ആണയിടുന്നു കേന്ദ്ര ഭരണ നേതൃത്വം. അതേ സമയം പുതുതായി മുന്നോട്ടുവച്ചിരിക്കുന്ന നിയമ നിർമ്മാണം ഉൾപ്പെടെയുള്ള കർഷക വിരുദ്ധ നടപടികൾ ഏറുകയാണെന്ന ആക്ഷേപത്തിനു കൃത്യമായ മറുപടി നൽകാനാകുന്നില്ല ഭരണം നിയന്ത്രിക്കുന്നവർക്ക്.

ഇതിനിടെ വർദ്ധിച്ചുവരുന്ന ഇന്ധന വില കർഷക സമൂഹത്തെ അധിക പ്രതിസന്ധിയിലാഴ്ത്തുന്നതും കേന്ദ്ര ഭരണ നേതൃത്വം ഗൗനിക്കുന്നില്ല. ഫിഷിംഗ് ബോട്ടുകളുടെ പ്രവർത്തനച്ചെലവ് കൂടുന്നതിലെ ആശങ്കയിലാണ് മൽസ്യത്തൊഴിലാളി മേഖല. പെട്രോളിനും ഡീസലിനും വില കൂടിയാൽ യാത്രാ – ചരക്കു വാഹനങ്ങളെ മാത്രമാണ് അതു ബാധിക്കുകയെന്ന ധാരണയാണ് മന്ത്രിമാർക്കും



ഉദ്യോഗസ്ഥർക്കുമുള്ളതെന്നു കർഷകർ പറയുന്നു. ട്രാക്ടർ, ബോട്ട്, മറ്റു കൃഷി യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ ചിലവുയരുമെന്ന കാര്യം ആരു ഗൗനിക്കാൻ ?

പെട്രോളിന്റെയും ഡീസലിന്റെയും വില കുതിച്ചുയരുന്നതിനാൽ കാർഷിക മേഖലയിലെ ഉൽപാദനത്തിനു മുന്നോടിയായുള്ള ചെലവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 30 ശതമാനം വർദ്ധിക്കുമെന്നാണ് വിദഗ്ധർ കണക്കാക്കുന്നത്. പഞ്ചാബും ഹരിയാനയും തുടങ്ങി വൻ കൃഷിക്കളങ്ങൾ ധാരാളമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നെടുത്ത വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള കണക്കാണിതെങ്കിലും കേരളവും തമിഴ്നാടും ആന്ധ്രയും തെലുങ്കാനയും കർണാടകവും ഉൾപ്പെടുന്ന ദക്ഷിണ സംസ്ഥാനങ്ങളിലെ കർഷകരുടെ കണക്കുകൂട്ടലുകളും ഇന്ധന വില ഉയർന്നതു മൂലം വല്ലാതെ പാളുന്നു.

പഞ്ചാബിൽ 11 ലക്ഷത്തോളം കാർഷിക കുടുംബങ്ങളുടെ പക്കലായി 5.20 ലക്ഷം ട്രാക്ടറുകളാണുള്ളത്. വിളവെടുപ്പിനും തുടർന്നു കൃഷിയിടങ്ങൾ തയ്യാറാക്കുന്നതിനിടയിലുമായി ഒരു പാടത്ത് വിവിധ തരത്തിലുള്ള ട്രാക്ടർ ഘടിപ്പിച്ച യന്ത്രങ്ങളുപയോഗിച്ചുള്ള പത്തോളം ജോലികൾ ആവശ്യമാണ്. ഓരോ ജോലിക്കും ഡീസൽ ഉപഭോഗ ചെലവിൽ 28.3 ശതമാനം വർദ്ധനവ് ഇത്തവണ കാണക്കാക്കപ്പെടുന്നു.

# നിർദ്ദയം നികുതിക്കൊള്ള

*(പേജ് 6–ൽ നിന്ന് തുടർച്ച)*

മറ്റ് ദക്ഷിണേഷ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ധനവില ഇന്ത്യയിൽ കൂടിയിരിക്കുന്നതിന്റെ പ്രധാന കാരണം ഉയർന്ന കേന്ദ്ര നികുതി നിരക്കാണ്. ആ നികുതി സംസ്ഥാനങ്ങൾക്ക് വീതം വെയ്ക്കുമല്ലോ എന്ന വാദത്തിൽ അത്ര കഴമ്പില്ല. എക്സൈസ് നികുതി മാത്രമേ ധനകാര്യ കമ്മീഷൻ തീർപ്പനുസരിച്ച് വീതം വെയ്ക്കേണ്ടതുള്ളൂ. അതും പിരിക്കുന്നതിന്റെ 42% മാത്രം. കേരളത്തിന് ഇതിലൂടെ ലഭിക്കുന്നത് 1. 943 ശതമാനം മാത്രമാണ്. ഉയർന്ന നിരക്കുള്ള സ്പെഷ്യൽ അഡിഷണൽ എക്സൈസ് ഡ്യൂട്ടി, റോഡ് & ഇൻഫ്രാസ്ട്രക്ച്ചർ സെസ്സ് എന്നിവ സംസ്ഥാനങ്ങളുമായി പങ്കുവെയ്ക്കേണ്ട കാര്യമില്ല.സംസ്ഥാനത്തിന്റേതാണ് മൂന്നാം ഘട്ടം .ഉദാഹരണത്തിന് കേരളം രണ്ടാം ഘട്ടത്തിലെ വിലയിന്മേൽ വിൽപ്പന നികുതിയും അഡിഷണൽ വിൽപ്പന നികുതിയും സെസും പിരിക്കും.

മെയ് മാസത്തിൽ ഇന്ധനങ്ങളുടെ സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി പത്തു രൂപയിൽ നിന്ന് പന്ത്രണ്ടു രൂപയായും ഡീസലിന്റേത് നാലു രൂപയിൽ നിന്നു ഒൻപതു രൂപയുമായും വർധിപ്പിച്ചു. റോഡ് & ഇൻഫ്രാസ്ട്രക്ച്ചർ സെസ്സ് നിലവിലെ പത്തു രൂപയിൽ നിന്നും പതിനെട്ടു രൂപയുമായി ഉയർത്തി. ഈ വർധനയിലൂടെയാണ് അന്തരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വില കുറഞ്ഞതിന്റെ പ്രയോജനം സാധാരണക്കാരന് ലഭിക്കാതെ കേന്ദ്ര സർക്കാർ സ്വന്തമാക്കിയത്. 2020 ൽ രാജ്യത്ത് 8821 കോടി ലിറ്റർ ഡീസലും 3719 കോടി ലിറ്റർ പെട്രോളും ചെലവായെന്നാണ് കണക്ക്.

യുപിഎ ഭരണ കാലത്ത് ഉണ്ടായിരുന്ന നികുതിയാണ് ഈടാക്കിയിരുന്നത് എങ്കിൽ പെട്രോൾ വില ഇപ്പോൾ 44 രൂപ മാത്രമേ വരുമായിരുന്നുള്ളൂ എന്നാണ് ഡോ. ശശി തരൂർ എംപി പറയുന്നത്. ക്രൂഡ് ഓയിൽ വില, ഇന്ത്യയിലെ പെട്രോൾ വില, നികുതി എന്നിവയുടെ കണക്കുകൾ ഉൾപ്പെടുത്തിയിട്ടുള്ള ചാർട്ടുകളുമായാണ് 2014 ജൂണിലേയും 2021 ഫെബ്രുവരിയിലേയും അവസ്ഥ തന്റെ ഫേസ്ബുക്ക് പോസ്റ്റിലൂടെ അദ്ദേഹം താരതമ്യം ചെയ്യുന്നത്.

'ദ ഗ്രേറ്റ് ഇന്ത്യൻ കൊള്ള' എന്നാണ് ഇന്ത്യയിലെ പെട്രോൾ വിലയെ ശശി തരൂർ വിശേഷിപ്പിക്കുന്നത്. പെട്രോളിയം ഉത്പന്നങ്ങളെ ജിഎസ്ടിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഇത്രയും വില വർദ്ധന ഒരിക്കലും ഉണ്ടാകുമായിരുന്നില്ല എന്നും അദ്ദേഹം പറയുന്നു. 2014 ൽ യുപിഎ സർക്കാരിന്റെ കാലത്ത് പെട്രോളിന്റെ അടിസ്ഥാന വിലയുടെ അമ്പത് ശതമാനം നികുതി (വാറ്റും എക്സൈസ് ഡ്യൂട്ടിയും മറ്റ് ചാർജ്ജുകളും ഉൾപ്പെടെ) ആയിരുന്നു ഏർപ്പെടുത്തിയിരുന്നത്. എന്നാൽ ഇന്ന് അത് 200 ശതമാനം ആണ്. പഴയ നികുതി നിരക്കായിരുന്നെങ്കിൽ പെട്രോൾ ഒരു ലിറ്ററിന് വെറും 44 രൂപയ്ക്കു ലഭിക്കുമായിരുന്നു.

അസംസ്കൃത എണ്ണ വിലയിൽ കഴിഞ്ഞ ആറ് വർഷത്തിനിടെ വലിയ ഇടിവാണ് ഉണ്ടായിട്ടുള്ളത്. 2014 ജൂണിൽ അസംസ്കൃത എണ്ണ വില ബാരലിന് 105 ഡോളർ ആയിരുന്നു. 2021 ഫെബ്രുവരിൽ അത് വെറും 50 ഡോളർ ആണ്. 52 ശതമാനം ആണ് വില ഇടിഞ്ഞതെന്ന് ശശി തരൂർ പറയുന്നു.2014 ജൂൺ മാസത്തിൽ ഒരു ലിറ്റർ പെട്രോളിന് ഇന്ത്യയിലെ വില 72 രൂപ ആയിരുന്നു. എന്നാൽ 2021 ഫെബ്രുവരിയിൽ പെട്രോൾ വില 87 രൂപയായി. അന്താരാഷ്ട്ര വിപണിയിലെ വില പാതിയോളം കുറഞ്ഞപ്പോൾ ഇന്ത്യയിൽ പെട്രോൾ വില 21 ശതമാനം കൂടുകയാണ് ചെയ്തത്.

ഇന്ധന വിൽപ്പനയിലൂടെ നികുതി വരുമാനമായി ലഭിക്കുന്ന കോടികളിൽ കുറച്ചെങ്കിലും വേണ്ടെന്നുവയ്ക്കാനുള്ള കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും താൽപര്യക്കുറവ് ജനങ്ങൾക്കു കനത്ത ആഘാതമായി മാറുന്നു. വില നിയന്ത്രിക്കാനുള്ള അടിസ്ഥാന ഉത്തരവാദിത്തം സൗകര്യപൂർവം വിസ്മരിച്ച്, നികുതി കുറയ്ക്കില്ലെന്ന കടുത്ത നിലപാട് തുടരുകയാണ്. ഇന്ധന വിലയിലെ വർദ്ധന അതിൽ മാത്രം ഒതുങ്ങുന്നില്ല. നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ സർവ വസ്തുക്കളുടെയും വിലക്കയറ്റമാണ് ആത്യന്തിക ഫലമെന്ന് അനുഭവങ്ങൾ പഠിപ്പിക്കുന്നു. അതു മനസിലാക്കേണ്ട രാഷ്ട്രീയ പ്രസ്ഥാനവും സർക്കാരും ഇക്കാര്യത്തിൽ ആർക്കും മനസിലാകാത്ത എതിർ വാദങ്ങളാണു നിരത്തിക്കൊണ്ടിരിക്കുന്നത്.

## നിങ്ങളുടെ പാതി ഇവിടെയുണ്ട്

KCBC മലബാർ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വൈദികരുടെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യൻ മാട്രിമോണിയൽ സർവീസ്

- വിധവകൾ/വിഭാര്യർ, വിവാഹമോചനം നേടിയവർ, അംഗപരിമിതർ, സാമ്പത്തിക ബുദ്ധിമുട്ടു അനുഭവിക്കുന്ന സ്ത്രീകൾ എന്നിവർക്കായി പ്രത്യേക വിഭാഗം.
- നിങ്ങൾ തരുന്ന വിവരങ്ങൾ ശേഖരിച്ച് ഉചിതമായ പങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്നു. (വ്യക്തി വിവരങ്ങൾ സുരക്ഷിതമായിരിക്കും)

**നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം** മൊബൈൽ ആപ് /വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുകയോ **85909 90889** ഈ നമ്പറിൽ വിളിക്കുകയോ ചെയ്യുക

- സ്ത്രീകൾക്ക് തികച്ചും സൗജന്യം, പുരുഷന്മാർക്ക് 4 മാസത്തേക്ക് 500 രൂപ മാത്രം. മറ്റു ഫീസുകളില്ല.
- ProLifeMarryയിൽ നിന്ന് പങ്കാളിയെ കണ്ടെത്തുന്ന സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് സാമ്പത്തിക സഹായം.

**വിവാഹ പ്രായമായ ഏവർക്കും സേവനം ലഭ്യം**

ProLifeMarry.com
www.ProlifeMarry.com
6235445544 | 85909 90889
Download Mobile App: tinyurl.com/prolifemarry

# മലബാർ വിഷൻ മാട്രിമോണിയൽ



**താമരശ്ശേരി രൂപത RC യുവാവ്, 27 വയസ്, 175 cm ഉയരം. Bsc Computer Science, MBA. പ്രൈവറ്റ് കമ്പനി മാനേജർ (ഇൻഡോർ, മധ്യപ്രദേശ്). അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. (നഴ്സ് / ടീച്ചർ മുൻഗണന)**
**ഫോൺ:** 9747834657



**പാലക്കാട് രൂപത RC യുവാവ്, 32 വയസ്, 167 cm ഉയരം. ITI, BBA. സൗദിഅറേബ്യയിൽ ലോജിസ്റ്റിക്സ് മാനേജർ. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.**
**ഫോൺ:** 99611 90324, 6238328759



**താമരശ്ശേരി രൂപത RC യുവാവ്, 28 വയസ്, 170 cm ഉയരം. ITI Automobile Engineering. ദുബായിൽ സീനിയർ ഓട്ടോ ടെക്നീഷ്യൻ. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.**
**ഫോൺ:** 9895450655, 9746763873



**താമരശ്ശേരി രൂപത RC യുവതി, 24 വയസ്, 163 cm ഉയരം. വെളുത്ത നിറം. Bcom. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.**
**ഫോൺ:** 04962966002, 04962566002, 9495892285



**താമരശ്ശേരി രൂപത RC യുവാവ്, 32 വയസ്, 168 cm ഉയരം. SSLC. ദുബായിൽ ടെക്നിക്കൽ അസിസ്റ്റന്റ്. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.**
**ഫോൺ:** 6238328759, +971 56 1659557



**താമരശ്ശേരി രൂപത RC യുവാവ്, 32 വയസ്, 175 cm ഉയരം. +2, Hotel Management. സ്വകാര്യ സ്ഥാപനത്തിൽ ജോലി. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.**
**ഫോൺ:** 9946717479, 9497104702



**താമരശ്ശേരി രൂപത RC യുവതി, 25 വയസ്, 172cm ഉയരം. Msc Mathematics. ഇപ്പോൾ B.ed ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.**
**ഫോൺ:** 9446243074, 9497346030

## വിവാഹ പരസ്യങ്ങൾ ഇനി ഫോട്ടോയോടൊപ്പം...

**ജീവിതപങ്കാളിയെ തേടിയുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. മാട്രിമോണിയൽ പരസ്യങ്ങൾ വരൻ/വധുവിന്റെ ഫോട്ടോയൊടുകൂടി പ്രസിദ്ധീകരിക്കും. ഒരു ലക്കത്തിലേക്ക് വിവാഹ പരസ്യം നൽകുന്നതിന് 1000 രൂപയും 2 ലക്കങ്ങളിലേക്ക് 1500 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങളും ഫോട്ടോയും 97 44 99 555 3 എന്ന വാട്സാപ്പ് നമ്പറിലേക്ക് അയയ്ക്കാം. വിവരങ്ങൾക്ക്: 97 44 99 555 2**

Date of Publication:
10 March 2021
● RNI Regn No: KERMAL/2017/73545 ● Registered No: KL/CT/230/2019-2021









Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, calicut-12. Editor: Fr. Benny Alex Karackatt